www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 16 | 2017 APRIL 29 | ₹ 10

## സുകൃതങ്ങൾക്കുള്ള ലോകം

## നീതി പുലരേണ്ട നിയമപാലനം




ശയനത്തിൽ ശ്രദ്ധിക്കേണ്ടത് || റവാതിബ് സുന്നത്തുകളുടെ ശ്രേഷ്ഠത

മതേതര പാർട്ടികൾ മറന്ന് പോകുന്നത് || സന്താനം സ്രഷ്ടാവിന്റെ സമ്മാനം

ഖുർആൻ പഠനത്തോടൊപ്പം പുതുതലമുറയുടെ ധാർമികസംസ്കരണം ലക്ഷ്യമിട്ട്, തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ആരംഭിച്ച മതപഠന സംരംഭമാണ് സ്കൂൾ ഓഫ് ഖുർആൻ. ഒന്നാം ക്ലാസ്സ് മുതൽ അഞ്ചാം ക്ലാസ്സ് വരെ ജാമിഅ അൽ ഹിന്ദിന്റെ മേൽനോട്ടത്തിൽ പ്രാദേശിക കേന്ദ്രങ്ങൾ വഴിയും, അഞ്ചാം ക്ലാസ്സിന് ശേഷം പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ മെയിൻ ക്യാമ്പസിലുള്ള റസിഡൻഷ്യൽ സ്കൂളിലൂടെയും പൂർത്തീകരിക്കുന്ന ലോംഗ് ടേം കോഴ്സാണിത്. ക്രിയാത്മകമായ പരിശീലനം സിദ്ധിച്ച വിദഗ്ധരായ അധ്യാപകരുടെ മേൽനോട്ടത്തിൽ പുതിയ ബാച്ചിന് തുടക്കം കുറിച്ചിരിക്കുന്നു.

## അഡ്മിഷൻ ആരംഭിച്ചു...

جامعة الهند الإسلامية

School Of Qur'an

## സ്കൂൾ ഓഫ് ഖുർആൻ

### സവിശേഷതകൾ:

- ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്
- കേരളത്തിൽ ആദ്യമായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- ഖുർആൻ, ഹദീഥ്, അറബി ഭാഷ, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം തുടങ്ങിയവയിൽ പഠനം
- നിലവിലുള്ള ഖുർആൻ പഠന സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിച്ച കുറ്റമറ്റ സംവിധാനം
- കരിക്കുലമനുസരിച്ച് തയ്യാറാക്കിയ ഡി.വി.ഡികൾ, സോഫ്റ്റ്വെയറുകൾ
- ഖുർആൻ പഠനത്തിന് മൊബൈൽ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സോഫ്റ്റ്വെയർ
- രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം
- തജ്വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഫോളോ അപ്പിനായി വാർഷിക സ്റ്റഡി ട്രാക്കറുകൾ
- ഓഡിയോ - വിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര - കേന്ദ്രീകൃത മൂല്യനിർണയം

**അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി**
**2017 മെയ് 14**

**ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!!**
**പ്രവേശനം നാലര മുതൽ അഞ്ചര വയസ്സ് വരെയുള്ളവർക്ക്...**

### സെന്ററുകൾ

കാസറഗോഡ്: 9995492188 | കാഞ്ഞങ്ങാട്: 9847507310 | തളിപ്പറമ്പ്: 8606776770 | കിണവക്കൽ: 9400083931
വടകര: 9961037934 | കാപ്പാട്: 9846808230 | മഞ്ചേരി: 9846872999 | കോട്ടക്കൽ: 9447624148 | തിരൂർ: 9633099992
പരപ്പനങ്ങാടി: 9947299449 | മാറഞ്ചേരി: 7559955255 | വെങ്കിടങ്ങ്: 9645788599 | ആറ്റിങ്ങൽ: 9497714521

Head Office: School of Qur'an | Jamia Al-Hind Al-Islamiyya | Jamia Campus
Mini Ootty | Oorakam | Malappuram | Kerala | India | PIN 676519
PIN 676519 | PH: +91 8606788882 | www.schoolofquran.in | mail@schoolofquran.com | Follow us:

# നേർപഥം
വാരിക

0016 / 2017 ഏപ്രിൽ 29 / 1438 ശഅബാൻ 2 / പുസ്തകം 01 / ലക്കം 16




# നീതി പുലരേണ്ട നിയമപാലനം

സുഫ്‌യാൻ അബ്ദുസ്സലാം / 10


**മുഖമൊഴി**

പ്രമാണങ്ങൾ കയ്യൊഴിച്ചാൽ... / 05
എഡിറ്റർ

**ക്വുർആൻ പഠനം**

സന്താനം സ്രഷ്ടാവിന്റെ സമ്മാനം / 06
ശമീർ മദീനി

**അഭിമുഖം**

ഫാഷിസം ഭരണഘടനയെ അട്ടിമറിക്കുന്നു / 07
ഇ.ടി മുഹമ്മദ് ബഷീർ എം.പി / കെ.സി നജീബ്

**ബാലപഥം**

സൗഹൃദം / 18
ദുൽക്കർഷാൻ.എ

മൂന്ന് കുട്ടിക്കവിതകൾ / 19
ഉസ്മാൻ പാലക്കാഴി

**ഹദീസ് പാഠം**

അന്നദാതാവിനെ സ്തുതിക്കുക / 25
അബൂ മുഫീദ്

**പാരന്റിംഗ്**

വിശ്വാസ വളർച്ചയുടെ ലളിത മാർഗങ്ങൾ / 29
അശ്‌റഫ് എകരൂൽ

**ലേഖനങ്ങൾ**

പ്രവാചകന്മാർ ബുദ്ധിശാലികൾ / 13
ഹുസൈൻ സലഫി, ഷാർജ

സോഷ്യൽ മീഡിയ നാശത്തിലേക്ക് / 15
അബൂ ഹിലാൽ

വിത്ത് വിതക്കുന്ന ഒഴിവുകാലം / 16
ശമീർ നദ്‌വി ബാലുശ്ശേരി

നല്ല മനസ്സും നല്ല മനുഷ്യനും / 20
ഫദ്‌ലുൽ ഹഖ് ഉമരി

സുകൃതങ്ങൾക്കുള്ള ലോകം / 22
ശബീബ് സ്വലാഹി തിരൂരങ്ങാടി

ശയനത്തിൽ ശ്രദ്ധിക്കേണ്ടത് / 26
മെഹബൂബ് മദനി

റവാതിബ് സുന്നത്തുകളുടെ ശ്രേഷ്ഠത / 32
ശമീർ മുണ്ടേരി

**നമുക്ക് ചുറ്റും**

മതേതര പാർട്ടികൾ മറന്ന് പോകുന്നത് / 34
ഡോ. സി.എം സാബിർ നവാസ്



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com

## വായനക്കാർ എഴുതുന്നു




# ദുർബല വിശ്വാസികൾ

ഏകദേശം അഞ്ചുവർഷം മുമ്പ് അധ്യാപകർക്കുള്ള വേനൽക്കാല കോഴ്സ് നൽകാനുള്ള ആർ. പി മാർക്കുള്ള ട്രെയ്നിംഗ് കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ വെച്ച് നടന്നു വരികയായിരുന്നു. പ്രസിദ്ധമായ പെരളശ്ശേരി ക്ഷേത്രത്തിന്റെ ഹാളിലാണ് കോഴ്സ് നടക്കുന്നത്. ഞാൻ മുൻനിരയിലായതുകൊണ്ട് ക്ഷേത്രത്തിന്റെ അകത്തേക്ക് കയറിപ്പോകുന്ന ആളുകളെ എനിക്കു കാണാം. എന്നെ അത്ഭുതപ്പെടുത്തിയത് ധാരാളം മുസ്‌ലിം സ്ത്രീകൾ പർദയും ധരിച്ച് കൈകളിൽ കാണിക്കയും പിടിച്ച് ക്ഷേത്രത്തിൽ തൊഴുകയും നിർമാല്യം വാങ്ങി സന്തോഷത്തോടെ തിരിച്ചു വരികയും ചെയ്യുന്നു എന്നതാണ്. എന്റെ മനസ്സ് വല്ലാതെ അസ്വസ്ഥമായി. ഏകദൈവ വിശ്വാസികൾക്ക് എങ്ങനെ ഇതിനു സാധിക്കുന്നു!

എന്തു ചെയ്യും? വരുന്നവരോട് സംസാരിക്കണം! എന്തുണ്ട് മാർഗം? വൈകുന്നേരം അഞ്ചു മണിക്ക് വിശ്രമസമയം. ഞാൻ ക്ഷേത്രത്തിന്റെ അടുത്തു തന്നെ നിന്നു. അപ്പോൾ ഒരു മുസ്‌ലിം കുടുംബം ഓട്ടോറിക്ഷയിൽ വന്നിറങ്ങി. അമുസ്‌ലിമായ ഓട്ടോ ഡ്രൈവർ കുടുംബത്തിലെ സ്ത്രീയെയും 18 വയസ്സ് തോന്നിക്കുന്ന യുവതിയെയും കൊണ്ട് നേരെ പൂജാരിയുടെ അടുക്കലേക്ക് പോയി. കുടുംബനാഥൻ അവിടെ നിന്നു.

ഞാൻ സലാം പറഞ്ഞു അടുത്തേക്ക് ചെന്നു. അദ്ദേഹം സലാം മടക്കി. എന്തിനാണ് ഇവിടെ വന്നതെന്ന് അദ്ദേഹത്തോട് ചോദിച്ചു. 'നാഗ ശല്യം പരിഹരിക്കാൻ' എന്നദ്ദേഹം പറഞ്ഞു. ശ്രീകണ്ഠാപുരത്തിന്നടുത്ത് പഴയങ്ങാടിലാണ് താമസം. നാഗശല്യത്തിന്നു കാരണം വളപ്പ് വൃത്തിയാക്കുമ്പോൾ പാമ്പിനെ പണിക്കാരൻ കൊന്നതാണ്. അതിന്നു ശേഷം മൂത്ത മകൾക്ക് മാനസിക പ്രശ്നങ്ങൾ. അവളെയും കൊണ്ട് ഉള്ളാളത്ത് പോയി. അരപ്പവൻ സ്വർണവും കുറച്ചു രൂപയും ചെലവഴിച്ചു. തങ്ങളുടെ മന്ത്രം കൊണ്ട് സുഖമായി. ആറു മാസം കഴിഞ്ഞപ്പോൾ ചെറിയ മകൾക്ക് മാനസിക പ്രശ്നങ്ങൾ ഉണ്ടായി. നാഗകോപം ശാശ്വതമായി പരിഹരിക്കാൻ നമ്മുടെ തങ്ങന്മാരെക്കാൾ നല്ലത് പൂജാരികളാണ്... അദ്ദേഹം വിശദീകരിച്ചു!

ഒരു മാസം മുമ്പ് ഞാൻ ഇവിടെ വന്നിരുന്നു. പൂജാരി ചില ഹോമങ്ങൾ ചെയ്യുകയും വീട്ടിൽ ചില കർമങ്ങൾ നടത്താൻ നിർദേശിക്കുകയും ചെയ്തു. ഒരു മാസത്തിന്നു ശേഷം തളിപ്പറമ്പ് തൃച്ചമ്പലത്തിൽ വെള്ളി കൊണ്ടുള്ള ഒരു മനുഷ്യരൂപവും നിലാമുറ്റം പള്ളിയിൽ മൂന്ന് ഇളനീരും പെരളശ്ശേരി ക്ഷേത്രത്തിൽ വെള്ളിയുടെ നാഗത്തെയും കൊണ്ടുവരാൻ പറഞ്ഞിരുന്നു. അങ്ങനെ ഇന്നു രാവിലെ തളിപ്പറമ്പ് തൃച്ചമ്പലത്തിലും പിന്നീട് ഇരിക്കൂർ നിലാമുറ്റം പള്ളിയിലും പോയി. ഇപ്പോൾ വെള്ളി നാഗത്തെ സമർപ്പിക്കാൻ വന്നിരിക്കുകയാണ്...അദ്ദേഹം പറഞ്ഞു.

"പ്രയാസങ്ങളും പ്രശ്നങ്ങളും ഉണ്ടാകുമ്പോൾ അല്ലാഹുവിനോടാണ് പറയേണ്ടത്, ഈമാൻ കാര്യങ്ങളിൽ ആറാമത്തേത് നന്മയും തിന്മയും അല്ലാഹുവിന്റെ അടുക്കൽ നിന്നാണ് എന്നാണല്ലോ. പിന്നെ നിങ്ങൾ ഇങ്ങോട്ട് വന്നത് ശരിയായില്ല" എന്നു ഞാൻ പറഞ്ഞു.

നിർബന്ധ നമസ്കാര ശേഷം 'അല്ലാഹുവേ! നീ നൽകുന്നത് തടയുവാനോ നീ തടയുന്നത് നൽകുവാനോ ഒരാളുമില്ല' എന്ന് നാം പറയാറില്ലേ? അപ്പോൾ തങ്ങൾക്കും പൂജാരിക്കും അതിന്നു സാധ്യമല്ല'- അയാളുടെ അകക്കണ്ണ് തുറന്നേക്കുമെന്ന പ്രതീക്ഷയിൽ ഞാൻ പറഞ്ഞു.

അല്ലാഹുവിനോട് മാത്രമെ പ്രാർഥിക്കാൻ പാടുള്ളു എന്നതിന് ചില ക്വുർആൻ സൂക്തങ്ങൾ ഞാൻ ഓതിക്കേൾപിച്ചു. "നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപിക്കുന്ന പക്ഷം അവനൊഴികെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്ന പക്ഷം അവന്റെ അനുഗ്രഹം തട്ടി മാറ്റാൻ ഓരാളുമില്ല" എന്ന സൂറത്തു യൂനുസിലെ 107-ാം വചനം കേൾപിച്ച ശേഷം 'ഇതാണ് അല്ലാഹുവും റസൂലും പഠിപ്പിച്ചത്' എന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മറുപടി 'നിങ്ങൾക്ക് പറഞ്ഞാൽ മതി, പ്രയാസങ്ങൾ അനുഭവിക്കുന്നത് ഞങ്ങളല്ലേ' എന്നായിരുന്നു.

അപ്പോഴേക്കും അദ്ദേഹത്തിന്റെ ഭാര്യയും മകളും നേർച്ച പൂർത്തിയാക്കിയ സംതൃപ്തിയിൽ ഓട്ടോയിൽ കയറി; എന്നെ തുറിച്ചു നോക്കിക്കൊണ്ട് അദ്ദേഹവും.

"അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം അവൻ ആകാശത്തു നിന്ന് വീണത് പോലെയാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചിക്കൊണ്ടു പോകുന്നു. അല്ലെങ്കിൽ കാറ്റ് അവനെ വിദൂരസ്ഥലത്തേക്ക് കൊണ്ടുപോയി തള്ളുന്നു" (ക്വുർആൻ 22:31).

ശിർക്കിനും അന്ധവിശ്വാസങ്ങൾക്കുമെതിരെ നിരന്തരം ശബ്ദിക്കുന്ന 'നേർപഥ'ത്തിന് അഭിനന്ദനങ്ങൾ.

**- നാസിർ സ്വലാഹി**

മുഖമൊഴി

# പ്രമാണങ്ങൾ കയ്യൊഴിച്ചാൽ...

മനുഷ്യരായ നാം ഈ ലോകത്തേക്കു വന്നത് നമ്മുടെ അനുവാദത്തോടു കൂടിയല്ല. ഇന്നോ നാളെയോ നാം ഈ ലോകത്തോടു യാത്ര പറയേണ്ടിവരും. അതും നമ്മുടെ അനുവാദത്തോടെയോ ഇഷ്ടത്തോടെയോ ആകില്ല. അതുകൊണ്ടുതന്നെ നമ്മുടെ ജീവിതവും മരണവും നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സ്രഷ്ടാവായ അല്ലാഹുവിന്റെ മതത്തിന്റെ നിയമങ്ങളും നിർദേശങ്ങളും കൽപനകളും അനുസരിച്ചു ജീവിക്കുവാൻ നാം തയാറായില്ലെങ്കിൽ കത്തിയാളുന്ന നരകാഗ്നിയുടെ അവകാശികളായി നാം മാറും.

അല്ലാഹുവിനെ മാത്രം ആരാധിക്കുവാൻ കൽപിക്കപ്പെട്ടവരാണ് മനുഷ്യർ. അല്ലാഹു പറയുന്നു: "ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ..." (ക്വുർആൻ 2: 21).

അതുകൊണ്ടുതന്നെ ആരാധനയുടെ പരിധിയിൽ വരുന്ന യാതൊന്നും അല്ലാഹുവിനല്ലാതെ അർപ്പിക്കാൻ പാടില്ല. പ്രാർഥനയാകുന്നു ആരാധനയുടെ ആത്മസത്ത. ഒരു സത്യവിശ്വാസി അല്ലാഹുവിനോടല്ലാതെ ഏതു ഘട്ടത്തിലും പ്രാർഥിക്കാൻ പാടില്ല. അല്ലാഹുവല്ലാത്തവരെ വിളിച്ചു പ്രാർഥിച്ചാൽ-അമ്പിയാക്കളോടായാലും ഔലിയാക്കളോടായാലും ശരി- അത് വമ്പിച്ച തെറ്റാണെന്നും അത്തരത്തിൽ അല്ലാഹുവിൽ പങ്കുചേർക്കുന്നത് (ശിർക്ക് ചെയ്യുന്നത്) അല്ലാഹു ഒരിക്കലും പൊറുക്കില്ലെന്നും അവർക്ക് നരകം ഉറപ്പാണെന്നും അല്ലാഹു വിശുദ്ധ ക്വുർആനിലൂടെ കൃത്യമായി പഠിപ്പിച്ചിട്ടുണ്ട്:

"നിന്നോട് എന്റെ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്..." (2:186).

"തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്..." (4:48).

"തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) പങ്കാളിയെ ചേർക്കുന്നപക്ഷം തീർച്ചയായും നിന്റെ കർമം നിഷ്ഫലമായിപ്പോകുകയും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും" (39:65).

വിശുദ്ധ ക്വുർആനിന്റെ വിശദീകരണമാണ് സുന്നത്ത് അഥവാ നബിചര്യ. നബിﷺയെ അനുസരിക്കൽ നമ്മുടെ ബാധ്യതയാണ്. അല്ലാഹു പറയുന്നു:

"പറയുക; നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുവിൻ.." (3:32).

"ആർ അല്ലാഹുവെയും അവന്റെ റസൂലിനെയും ധിക്കരിക്കുകയും അവന്റെ (നിയമ)പരിധികൾ ലംഘിക്കുകയും ചെയ്യുന്നുവോ അവനെ അല്ലാഹു നരഗാഗ്നിയിൽ പ്രവേശിപ്പിക്കും. അവനതിൽ നിത്യവാസിയായിരിക്കും. അപമാനകരമായ ശിക്ഷയാണ് അവനുള്ളത്" (4:14).

നബിﷺ പഠിപ്പിക്കാത്ത യാതൊന്നും ദീനിന്റെ കാര്യമായി പരിഗണിക്കാനും ആചരിക്കാനും പാടില്ല. അത് മതത്തിൽ കടത്തിക്കൂട്ടലാണ്. അതിനാണ് ബിദ്അത്ത് എന്ന് പറയുന്നത്. സ്വർഗത്തിലേക്ക് നമ്മെ അടുപ്പിക്കുന്നതും നരകത്തിൽനിന്ന് നമ്മെ അകറ്റുന്നതുമായ എല്ലാ കാര്യങ്ങളും നബിﷺ നമ്മെ അറിയിച്ചു തന്നിട്ടുണ്ട്. അവ ഏതെന്ന് പഠിച്ചു മനസ്സിലാക്കി ജീവിക്കലാണ് നമ്മുടെ ബാധ്യത. നല്ലതല്ലേ എന്നു പറഞ്ഞ് പുതിയ ആരാധനകൾ മതത്തിൽ കടത്തിക്കൂട്ടിയാൽ നമ്മൾ നരകാവകാശികളായി മാറും.

മരണം ഉറപ്പാണ്. നരകം യാഥാർഥ്യമാണ്. നമ്മുടെ ക്വബ്റിലും പരലോകത്തും നമുക്ക് തുണയായുണ്ടാകുക നമ്മുടെ സൽകർമങ്ങൾ മാത്രമാണ്. ഉറ്റവരും ഉടയവരും നേതാക്കളുമൊന്നും അവിടെ നമ്മെ സഹായിക്കാനെത്തില്ല. അതുകൊണ്ട് പ്രമാണങ്ങളിലൂടെ ഇസ്‌ലാമിനെ മനസ്സിലാക്കുക. ഒരുപാട് ആളുകൾ ചെയ്യുന്നുണ്ട്, അല്ലെങ്കിൽ കാക്കകാരണവന്മാരൊക്കെ ചെയ്തതാണ് എന്നതൊന്നും മതത്തിൽ തെളിവല്ല. മതം പഠിപ്പിക്കുവാൻ അല്ലാഹു നിയോഗിച്ച മുഹമ്മദ് നബിﷺയിലാണ് നമുക്ക് മാതൃകയുള്ളത്. ആ മാതൃക പിൻപറ്റി ജീവിച്ചാൽ നാം രക്ഷപ്പെടും. അല്ലെങ്കിൽ പരാജയപ്പെടും. അല്ലാഹു നമ്മെ ഇരുലോക വിജയം ലഭിക്കുന്നവരുടെ കൂട്ടത്തിൽ ഉൾപെടുത്തുമാറാകട്ടെ- ആമീൻ.

ശമീർ മദീനി
shameermadeeni@gmail.com

ക്വുർആൻ പഠനം

# സന്താനം സ്രഷ്ടാവിന്റെ സമ്മാനം

لِّلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ يَخْلُقُ مَا يَشَآءُ ۚ يَهَبُ لِمَن يَشَآءُ إِنَٰثًا وَيَهَبُ لِمَن يَشَآءُ ٱلذُّكُورَ ﴿٤٩﴾ أَوْ يُزَوِّجُهُمْ ذُكْرَانًا وَإِنَٰثًا ۖ وَيَجْعَلُ مَن يَشَآءُ عَقِيمًا ۚ إِنَّهُۥ عَلِيمٌ قَدِيرٌ ﴿٥٠﴾

**"അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തി കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവജ്ഞനും സർവശക്തനുമാകുന്നു" (ക്വുർആൻ 42:49,50).**

സന്താനമോഹം മനുഷ്യസഹജമാണ്. വിവാഹം കഴിഞ്ഞ് രണ്ടോ മൂന്നോ വർഷമാകുമ്പോഴേക്കും മക്കളുണ്ടാവാതിരുന്നാൽ ചില ദമ്പതികൾക്കുണ്ടാകുന്ന അസ്വസ്ഥതകളും വിഷമങ്ങളും നാം കാണാറുള്ളതാണ്. വീണ്ടുമത് ദീർഘിച്ചുപോയാൽ നിരാശരായി ആത്മഹത്യക്ക് വരെ മുതിരുന്ന അവസ്ഥാ വിശേഷവും കുറവല്ല. തനിക്ക് പിന്തുടർച്ചക്കാരുണ്ടാകുവാനുള്ള മനുഷ്യന്റെ നിഷ്‌കളങ്കളമായ കൊതിയാണ് നമുക്കവിടെ ദർശിക്കുവാൻ കഴിയുന്നത്. ദൈവികസന്ദേശങ്ങളുടെ വാഹകരായിരുന്ന മാതൃകാപുരുഷന്മാരായ പ്രവാചകന്മാർ പോലും സന്താനങ്ങൾക്കായി കൊതിക്കുകയും ക്ഷമയോടെ പ്രാർഥിക്കുകയും ചെയ്തതായി ക്വുർആൻ ഉണർത്തുന്നുണ്ട്.

"അവിടെ വെച്ച് സകരിയ്യ തന്റെ രക്ഷിതാവിനോട് പ്രാർഥിച്ചു: എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ പക്കൽ നിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർഥന കേൾക്കുന്നവനാ ണല്ലോ എന്ന് അദ്ദേഹം പറഞ്ഞു"(3:38).

മറ്റൊരു പ്രവാചകനായ ഇബ്‌റാഹീം(عليه السلام) പ്രാർഥിച്ചത് ഇങ്ങനെയാണ്:

"എന്റെ രക്ഷിതാവേ, സദ്‌വൃത്തരിൽ ഒരാളെ നീ എനിക്ക് (പുത്രനായി) പ്രദാനം ചെയ്യേണമേ" (37:100).

മക്കളെ ദൈവത്തിന്റെ ദാനമായിട്ടാണ് ക്വുർആൻ പരിചയപ്പെടുത്തിയത്. അത് കൊണ്ട് നന്ദിയോടെ അതിനെ സ്വീകരിക്കാൻ കഴിയണം. ആണായാലും പെണ്ണായാലും അതിൽ സംതൃപ്തിയും സന്തോഷവുമാണ് നന്ദിയുള്ള ദാസന്മാർക്ക് വേണ്ടത്. മറിച്ച് നമ്മുടെ ആഗ്രഹത്തിന് വിരുദ്ധമായി പിറക്കാനിരിക്കുന്നത് പെണ്ണാണെന്നറിഞ്ഞാൽ (ഗർഭാവസ്ഥയിൽ തന്നെ ലിംഗനിർണയം നടത്തി) ജനിക്കാനുള്ള അവകാശം പോലും നിഷേധിച്ചുകൊണ്ടുള്ള ഭ്രൂണഹത്യകൾ ഇസ്‌ലാമിക ദൃഷ്ട്യാ കൊടും ക്രൂരതയും പാപവുമാണ്. പെൺകുഞ്ഞ് പിറക്കുന്നത് അപമാനമായി കണ്ടിരുന്ന ഒരു കാലത്ത് നബി(ﷺ) പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക: "ആരെങ്കിലും രണ്ട് പെൺകുട്ടികളെ പ്രായപൂർത്തിയെത്തുന്നത് വരെ സംരക്ഷിച്ച് വളർത്തിയാൽ പരലോകത്ത് അയാൾ എന്നോടൊപ്പം സ്വർഗത്തിലായിരിക്കും" (മുസ്‌ലിം).

പെൺമക്കൾക്ക് ജനിക്കാനുള്ള അവസരം പോലം നിഷേധിച്ചുകൊണ്ട് ഭ്രൂണഹത്യക്ക് മുതിരുന്ന ആധുനിക തലമുറയും ഈ പ്രവാചകവചനം ഓർക്കേണ്ടതുണ്ട്. മനുഷ്യരുടെ ആഗ്രഹങ്ങൾക്ക് വിരുദ്ധമായി പെണ്ണും ആണും വിരൂപികളുമൊക്കെയായി സന്താനങ്ങൾ പിറക്കുമ്പോൾ ദൈവത്തിന്റെ നിശ്ചയവും തീരുമാനവുമാണവിടെ നടക്കുന്നതെന്നും മനുഷ്യന്റെ ദുർബലതയും നിസ്സഹായതയും തിരിച്ചറിയുകയും ചെയ്യേണ്ടതുണ്ട്.

അതിനാൽ സന്താനങ്ങളില്ലാത്തവർ തങ്ങളുടെ സന്താന മോഹങ്ങൾ പൂവണിയുന്നതിന് ദുർബലരായ സൃഷ്ടികളോട് പ്രാർഥിക്കുകയോ അവരുടെ സമാധികളിലേക്ക് നേർച്ച വഴിപാടുകളർപ്പിക്കുകയോ അല്ല, പ്രത്യുത ദൈവദൂതന്മാരുടെ വിശുദ്ധപാത പിൻപറ്റി സർവശക്തനായ അല്ലാഹുവിനോട് നിഷ്‌കളങ്കമായി പ്രാർഥിക്കുകയാണ് വേണ്ടത്.

ഇ.ടി മുഹമ്മദ് ബഷീർ എം.പി
കെ.സി നജീബ്

**കുവൈത്ത് കേരള ഇസ്‌ലാഹീ സെന്റർ സംഘടിപ്പിച്ച നാലാമത് ഇസ്‌ലാമിക് സെമിനാറിലെ മുഖ്യാതിഥിയായി കുവൈത്തിലെത്തിയ ഇന്ത്യൻ പാർലമെന്റംഗം ബഹു. ഇ.ടി. മുഹമ്മദ് ബഷീർ സാഹിബുമായി നജീബ് കെ.സി നടത്തിയ അഭിമുഖം.**



# ഫാഷിസം ഭരണഘടനയെ അട്ടിമറിക്കുന്നു

*അടുത്തിടെ താങ്കളുടെ ശ്രദ്ധേയമായ ഇടപെടലുണ്ടായ വിഷയമാണല്ലോ എൻ.ഐ.എ തടങ്കലിലാക്കിയ ഹനീഫ് മൗലവിയുടെ വിഷയത്തിൽ നിയമസംവിധാനങ്ങളുപയോഗിച്ച് ജാമ്യം നേടിയെടുത്തത്. എന്നാൽ രാജ്യത്ത് ധാരാളം മുസ്‌ലിം ചെറുപ്പക്കാർ ഇതുപോലെ കുറ്റാരോപിതരായി അന്യായത്തടവിൽ കഴിയുന്നുണ്ടെന്നാണ് അറിവ്. അവരുടെ കാര്യത്തിൽ എന്തു ചെയ്യാൻ സാധിക്കും? പ്രത്യേകിച്ചും ഇത്തരം അന്യായം ആവർത്തിക്കാതിരിക്കാനുള്ള നിയമപരമായ മുൻകരുതലുകൾക്കുള്ള സാധ്യത എന്താണ്?*

ഇത് ഞാൻ കുറച്ചു ദിവസങ്ങളായി സ്വയം ചോദിച്ചു കൊണ്ടിരിക്കുന്ന ഒരു ചോദ്യമാണ്. നിലവിൽ തടവിലുള്ളവരുടെ വിഷയത്തിൽ നിയമപരമായ ഒരു സാധ്യത കാണുന്നുണ്ട്. വിചാരണത്തടവുകാരുടെ കാര്യത്തിൽ സുപ്രീം കോടതിയുടെ ഒരു ജഡ്ജ്മെന്റ് നിലവിലുണ്ട്. അതായത്, വിചാരണത്തടവുകാരിൽ ചുമത്തപ്പെട്ട കുറ്റത്തിന് ലഭിക്കാവുന്ന പരമാവധി ശിക്ഷയുടെ പകുതി പിന്നിട്ടവരെയെല്ലാം മോചിപ്പിച്ച് കോടതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ എന്തു നടപടിയാണ് എടുത്തിട്ടുള്ളതെന്ന് ഇതുവരെ വ്യക്തമാക്കിയിട്ടില്ല. ഞാൻ കരുതുന്നു, ഇത് നിയമപരമായ ഒരു സാധ്യതയാണ്. വിശദാംശങ്ങൾ അഭിഭാഷകരുമായി കൂടിയാലോചിക്കേണ്ടതുണ്ട്. ഈ വിധി പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന കാര്യത്തിൽ ഒരു ക്ലാരിഫിക്കേഷൻ ആവശ്യപ്പെട്ടുകൊണ്ട് കോടതിയെ സമീപിച്ചാൽ കോടതി അതിലൊരു നടപടിയെടുക്കുമെന്ന് വിചാരിക്കുന്നു. സാധിക്കുമെങ്കിൽ, ഇത് നിയമപരമായ നീക്കത്തിനുള്ള ഒരു വഴിയാണ്. ധാരാളമാളുകൾ ഇത്തരത്തിൽ തടവിൽ കഴിയുന്നുണ്ട്. കേരളത്തിൽ നിന്ന് കുറവാണ്. ഏറ്റവുമധികമുള്ളത് ഉത്തർപ്രദേശിൽ നിന്നാണ്.

*ഇരുപത്തിമൂന്നു വർഷം തടവിലിട്ട ശേഷം കുറ്റമൊന്നുമില്ലാതെ വെറുതെ വിട്ട സംഭവങ്ങളൊക്കെയുണ്ടല്ലോ?*

എത്രയോ സംഭവങ്ങളുണ്ട്. അധികവും ജഡ്ജ്മെന്റ് വരുമ്പോൾ നിരപരാധിയെന്ന് കണ്ട് വിട്ടയച്ചവയാണ്. ഹനീഫ് മൗലവിയുടെ പേരിലുള്ള കേസിനൊന്നും യാതൊരു അടിസ്ഥാനവുമില്ല. കേരളത്തിൽനിന്ന് തിരോധാനം ചെയ്ത ചെറുപ്പക്കാരിലൊരാളുടെ പിതാവ് മജീദ് കൊടുത്ത ഒരു പെറ്റീഷനാണ് കേസിന്റെ അവലംബം. അയാൾ ചാനലുകളോട് പറഞ്ഞു, എന്നെയും വിളിച്ച് പറഞ്ഞിരുന്നു, ഹനീഫ് മൗലവിക്കെതിരെ അയാളൊന്നും പറഞ്ഞിട്ടില്ലെന്ന്. മകനെ മതം പഠിപ്പിച്ചത് ഹനീഫ് മൗലവിയാണെന്ന് പറഞ്ഞത് ശരിയാണ്; ബാക്കിയെല്ലാം എൻ.ഐ.എ. എഴുതിക്കൊണ്ടുവന്ന് നിർബന്ധിച്ച് ഒപ്പിടുവിച്ചതാണ് എന്നാണ് പറഞ്ഞത്.

അതുപോലെ നിരപരാധികളായി ഒരുപാടാളുകൾ ഇനിയുമുണ്ട്. പല ഘട്ടങ്ങളിലായി പാർലമെന്റിൽ ഇക്കാര്യം ഞാൻ ഉന്നയിച്ചിട്ടുണ്ട്. പരപ്പനങ്ങാടിയിലെ സകരിയ്യയുടെ കാര്യം, മഅ്ദനിയുടെ കാര്യം ഒക്കെ ഉന്നയിച്ചിട്ടുണ്ട്. പാർലമെന്റിന്റെ ശ്രദ്ധയിലും ചർച്ചയിലും വിഷയം വന്നിട്ടുണ്ട്. നിയമപരമായി കുറേക്കൂടി കാര്യങ്ങൾ ചെയ്താൽ ഒരു പരിഹാരമുണ്ടാകുമെന്ന പ്രതീക്ഷയുണ്ട്. ഇൻശാ അല്ലാഹ് അതിനു വേണ്ടി പരിശ്രമിക്കും.

*രാജ്യത്ത് ഫാഷിസം നിയമങ്ങളെ അതിലംഘിച്ചുകൊണ്ട് സമുദായത്തിനെതിരെ വെല്ലുവിളി തുടരുകയും ദേശീയതയുടെ ആവരണമണിയിച്ച് കാര്യങ്ങളെ തെറ്റിധരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുകയാണല്ലോ. മുസ്‌ലിം സമുദായം എങ്ങനെയാണ് ഇതിനെ നേരിടേണ്ടത്?*

നിയമങ്ങൾ ലംഘിക്കുന്നു എന്നതിലുപരി ഇന്ത്യയിൽ ഫാഷിസ്റ്റുകൾ ഭരണഘടനയെത്തന്നെ ലംഘിക്കുകയാണ് ചെയ്യുന്നത്. ഭരണഘടനക്ക് ചില അടിസ്ഥാന പ്രമാണങ്ങളുണ്ട്. സെക്യുലർ ഡെമോക്രസി അഥവാ മതേതര ജനാധിപത്യം എന്ന ആശയത്തിലധിഷ്ഠിതമാണ് നമ്മുടെ ഭരണഘടന. അതിൽ വളരെ ശ്രദ്ധേയമായ ചില ആർട്ടിക്ക്ൾസ് ഉണ്ട്. ആർട്ടിക്ക്ൾ 25: ഫ്രീഡം ഓഫ് ഫെയ്ത്ത് (വിശ്വാസ സ്വാതന്ത്ര്യം), ആർട്ടിക്ക്ൾ 14: ഇക്വാലിറ്റി (തുല്യത), ആർട്ടിക്ക്ൾ 15: വിദ്യാഭ്യാസം തുടങ്ങിയ അവസരങ്ങളിലെ സംവരണം, ആർട്ടിക്ക്ൾ 30: വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള സ്വാതന്ത്ര്യം എന്നിങ്ങനെ ന്യൂനപക്ഷങ്ങളുടെ

**പാർലമെന്ററി ജനാധിപത്യം നിലനിൽക്കുന്ന ഒരു രാജ്യത്ത് പൗരന്റെ കൈയിലുള്ള ഏറ്റവും ശക്തമായ ആയുധം ബാലറ്റാണ്. അതിനെ വിവേകപൂർവം ഉപയോഗപ്പെടുത്തുന്ന ഒരു സ്ഥിതിയിലേക്ക് വന്നാലേ ഇപ്പോഴത്തെ അവസ്ഥക്ക് ശരിയായ പരിഹാരമുണ്ടാവൂ. ഇപ്പോൾ സ്വന്തം വോട്ടുകൾ പലർക്കും വീതിച്ചുകൊടുത്ത് തങ്ങളുടെ കടമ നിർവഹിച്ചു എന്ന മട്ടിലാണ് ഉത്തരേന്ത്യൻ മുസ്‌ലിംകൾ. അവരുടെ വോട്ടുകൊണ്ട് വില പേശുന്നില്ല.**



അവകാശങ്ങളുമായി ബന്ധപ്പെട്ടും നീതിനിഷേധം തടയാനുദ്ദേശിച്ചും തുല്യ അവസരം ഉറപ്പുവരുത്തുന്നതുമായി ധാരാളം വകുപ്പുകൾ ഭരണഘടനയിലുണ്ട്. അതിനെയെല്ലാം ഇവർ നിർദാക്ഷിണ്യം ലംഘിക്കുകയാണ്.

ഉദാഹരണത്തിന്, ഇന്ത്യയിൽ വിഷം വമിക്കുന്ന പരാമർശങ്ങൾ നടത്തുന്ന ധാരാളം ചാനലുകളുണ്ട്. പക്ഷേ, ഈയിടെ ഇന്ത്യയിൽ പീസ് ടി.വി നിരോധിച്ചു. സോഷ്യൽ മീഡിയയുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ ഗവൺമെന്റിന് അധികാരം നൽകിക്കൊണ്ട് ഐ.ടി. നിയമത്തിൽ കൊണ്ടുവന്ന ഭേദഗതി സുപ്രീം കോടതി ദുർബലപ്പെടുത്തിയത് രാജ്യത്ത് അഭിപ്രായ സ്വാതന്ത്ര്യം നിലനിൽക്കുന്ന കാലത്ത് ഇത്തരം നിയന്ത്രണങ്ങൾ ഏർപെടുത്താനാവില്ലെന്ന് പറഞ്ഞുകൊണ്ടാണ്. അങ്ങനെയുള്ള നാട്ടിൽ പീസ് ടി.വി മാത്രമല്ല, സാകിർ നായികിന്റെ വെബ്സൈറ്റ് വരെ നിരോധിച്ചിരിക്കുകയാണ്. നിയമപരവും ഭരണഘടനാപരവുമായ എല്ലാ അനുകൂല സാഹചര്യങ്ങളും തകിടം മറിക്കുകയാണ് ഇന്ത്യയിലിന്ന് ഫാഷിസ്റ്റുകൾ ചെയ്യുന്നത്.

ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേട്ടയാടപ്പെടുന്നു. ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ അവകാശം നൽകുന്ന ആർട്ടിക്ൾ 30ൽ പറയുന്നത് the right to establish and administer educational institutions of their choice എന്നാണ്; അവരുടെ ഇഷ്ടപ്രകാരമുള്ള സ്ഥാപനം, അത് മതപരമോ ഭൗതികമോ ആകാം. അത്തരം സ്ഥാപനങ്ങൾ വേട്ടയാടപ്പെടുന്നത് ഭരണഘടനാലംഘനമാണ്.

രാജ്യസഭയിൽ ഫാഷിസ്റ്റ് ചിന്താഗതിക്കാർക്ക് ഭൂരിപക്ഷമില്ലാത്തതാണ് അൽപം ആശ്വാസം. അല്ലെങ്കിൽ

അവർ ഇതിലും വലിയ അപകടം ചെയ്യുമായിരുന്നു. പ്രതിരോധിക്കാൻ ജനാധിപത്യ മാർഗങ്ങൾ അവലംബിക്കുക മാത്രമെ വഴിയുള്ളൂ. നിയമപരമായ നടപടികൾ പലതും നടക്കുന്നുണ്ട്. അലിഗർ യൂനിവേഴ്സിറ്റി, ജാമിഅ മില്ലിയ്യ എന്നിവയുടെ ന്യൂനപക്ഷ പദവി നീക്കം ചെയ്യുന്നതിനെതിരെ സുപ്രീം കോടതിയിൽ കേസുകളുണ്ട്. മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ ചില കേസുകളുണ്ട്. ഇതിനൊക്കെപ്പുറമെ ജനങ്ങളുടെ ഭാഗത്തുനിന്ന് വ്യാപകമായ പ്രതിഷേധം വളർന്നു വരേണ്ടതുണ്ട്.

*ഇത്തരം പ്രശ്നങ്ങളിൽ ദേശീയ തലത്തിൽ മതേതര പ്രതിരോധത്തിന്റെ സാധ്യത എന്താണ്?*

സാധ്യത ഇതുവരെ തെളിഞ്ഞുവന്നിട്ടില്ല. ഞാൻ നിങ്ങളോട് സംസാരിക്കുന്ന ഈ ദിവസം യു.പി ഇലക്ഷന്റെ അവസാനഘട്ടമാണ്. ഈയാഴ്ച ഏറ്റവും ഡിമാന്റുള്ള ഒന്ന് മുസ്‌ലിംകളായിരുന്നു. തെരഞ്ഞെടുപ്പിന്റെ ഈയാഴ്ച കഴിഞ്ഞാൽ ആ ഡിമാന്റ് അവസാനിക്കുകയായി. എല്ലാ പാർട്ടികളുടെ പ്രചാരണ വാഹനത്തിലും ഓരോ മൗലാന ഉണ്ടാകും. വോട്ട് തീരുമാനിക്കുന്നത് അവരാണ്. അത് പലരും ഭാഗിച്ചു കൊണ്ടുപോകുന്നു. അവരുടെ ആവശ്യം കഴിയുന്നതോടെ 'യൂസ് ആന്റ് ത്രോ' എന്ന രീതിയിൽ സമുദായം ഉപേക്ഷിക്കപ്പെടുന്നു. ഇനി അടുത്ത തെരഞ്ഞെടുപ്പ് വരുമ്പോൾ പൊങ്ങിവരും.

പീഡിപ്പിക്കപ്പെടുന്നതിൽ മുസ്‌ലിംകൾ മാത്രമല്ല ദലിത് പിന്നോക്ക വിഭാഗങ്ങളുമുണ്ട്. അവരെയും കൂടെ കൂട്ടാനാണ് ബി.ജെ.പി ശ്രമിക്കുന്നത്. യഥാർഥത്തിൽ ബി.ജെ.പി ഉയർത്തിപ്പിടിക്കുന്ന നയം തന്നെ ദലിത് വിരുദ്ധമാണ്. പ്രാന്തവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ യോജിപ്പ് നിലവിൽ വരുന്നതിനെ ഇവർ ഭയക്കുന്നുണ്ട്. ഊനോ സംഭവത്തെത്തുടർന്നുണ്ടായ ദലിത് പ്രക്ഷോഭം അവരെ ശരിക്കും വിറപ്പിച്ചു. വിശാലമായ ന്യൂനപക്ഷ പിന്നോക്ക ദലിത് യോജിപ്പ് നിലവിൽ വന്നാൽ അത് രാജ്യത്തിന്റെ രാഷ്ട്രീയചിത്രം തന്നെ മാറ്റിയേക്കും.

*ഉത്തരേന്ത്യൻ മുസ്‌ലിംകളിലെ രാഷ്ട്രീയ അവബോധമില്ലായ്മയാണല്ലോ അവർ വോട്ടുബേങ്ക് രാഷ്ട്രീയത്തിലെ വീതംവെപ്പിന് ഇരകളായിത്തീരാൻ കാരണം. അവരുടെ സാമൂഹിക ദുരവസ്ഥയും അവർക്കിടയിൽ ജീവകാരുണ്യ സാമൂഹ്യസേവന പ്രവർത്തനങ്ങൾ നടത്തേണ്ടതിന്റെ പ്രസക്തിയും താങ്കളുടെ പ്രഭാഷണത്തിൽ പരാമർശിച്ചല്ലോ. രാഷ്ട്രീയമായ ബോധവൽക്കരണം നടത്തി അവരെ ഉയർത്തിക്കൊണ്ടുവരാൻ ദേശീയ തലത്തിൽ തന്നെ ഇടപെടലുകൾ നടത്താനുള്ള സാധ്യതകൾ എന്താണ്? മുസ്‌ലിം ലീഗിന്റെ ദേശീയ നേതാവ് എന്ന നിലയിൽ ഇതിനെ എങ്ങനെ നോക്കിക്കാണുന്നു?*

ഒരു തിരിച്ചറിവുണ്ടായാൽ രക്ഷപ്പെടും. പാർലമെന്ററി ജനാധിപത്യം നിലനിൽക്കുന്ന ഒരു രാജ്യത്ത് പൗരന്റെ കൈയിലുള്ള ഏറ്റവും ശക്തമായ ആയുധം ബാലറ്റാണ്. അതിനെ വിവേകപൂർവം ഉപയോഗപ്പെടുത്തുന്ന ഒരു സ്ഥിതിയിലേക്ക് വന്നാലേ ഇപ്പോഴത്തെ അവസ്ഥക്ക് ശരിയായ പരിഹാരമുണ്ടാവൂ. ഇപ്പോൾ സ്വന്തം വോട്ടുകൾ പലർക്കും വീതിച്ചുകൊടുത്ത് തങ്ങളുടെ കടമ നിർവഹിച്ചു എന്ന മട്ടിലാണ് ഉത്തരേന്ത്യൻ മുസ്‌ലിംകൾ. അവരുടെ വോട്ടുകൊണ്ട് വിലപേശുന്നില്ല.

ന്യൂനപക്ഷത്തിന്റെ സംരക്ഷകരെന്നു പറഞ്ഞു രംഗത്തുവന്ന നേതാക്കൾ പലരും അവസരവാദപരമായ സമീപനമാണ് സ്വീകരിക്കുന്നത്. ഒരു കാലത്ത് ന്യൂനപക്ഷങ്ങൾക്കു വേണ്ടി സംസാരിക്കുന്ന ചാമ്പ്യനെന്ന് ചെറുപ്പക്കാർ ഹരം കൊണ്ടിരുന്ന പാസ്വാൻ ഇന്ന് എൻ.ഡി.എ മന്ത്രിസഭയിലെ അംഗമാണ്.

ദേശീയ തലത്തിൽ മുസ്‌ലിം ദലിത് ഐക്യത്തിനുള്ള നീക്കങ്ങൾ തന്നെയാണ് വേണ്ടത്. അതിൽ മുസ്‌ലിം ലീഗിന് വിപുലമായ ശ്രമങ്ങളൊന്നും നടത്താനായിട്ടില്ലെന്നത് യാഥാർഥ്യമാണ്. അതിന് ലീഗിന് ചില പരിമിതികളുണ്ട്. വടക്കേ ഇന്ത്യയിലെ മുസ്‌ലിംകളുടെ മനസ്സിൽ ഇപ്പോഴും മുസ്‌ലിം ലീഗെന്ന് കേൾക്കുമ്പോൾ പാക്കിസ്ഥാനുണ്ടാക്കിയ ലീഗ് എന്ന സ്റ്റിഗ്മയാണ്. അതുകൊണ്ട് മുസ്‌ലിം ലീഗ് വടക്കേ ഇന്ത്യയിൽ വേണ്ടത്ര വിജയിച്ചിട്ടില്ല. ഞങ്ങളിപ്പോൾ ചില സ്ഥലങ്ങളിൽ സജീവമായി ഇടപെട്ട് ചില നല്ല മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ ലീഗിന്റെ സ്വീകാര്യതക്കു പിന്നിലുള്ളത് മനുഷ്യജീവിതത്തിന്റെയും വികസനത്തിന്റെയും എല്ലാ തലങ്ങളിലും അതിന്റെ സാന്നിധ്യവും പങ്കാളിത്തവുമുണ്ട് എന്നതാണ്. ആ ഒരു സ്വഭാവത്തിലേക്ക് അവിടെ വളർന്നുവരാൻ സമയമെടുക്കും. യു.പി, ബീഹാർ, ബംഗാൾ സംസ്ഥാനങ്ങളിലെ ചില മുസ്‌ലിം ഭൂരിപക്ഷ മേഖലകൾ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ നടത്തി ഒരു രാഷ്ട്രീയ അസ്തിത്വം രൂപപ്പെടുത്താനുള്ള പദ്ധതികളുണ്ട്. ●

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com,www.nerpatham.com





സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

കവർ സ്റ്റോറി

# നീതി പുലരേണ്ട നിയമപാലനം

**മൃദുവായ പെരുമാറ്റത്തിലൂടെ ക്രമസമാധാനം കാത്ത് സൂക്ഷിച്ചുകൊണ്ട് ജനങ്ങൾക്ക് വേണ്ടി സേവനമർപ്പിക്കുക എന്നതാണ് പൊലീസ് സേനയുടെ മുദ്രാവാക്യം. എന്നാൽ, പൊലീസ് സ്‌റ്റേഷനുകളിൽ പരാതി നൽകുന്നതിനായി എത്തുന്ന സാധാരണക്കാരോടും സ്ത്രീകളോടും വളരെ പരുഷമായി പെരുമാറുകയും നീതിയുക്തമല്ലാത്ത സമീപനങ്ങൾ വഴി അവർക്ക് സ്‌റ്റേഷനുകളിലേക്ക് കടന്നുചെല്ലാൻ സാധിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. എന്തുകൊണ്ടാണിങ്ങനെ?**

'മൃദു ഭാവെ, ദൃഢ കൃത്യെ' എന്ന സംസ്‌കൃത വാക്യമാണ് കേരളത്തിലെ പോലീസ് സേനയുടെ മുദ്രാവാക്യം. 'മൃദുവായ പെരുമാറ്റം, ദൃഢമായ കർമ്മങ്ങൾ' എന്നാണതിന്റെ അർഥം. ഈ ആപ്തവാക്യവും പോലീസ് സേനയുടെ പ്രവർത്തനങ്ങളും തമ്മിൽ ബന്ധമുണ്ടോ എന്ന കാര്യം യാഥാർഥ്യബോധത്തോടെ പരിശോധിക്കേണ്ടിയിരിക്കുന്നു. അറുപതാണ്ടു പിന്നിട്ട കേരള പോലീസ് സേനയുടെ യഥാർത്ഥ ദൗത്യം എന്തെന്ന് അന്വേഷിക്കുമ്പോഴാണ് ഓരോ പോലീസുകാരനും സർവീസിൽ പ്രവേശിക്കുമ്പോൾ ഉരുവിടുന്ന വാചകങ്ങൾ നമ്മുടെ ശ്രദ്ധയിൽ വരുന്നത്. 'ഭാരത ഭരണഘടനയോട് കൂറുപുലർത്തി അച്ചടക്കവും, ആദർശധീരതയും ഉൾക്കരുത്താക്കി മനുഷ്യാവകാശങ്ങൾ മാനിച്ച് ജനങ്ങളുടെ ജീവനും, സ്വത്തും അന്തസ്സും സരംക്ഷിച്ചു ന്യായമായും, നിഷ്പക്ഷമായും, നിയമം നടപ്പാക്കി അക്ഷോഭ്യരായി അക്രമം അമർച്ചചെയ്ത് വിമർശനങ്ങൾ ഉൾക്കൊണ്ട് ആത്മപരിശോധന നടത്തി ജനങ്ങളുടെ ഭാഗമായി ജനങ്ങൾക്കുവേണ്ടി ജനങ്ങളോടൊത്ത് പ്രവർത്തിച്ച് ക്രമസമാധാനം കാത്ത് സൂക്ഷിക്കാൻ പ്രതിജ്ഞാബദ്ധരാണ് ഞങ്ങൾ.'

ചുരുക്കത്തിൽ മൃദുവായ പെരുമാറ്റത്തിലൂടെ ക്രമസമാധാനം കാത്ത് സൂക്ഷിച്ചുകൊണ്ട് ജനങ്ങൾക്ക് വേണ്ടി സേവനമർപ്പിക്കുക എന്ന മഹത്തായ കർമ്മമാണ് പോലീസ് ചെയ്യേണ്ടത് എന്നാണ് ഇതിൽ നിന്നും നമുക്ക് മനസ്സിലാവുന്നത്. 1956 ൽ രൂപീകൃതമായ കേരള പോലീസിന്റെ പ്രവർത്തനങ്ങൾ പലപ്പോഴും വിമർശനങ്ങൾക്ക് കാരണമായിട്ടുണ്ട്. പോലീസ് സ്‌റ്റേഷനുകളിൽ പരാതി നൽകുന്നതിനായി എത്തുന്ന സാധാരണക്കാരോടും സ്ത്രീകളോടും വളരെ പരുഷമായി പെരുമാറുകയും നീതിയുക്തമല്ലാത്ത സമീപനങ്ങൾ വഴി അവർക്ക് സ്‌റ്റേഷനുകളിലേക്ക് കടന്നുചെല്ലാൻ സാധിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം പതിറ്റാണ്ടുകളായി നാം കേട്ടുകൊണ്ടിരിക്കുന്ന കാര്യമാണ്. ഈ പരാതികൾക്ക് അറുതി വരുത്തുന്നതിന് വേണ്ടിയായിരുന്നു 2006ൽ ജനമൈത്രി പോലീസ് സ്‌റ്റേഷനുകൾ ആരംഭിച്ചത്. ഇക്കഴിഞ്ഞ ഫെബ്രവരി 13ന് സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്‌റ്റേഷനുകളും ജനമൈത്രി പോലീസ് സ്‌റ്റേഷനുകളാക്കി മാറ്റുമെന്ന പ്രഖ്യാപനവും സർക്കാർ നടത്തിയിരിക്കുകയാണ്. അതിൻറെ പ്രാഥമിക നടപടികൾ സ്വീകരിക്കാൻ പോലീസ് നേതൃത്വം ജില്ലാ പോലീസ് മേധാവികൾക്കു നിർദേശം നൽകുകയും ചെയ്തു. ജനങ്ങളുമായി സംവദിക്കുകയും അവരുടെ പ്രശ്‌നങ്ങളും ആവശ്യങ്ങളും മനസിലാക്കുകയും ചെയ്തുകൊണ്ട് ജനങ്ങളോടു ചേർന്നു പ്രവർത്തിക്കുന്ന പോലീസ് സംവിധാനം കൊണ്ടുവരികയാണ് ലക്ഷ്യമെന്ന് സർക്കാർ വ്യക്തമാക്കി.

പോലീസിന്റെ അടിസ്ഥാനസ്വഭാവം മൃദുത്വമായിരിക്കണമെന്ന് പറയുമ്പോഴും പോലീസ് ജനങ്ങളുമായി മൈത്രീഭാവം സൂക്ഷിക്കണമെന്ന് സർക്കാർ പറ

യുമ്പോഴും കേരളത്തിന്റെ പലഭാഗങ്ങളിൽ നിന്നായി പോലീസിനെ കുറിച്ചുള്ള വിമർശനങ്ങളും പരാതികളും നിത്യേന ഉയർന്നുകേൾക്കുന്നു. ജിഷ്ണു പ്രണോയിയുടെ അമ്മ മഹിജയെ പോലീസ് ആസ്ഥാനത്ത് തടഞ്ഞതുമായി ബന്ധപ്പെട്ട വിവാദങ്ങൾ ഇപ്പോഴും കെട്ടടങ്ങിയിട്ടില്ല. പൊലീസിന് പറ്റിയ വീഴ്ചയെന്നാണ് ഈ സംഭവത്തെ കുറിച്ച് ഉന്നത പോലീസ് അധികാരികൾ വിശദീകരിച്ചത്. സർക്കാരിൽ നിന്നും നീതി ആവശ്യപ്പെട്ട് പോലീസ് സ്റ്റേഷനുകളിൽ വരുന്നവരോട് മാന്യമായി പെരുമാറേണ്ട പോലീസ് എന്തുകൊണ്ട് ഇത്ര ക്രൂരമാവുന്നു? ഉന്നത പോലീസ് അധികാരികളുടെ നിർദ്ദേശപ്രകാരം പ്രവർത്തിക്കുന്ന സാധാരണ പോലീസുകാരൻ ഒടുവിൽ ഈ പ്രശ്നങ്ങളുടെ മുഴുവൻ പഴിയും കേൾക്കേണ്ട സാഹചര്യമുണ്ടാവുന്നു. മാറി വരുന്ന സർക്കാരുകളുടെ ഉപകരണങ്ങളായി പോലീസ് മാറുമ്പോൾ തന്നെയും ഉന്നത ഉദ്യോഗസ്ഥർക്ക് പല വിഷയങ്ങളിലും സ്ഥാപിതമായ താൽപര്യങ്ങളുണ്ടോ എന്ന് സംശയിക്കേണ്ട അവസ്ഥയിലേക്കാണ് കാര്യങ്ങൾ വിരൽ ചൂണ്ടുന്നത്.

'നേർപഥം' നേരത്തെ ചൂണ്ടിക്കാണിച്ച നാടകപ്രവർത്തകനായ കമൽ സി ചവറയുടെയും മാവോ ബന്ധം ആരോപിക്കപ്പെട്ട നദീറിന്റെയും പേരിൽ യു.എ.പി.എ ചുമത്താൻ ശ്രമിച്ച സംഭവങ്ങൾ മാത്രമല്ല ഇക്കഴിഞ്ഞ നാലഞ്ച് മാസങ്ങൾക്കുള്ളിൽ കേരളത്തിലുണ്ടായ പല സംഭവങ്ങളിലും പോലീസിന്റെ അത്യുത്സാഹം ആർക്കുവേണ്ടിയാണെന്ന് മനസ്സിലാവുന്നില്ല. ഇവയിലൊക്കെയും പൊലീസിലെ ഉന്നതർ നടത്തുന്ന വിശദീകരണങ്ങൾ ജനങ്ങൾക്ക് ഒട്ടും ദഹിക്കുന്നില്ല എന്നതാണ് വാസ്തവം. സംസ്ഥാന പോലീസ് എഫ്.ഐ.ആർ. ഇട്ട് സാധാരണ നിലക്ക് അന്വേഷിക്കേണ്ട കേസുകൾ പോലും ഒരിക്കലും രക്ഷപ്പെടാൻ പോലും സാധിക്കാത്ത കേസുകളാക്കി രജിസ്റ്റർ ചെയ്യപ്പെടുന്നുവെന്നത് ആശ്ചര്യവും ആശങ്കയും ജനിപ്പിക്കുന്നു. പോലീസ് സേനയെ തെറ്റായ ദിശയിലേക്ക് നയിക്കുന്നവർ പോലീസിൽ തന്നെയുണ്ടോ എന്ന കാര്യം അന്വേഷണവിധേയമാക്കേണ്ടതുണ്ട്.

മഹിജ സംഭവത്തെ തുടർന്ന് പൊലീസിന് ഒരു ഉപദേശകൻ വേണമെന്ന് മനസ്സിലാക്കിയ സർക്കാർ ഒരു ഉപദേശകനെ നിയമിച്ചിരിക്കുകയാണ്. രമൺ ശ്രീവാസ്തവയാണ് കേരള പോലീസിന്റെ പുതിയ ഉപദേശകൻ. കേന്ദ്ര സർക്കാരിന്റെ പല നടപടികളിലും ന്യൂനപക്ഷങ്ങളിൽ ആശങ്ക പടരുന്ന സന്ദർഭത്തിലാണ് ന്യൂനപക്ഷ വിരോധിയെന്ന ആക്ഷേപങ്ങൾക്ക് വിധേയനായ രമൺ ശ്രീവാസ്തവയെന്ന പഴയ പോലീസ് മേധാവിയെ പൊലീസിന് ഉപദേശം നൽകാൻ നിശ്ചയിച്ചിരിക്കുന്നത്. ഇദ്ദേഹത്തിന്റെ ഒരു വയർലസ് സന്ദേശമായിരുന്നു പാലക്കാട്ടെ പുതുപ്പള്ളിത്തെരുവിലെ സിറാജുന്നീസ എന്ന പതിനൊന്നുകാരിയുടെ ജീവനെടുത്തത് എന്നാണ് ശ്രീവാസ്തവക്കെതിരെയുള്ള പ്രധാന വിമർശനം.

ഉത്തരേന്ത്യയിൽ എൽ.കെ അദ്വാനി നടത്തിയ രഥയാത്രക്ക് സമാനമായി ബി.ജെ.പി അധ്യക്ഷനായിരുന്ന മുരളി മനോഹർ ജോഷി കന്യാകുമാരി മുതൽ കാശ്മീർ വരെ നടത്തിയ യാത്രയാണ് ഏകതയാത്ര. ഹിന്ദുത്വ ധ്രുവീകരണം സൃഷ്ടിച്ച് തെരഞ്ഞെടുപ്പുവിജയം ലക്ഷ്യമിട്ട് നടത്തിയ ഈ യാത്രയുടെ കാരണമായി പറഞ്ഞിരുന്നത് കാശ്മീരിന് പ്രത്യേക പദവി നൽകുന്ന ഭരണഘടനയിലെ 370ാം വകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് ഇന്ത്യയുടെ അഖണ്ഡത സംരക്ഷിക്കുക എന്നതായിരുന്നു. ജോഷിയുടെ ഏകതായാത്രയും അതിന്റെ ഭാഗമായി ബി.ജെ.പി കേരളഘടകം കാസർഗോഡ് നിന്നാരംഭിച്ച ഉപയാത്രയും 1991 ഡിസംബർ 13ന് വെള്ളിയാഴ്ച പാലക്കാട്ട് ഒത്തുചേർന്നു. ബി.ജെ.പി പ്രവർത്തകർ നേരത്തെ പോലീസ് പിക്കറ്റിങ്ങുള്ള സംഘർഷപ്രദേശമായ മേപ്പറമ്പിലേക്ക് പുറപ്പെട്ടു. യാത്രക്ക് പോലീസ് വിലക്കുണ്ടായിരുന്നു. ജാഥ മേപ്പറമ്പിലേക്ക് പോയെങ്കിലും അവിടെ പോലീസ് ഇടപെട്ടില്ല. എന്നാൽ ജാഥക്ക് നേരെ കല്ലേറുണ്ടായി എന്ന് ആരോപിച്ചുകൊണ്ട് ബി ജെ പി നടത്തിയ പ്രതിഷേധത്തിന് പോലീസ് അനുമതി നൽകുകയും അത് പിന്നീട് വലിയ സംഘർഷത്തിലേക്ക് നയിക്കുകയും ചെയ്തു. അക്രമങ്ങളും കൊള്ളയും അരങ്ങേറി. കലാപകാരികളും പോലീസും കൊള്ളയിൽ പങ്കുചേർന്നുവെന്നാണ് ദൃക്സാക്ഷികൾ വിവരിച്ചത്. രണ്ടു ദിവസം അത് നീണ്ടു നിന്നു. സംഘർഷം നിയന്ത്രിക്കാനെന്ന പേരിൽ പോലീസ് അഴിഞ്ഞാടി. വീടുകളിൽ കയറി സ്ത്രീകളെ കയ്യേറ്റം ചെയ്യുകയും മർദ്ദിക്കുകയും ചെയ്തു.

കലാപം നിയന്ത്രണവിധേയമായെന്ന് അന്നത്തെ ഷൊർണൂർ എ.എസ്.പി. ബി സന്ധ്യ അറിയിച്ചിരുന്നു. പക്ഷെ അന്ന് ഉത്തര മേഖല ഡി.ഐ.ജി ആയിരുന്ന ശ്രീവാസ്തവയുടെ കർശനനിർദ്ദേശം വന്നുവത്രെ. 'ഐ വാണ്ട് ഡെഡ്ബോഡീസ് ഓഫ് മുസ്‌ലിം ബാസ്റ്റഡ്സ്' എന്ന് വയർലസ് വഴി അദ്ദേഹം അറിയിച്ചുവെന്നാണ് അദ്ദേഹത്തെ കുറിച്ചുള്ള ആരോപണം. അതിനെത്തുടർന്നുള്ള വെടിവെപ്പിലാണ് വീടിന്റെ മുറ്റത്ത് കളിച്ചുകൊണ്ടിരുന്ന പതിനൊന്നുകാരി സിറാജുന്നീസ മരണം പൂകിയത്. കൊളക്കാടൻ മൂസ ഹാജി എന്ന വ്യക്തി ഈ കേസുമായി സുപ്രീം കോടതി വരെ പോയി. അന്വേഷണത്തിന് ഉത്തരവിട്ടെങ്കിലും അന്വേഷണമുണ്ടായില്ല. പിന്നീട് ബാബരി മസ്ജിദ് ധ്വംസനത്തിലും പിന്നീടുണ്ടായ കലാപങ്ങളിലും സിറാജുന്നീസ കേവലം ഓർമയായി.

ഒഴിവാക്കാമായിരുന്ന വെടിവെപ്പിൽ അശേഷം ഖേദപ്രകടനം നടത്താതിരുന്ന പോലീസ് പിന്നീടുണ്ടാക്കിയ കെട്ടുകഥയാണ് ഏറെ നൊമ്പരങ്ങൾ സൃഷ്ടിച്ചത്. കലാപത്തിന്റെ ഒരു കഥയുമറിയാതെ മണ്ണുകൊണ്ട് ചോറുണ്ടാക്കി ഇലകൾ കറിയാക്കി വീട്ടുമുറ്റത്ത് ചിരട്ടകൊണ്ട് കളിക്കുകയായിരുന്ന തൊണ്ടിക്കുളം യു.പി സ്കൂളിലെ ആറാം ക്ലാസ്സുകാരിയായ ആ പൈതലിനെ കുറിച്ച് എഫ്.ഐ.ആറിൽ രേഖപ്പെടുത്തിയത് ആരുടേയും ഹൃദയം ഭേദിക്കുന്ന തരത്തിലായിരുന്നു. അവളായിരുന്നുവത്രെ തൊട്ടടുത്ത ബ്രാഹ്മണ അഗ്രഹാരം തീവെച്ചു നശിപ്പിക്കാൻ പുതുപ്പള്ളി തെരുവിലെ അക്രമാസക്തരായ മുന്നോറോളം പേരടങ്ങുന്ന സംഘത്തിന് നേതൃത്വം നൽകിയത്. വെടി

കൊണ്ട് തല പിളർന്നുപോയ സിറാജുവിനെ ആശുപത്രിയിൽ കൊണ്ടുപോയ ബന്ധുക്കളെയും പോലീസ് തല്ലിച്ചതച്ചു. മകളുടെ വിരഹത്തിന്റെ വേദനയിൽ നൊന്തുകഴിഞ്ഞ മാതാവ് നഫീസയും പിന്നീട് യാത്രയായി. ചായമക്കാനിക്കാരനായ പിതാവ് മുസ്തഫയെ പിന്നെയാരും തിരിഞ്ഞുനോക്കിയില്ല. പോലീസ് രേഖയിൽ ക്രിമിനൽ ആയിരുന്നതുകൊണ്ട് നഷ്ടപരിഹാരം പോലും ലഭിച്ചത് ഒമ്പത് വർഷങ്ങൾക്ക് ശേഷം.

നിയമപാലക വൃന്ദത്തിൽ നിന്നും പ്രതീക്ഷിക്കപ്പെടുന്ന നീതിയും സുരക്ഷയും അപ്രാപ്യമെന്ന് ജനങ്ങൾക്ക് തോന്നുമ്പോൾ സമൂഹത്തിൽ കടുത്ത നിരാശ ഉടലെടുക്കും. ഈ നിരാശയുടെ പ്രതികരണങ്ങൾ തീവ്രവാദങ്ങളായി രൂപാന്തരം പ്രാപിക്കുകയും കലാപങ്ങളും ഭീകരപ്രവർത്തനങ്ങളുമായി അവ പരിണമിക്കുകയും ചെയ്യും. നീതിനിഷേധവും പോലീസിന്റെ നിസ്സംഗതയും സമൂഹത്തെ വർഗീയ ധ്രുവീകരണങ്ങളിലേക്കും രാഷ്ട്രീയ വൈരങ്ങളിലേക്കും നയിക്കും. നടേ സൂചിപ്പിച്ച പോലെ പോലീസ് പലപ്പോഴും ബാഹ്യ ഇടപെടലുകളുടെ സമ്മർദത്തിലാണ്. ഈ സമ്മർദങ്ങളാണ് മുഖം നോക്കാതെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനു പൊലീസിന് തടസ്സമാവുന്നത്.

ഇവിടെയാണ് സമൂഹത്തിനു ആശ്വാസകരമാവുന്ന വിധത്തിലുള്ള ജുഡീഷ്യറിയുടെ ഇടപെടൽ അനിവാര്യമായിത്തീരുന്നത്. പോലീസ് സംവിധാനം ജനോപകാരപ്രദമാവണമെന്നും ബാഹ്യമായ ഇടപെടലുകൾക്ക് അതീതമാവണമെന്നുമുള്ള പ്രകാശ് സിംഗ് കേസിൽ സുപ്രീംകോടതി നൽകിയ നിർദേശം നടപ്പാക്കാൻ സർക്കാരുകൾ ശ്രമിക്കേണ്ടതുണ്ട്. ഇന്ത്യയിലെ പോലീസ് സംവിധാനത്തെ കുറ്റമറ്റതാക്കുന്നതിനു വേണ്ടി വളരെയധികം പരിശ്രമിച്ച പ്രശസ്തനായ പോലീസ് ഓഫീസറായിരുന്നു പ്രകാശ് സിംഗ്. 1996ൽ സർവീസിൽ നിന്നും പിരിഞ്ഞ ശേഷവും പോലീസിനെ ബാഹ്യ ഇടപെടലുകളിൽ നിന്ന് മുക്തമാക്കുന്നതിനു വേണ്ടിയുള്ള പോരാട്ടത്തിന്റെ ഭാഗമായി അദ്ദേഹം സമർപ്പിച്ച പൊതു താൽപര്യ ഹരജിക്ക് പത്തുവർഷം കഴിഞ്ഞാണെങ്കിലും സുപ്രീം കോടതിയുടെ അനുകൂല വിധി വന്നു. പോലീസ് സംവിധാനത്തെ നേരായ വഴിക്ക് നടത്താനുള്ള ജുഡീഷ്യറിയുടെ ശക്തമായ ഇടപെടലായി ജനങ്ങൾ അതിനെ വിലയിരുത്തി. പക്ഷെ സുപ്രീംകോടതി പുറപ്പെടുവിച്ച 17 ആക്റ്റുകളും കേന്ദ്രം മുതൽ സംസ്ഥാനം വരെയുള്ള ഭരണകൂടങ്ങൾ നടപ്പിൽ വരുത്തുന്നതിൽ ഉപേക്ഷ വരുത്തുകയായിരുന്നു. പൂർണമോ ഭാഗികമോ ആയ നിരാകരണങ്ങളാണ് സർക്കാരുകളുടെ ഭാഗത്ത് നിന്നുണ്ടായത്. സുപ്രീം കോടതി പിന്നീട് 2010ൽ കോടതി വിധി നടപ്പാക്കുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനായി കമ്മറ്റി രൂപീകരിച്ചെങ്കിലും ഫലമുണ്ടായില്ല. 2013ൽ വീണ്ടും നിർദ്ദേശങ്ങൾ പുതുക്കി നൽകാൻ കോടതി പോലീസ് ആക്ട് ഡ്രാഫ്റ്റിംഗ് കമ്മറ്റി രൂപീകരിച്ചെങ്കിലും അവ ഇപ്പോഴും ബ്യൂറോക്രസിയുടെ ചുവപ്പുനാടകളിൽ കുരുങ്ങി കിടക്കുകയാണ്. ഇന്ത്യയിൽ കോടതി നിർദേശങ്ങൾ അവഗണിക്കപ്പെടുന്നതും അവയോട് സഹകരിക്കാതിരിക്കലും പലപ്പോഴും പതിവുസംഭവങ്ങളായി മാറിയിരിക്കുകയാണ്. മറ്റേതെങ്കിലും രാജ്യത്താണെങ്കിൽ അവ ഭരണഘടനാ പ്രതിസന്ധിയായി രൂപാന്തരം പ്രാപിക്കുമായിരുന്നു.


കോടതിയുടെ മറ്റൊരു ശക്തമായ ഇടപെടലാണ് ഇപ്പോൾ സെൻകുമാറിനെ തിരിച്ചെടുക്കണമെന്ന വിധിയിലൂടെ ഉണ്ടായിരിക്കുന്നത്. സംസ്ഥാന പോലീസ് മേധാവി സ്ഥാനത്ത് നിന്നും നിഷ്കാസനം ചെയ്യപ്പെട്ട സെൻകുമാറിനെ തിരിച്ചെടുക്കണമെന്ന സുപ്രീം കോടതി വിധി പോലീസ് സംവിധാനത്തെ കുറിച്ച് ഇപ്പോൾ കേരളീയ സമൂഹത്തിൽ നിലനിൽക്കുന്ന ആശങ്കക്ക് അൽപം മോചനം നൽകുമെന്ന കാര്യത്തിൽ സംശയമില്ല. ഇത്തരം ഇടപെടലുകളിലൂടെ നിയമപാലക മേഖലയെ കുറ്റമറ്റതാക്കാനുള്ള ശക്തമായ ഇടപെടലുകൾ ജുഡീഷ്യറിയുടെയും സർക്കാരുകളുടെയും പൊതുസമൂഹത്തിന്റെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും ഭാഗത്ത് നിന്നുണ്ടാവട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.

കുറുന്തോട്ടിക്ക് വാതമെന്ന് പറയുന്ന പോലെയാണ് കാര്യം. ജനങ്ങളിൽ ഭീതിയുണ്ടാക്കാതെ നീതിയും നിയമവും നടപ്പാക്കി ജനമൈത്രി സ്ഥാപിക്കേണ്ട നിയമപാലക സമൂഹത്തെ ആരാണ് ചികിൽസിക്കുക? പോലീസ് വകുപ്പിലെ എല്ലാവരും മോശക്കാരാണെന്നല്ല. അവരെ നയിക്കുന്നവരിൽ കക്ഷിത്വവും വർഗ്ഗീയതയും പടർന്നാൽ പിന്നെ സമൂഹം ആരിൽ നിന്നാണ് നീതിയും നന്മയും പ്രതീക്ഷിക്കുക. മോന്തായം വളഞ്ഞാൽ അറുപത്തിനാലും വളയും എന്നാണല്ലോ പഴഞ്ചൊല്ല്. പൊലീസിന് ഉപദേശം ആവശ്യമാണ്. പക്ഷെ ആരായിരിക്കണം ഉപദേശകൻ? ഒരു ഭരണാധികാരിയുടെ അറിവില്ലായ്മയെ തിരുത്താനും നിയമപാലകസമൂഹത്തിനു ദിശാബോധം നൽകാൻ സാധിക്കുന്നതും കാര്യങ്ങളിൽ മിതത്വം കാണിക്കുകയും സമചിത്തത പ്രകടിപ്പിക്കുകയും ചെയ്യുന്നവരായിരിക്കണം ഉപദേശിയുടെ റോൾ ഏറ്റെടുക്കേണ്ടത്. പോലീസ് സേനയെ ജനസേവകരാക്കി നവീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ കൊണ്ടുവരാൻ സാധിക്കുന്നവരാവണം. ജനങ്ങളുമായി ഇടപഴകി നിയമപാലകരിൽ വിശ്വാസ്യത വളർത്തിയെടുക്കുന്ന കമ്മ്യൂണിറ്റി പോലീസിങ്ങിന്റെ ഒട്ടേറെ മോഡലുകൾ നമ്മുടെ പോലീസ് ഉദ്യോഗസ്ഥരെയും പഠിപ്പിക്കുന്നത് നന്നായിരിക്കും.

പോലീസ് മാന്വലിൽ പറയുന്ന ഉപദേശങ്ങളെ കൃത്യമായി പാലിക്കാൻ തയ്യാറായാൽ തന്നെ ഒട്ടേറെ മാറ്റങ്ങൾ സൃഷ്ടിക്കാം. 'നിയമം നടപ്പാക്കി അക്ഷോഭ്യരായി അക്രമം അമർച്ചചെയ്ത്' എന്ന് ചൊല്ലിപ്പറഞ്ഞത് കൊണ്ടായില്ല. അവ പഠിച്ചവർ ക്ഷോഭം, പക്ഷപാതം, അസഭ്യം, തെറി തുടങ്ങി ഒരു പോലീസുകാരന് ഉണ്ടെന്നു പറയപ്പെടുന്ന 'മിനിമം യോഗ്യതകളിൽ' നിന്നു മുക്തമാവേണ്ടതുണ്ട്. പോലീസ് സേനയിലെ അംഗങ്ങൾ മാത്രമല്ല, സർക്കാർ വേതനങ്ങളും ആനുകൂല്യങ്ങളും പറ്റി ജീവിക്കുന്ന മുഴുവൻ ഉദ്യോഗസ്ഥർക്കും ഇത് ബാധകമാണ്. ●

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ലേഖനം



# പ്രവാചകന്മാർ ബുദ്ധിശാലികൾ

അല്ലാഹു മാത്രമാണ് ആരാധ്യനെന്നും അതിനാൽ അവനോട് മാത്രമെ പ്രാർഥിക്കാവൂ എന്നും തങ്ങൾ പ്രവാചകന്മാരാണെന്നും ആരുടെ മുമ്പിലും തെളിയിക്കുവാൻ സമർഥരായിരുന്നു പ്രവാചകന്മാർ. ആരാധ്യനായി അല്ലാഹു മാത്രമാണെന്നുള്ള പ്രവാചകന്മാരുടെ സമർഥനത്തിന് മുന്നിൽ ശത്രുക്കൾ പരാജയപ്പെടലായിരുന്നു പതിവ്. അതിനുള്ള വാചാലതയും ബുദ്ധിവൈഭവവും അവർക്കുണ്ടായിരുന്നു. ഇബ്‌റാഹീം(അ) നാട്ടിലെ രാജാവായ നംറൂദുമായി നടത്തിയ സംവാദം ക്വുർആൻ എടുത്ത് പറയുന്നത് കാണുക:

“ഇബ്‌റാഹീമിനോട് അദ്ദേഹത്തിന്റെ നാഥന്റെ കാര്യത്തിൽ തർക്കിച്ചവനെപ്പറ്റി നീയറിഞ്ഞില്ലേ? അല്ലാഹു അവന്ന് ആധിപത്യം നൽകിയതിനാലാണ് (അവനതിന് മുതിർന്നത്). എന്റെ നാഥൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനാകുന്നു എന്ന് ഇബ്‌റാഹീം പറഞ്ഞപ്പോൾ ഞാനും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നുവല്ലോ എന്നാണവൻ പറഞ്ഞത്. ഇബ്‌റാഹീം പറഞ്ഞു: എന്നാൽ അല്ലാഹു സൂര്യനെ കിഴക്കുനിന്ന് കൊണ്ടുവരുന്നു. നീയതിനെ പടിഞ്ഞാറുനിന്ന് കൊണ്ടുവരിക. അപ്പോൾ ആ സത്യനിഷേധിക്ക് ഉത്തരം മുട്ടിപ്പോയി. അക്രമികളായ ജനതയെ അല്ലാഹു നേർവഴിയിലാക്കുകയില്ല” (2:258).

ശത്രുക്കൾ മുരട്ടുവാദങ്ങൾ ഉന്നയിക്കുമ്പോൾ അവരുടെ ചോദ്യങ്ങൾക്ക് മുമ്പിൽ പതറാതെ, ധീരമായി യുക്തിയുക്തം നേരിട്ടവരായിരുന്നു പ്രവാചകന്മാർ. അതിന് മതിയായ ഉദാഹരണമാണ് മുകളിൽ നാം കണ്ടത്. അത് അല്ലാഹു പ്രവാചകന്മാർക്ക് നൽകുന്ന ഒരു പ്രത്യേകതയാണ്. അല്ലാഹു ഇബ്‌റാഹീം(അ)നെ കുറിച്ച് പറയുന്നത് കാണുക:

“ഇബ്‌റാഹീമിന് തന്റെ ജനതക്കെതിരായി നാം നൽകിയ ന്യായപ്രമാണമത്രെ അത്. നാം ഉദ്ദേശിക്കുന്നവർക്ക് നാം പദവികൾ ഉയർത്തിക്കൊടുക്കുന്നു. തീർച്ചയായും നിന്റെ രക്ഷിതാവ് യുക്തിമാനും സർവജ്ഞനുമത്രെ”(6:83).

വിഗ്രഹങ്ങളെ തകർത്തതിനെ കുറിച്ചുള്ള വിസ്താര സമയത്ത് നെറ്റി ചുളിപ്പിക്കുന്ന രൂപത്തിൽ ശത്രുക്കൾക്ക് ഇബ്‌റാഹീം(അ) ഉത്തരം കൊടുത്തതും ക്വുർആൻ നമുക്ക് വിവരിച്ചു തരുന്നുണ്ട്.

“അവർ ചോദിച്ചു: ഇബ്‌റാഹീമേ, നീയാണോ ഞങ്ങളുടെ ദൈവങ്ങളെക്കൊണ്ട് ഇതുപോലെ ചെയ്തത്?” (21:62).

ഇബ്‌റാഹീം നബിﷺ, ജനങ്ങൾ ഒരു ഉത്സവത്തിന് പോയ സമയത്ത് അവരുടെ വിഗ്രഹങ്ങളെയെല്ലാം തകർത്തുകളഞ്ഞു. അവർ തിരിച്ചു വന്നപ്പോൾ കണ്ട കാഴ്ച തങ്ങളുടെ ആരാധ്യരെല്ലാം നിലം പൊത്തിക്കിടക്കുന്നതാണ്. അങ്ങനെയാണ് ചിലർ ഇബ്‌റാഹീമിﷺനെ കുറിച്ച് പറയുകയും അദ്ദേഹത്തെ പിടികൂടുകയും ചെയ്യുന്നത്. ആ സന്ദർഭത്തിൽ അവർ ചോദിച്ചതാണിത്. അദ്ദേഹം അതിന് നൽകിയ മറുപടി ഇപ്രകാരമായിരുന്നു:

“അദ്ദേഹം പറഞ്ഞു: എന്നാൽ അവരുടെ കൂട്ടത്തിലെ ഈ വലിയവനാണ് അതു ചെയ്തത്. അവർ സംസാരിക്കുമെങ്കിൽ നിങ്ങൾ അവരോട് ചോദിച്ചുനോക്കൂ” (21:63).

ഇബ്‌റാഹീം ﷺ നല്ല ഒരു യുക്തിയല്ലേ ഇവിടെ പ്രയോഗിച്ചത്? തങ്ങൾ ആരാധിക്കുന്നവ തങ്ങളെ വകവരുത്തിയതാരെന്ന് പോലും പറയാൻ കഴിയാത്തവരാണ്. എങ്കിൽ അവർ എങ്ങനെ നമ്മുടെ കാര്യത്തിൽ സഹായിക്കും, സ്വന്തത്തെ പോലും രക്ഷിക്കാൻ കഴിയാത്തവരെങ്ങനെ മറ്റുള്ളവരെ പ്രയാസങ്ങളിൽ നിന്നും ദുരിതങ്ങളിൽ നിന്നും രക്ഷിക്കും എന്നൊക്കെ അവരെ ചിന്തിപ്പിക്കുന്ന മറുപടിയാണ് നൽകിയത്. അപ്രകാരം സംഭവിക്കുകയും ചെയ്തു:

“അപ്പോൾ അവർ സ്വമനസ്സുകളിലേക്ക് തന്നെ മടങ്ങി. എന്നിട്ടവർ (അന്യോന്യം) പറഞ്ഞു: തീർച്ചയായും നിങ്ങൾ തന്നെയാണ് അക്രമകാരികൾ” (21:64).

ഒരു നിമിഷത്തേക്ക് തങ്ങളുടെ വിശ്വാസം പ്രമാണങ്ങൾക്കും ബുദ്ധിക്കും നിരക്കാത്ത അന്ധവിശ്വാസമാണെന്നും ഇബ്‌റാഹീംﷺ പറയുന്നതാണ് യാഥാർഥ്യമെന്നും അവർക്ക് അംഗീകരിക്കേണ്ടിവന്നു. എന്നാൽ പിശാച് അവരെ അവരുടെ ബഹുദൈവ വിശ്വാസത്തിൽ തന്നെ തളച്ചിടുകയായിരുന്നു.

“പിന്നെ അവർ തല കുത്തനെ മറിഞ്ഞു. (അവർ പറഞ്ഞു:) ഇവർ സംസാരിക്കുകയില്ലെന്ന് നിനക്കറിയാമല്ലോ” (21:65).

ഉത്തരം മുട്ടിയപ്പോൾ ഇളിഭ്യരായി അവർ തങ്ങളുടെ അന്ധവിശ്വാസത്തെ ന്യായീകരിക്കുകയാണ് ചെയ്തത്. ഇത് പ്രവാചകന്മാർ പ്രതിനിധാനം ചെയ്യുന്ന ആദർശത്തിന് എതിര് നിൽക്കുന്നവരുടെ പതിവ് രീതിയാണ്. അവർ ഇപ്രകാരം ഇബ്‌റാഹീം നബിﷺനോട് ചോദിച്ചപ്പോൾ വീണ്ടും ഒരു തിരിച്ചടി നൽകിക്കൊണ്ട് അദ്ദേഹം അവരോട് പറഞ്ഞു:

“അദ്ദേഹം പറഞ്ഞു: അപ്പോൾ നിങ്ങൾക്ക് യാതൊരുപകാരമോ ഉപദ്രവമോ ചെയ്യാത്ത വസ്തുക്കളെ അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുകയാണോ? നിങ്ങളുടെയും, അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവരുടെയും കാര്യം അപഹാസ്യം തന്നെ. നിങ്ങൾ ചിന്തിക്കുന്നില്ലേ” (21:66-67).

അല്ലാഹു അല്ലാതെ ഉപകാരം ചെയ്യുന്നവനോ ഉപദ്രവം തടുക്കുന്നവനോ ആയി വേറെ ആരുമില്ലെന്നും നിങ്ങൾ ആരാധിക്കുന്നവ യാതൊരു ഉപകാരവും ഉപദ്രവവും വരുത്തുകയില്ലെന്നും അവരെ യുക്തിപൂർവം ബോധ്യപ്പെടുത്തിയിട്ടും അവർ അദ്ദേഹത്തിനെതിരിൽ തീരുമാനിച്ചത് ഇപ്രകാരമായിരുന്നു:

“അവർ പറഞ്ഞു: നിങ്ങൾക്ക് (വല്ലതും) ചെയ്യാനാകുമെങ്കിൽ നിങ്ങൾ ഇവനെ ചുട്ടെരിച്ചുകളയുകയും നിങ്ങളുടെ ദൈവങ്ങളെ സഹായിക്കുകയും ചെയ്യുക” (21:68).

അല്ലാഹുവിന്റെ സന്ദേശങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുമ്പോൾ കാലങ്ങളായി എതിരാളികൾ പുലർത്തിപ്പോരുന്ന പ്രവണതയാണ് പ്രബോധകരെ പരിഹസിക്കലും കൂക്കിവിളിക്കലും കല്ലെറിയലും കൊലപാതകവുമെല്ലാം! ഇത് ആരാണ് സത്യമാർഗത്തിലെന്ന് ജനങ്ങൾക്ക് തിരിച്ചറിയാനുള്ള ഒരു മാർഗമായും നമുക്ക് ഗ്രഹിക്കാം. കാരണം ശത്രുക്കൾ അവരുടെ ആദർശം പ്രബോധനം നടത്തുന്ന വേളയിൽ പ്രവാചകന്മാർ കൂക്കിവിളിക്കുകയോ കല്ലെറിയുകയോ കൊലചെയ്യുകയോ ചെയ്തിട്ടില്ല; ഒരിക്കലും.

ഇബ്‌റാഹീംﷺനെ ശത്രുക്കൾ തീയിലിട്ട് കൊല്ലാൻ തീരുമാനിച്ചു. പക്ഷേ, അല്ലാഹു അദ്ദേഹത്തെ അത്ഭുതകരമായി രക്ഷപ്പെടുത്തി:

“നാം പറഞ്ഞു: തീയേ, നീ ഇബ്‌റാഹീമിന് തണുപ്പും സമാധാനവും ആയിരിക്കുക”(21:69).

ഈ അത്ഭുതത്തെ പൂർണമായി ഉൾക്കൊള്ളാൻ കഴിയാത്ത ചില ആളുകളുണ്ട്. ഇതെല്ലാം ആലങ്കാരിക പ്രയോഗമാണെന്നു പറഞ്ഞ് ഈ മഹത്തായ സംഭവത്തെ നിഷേധിക്കുന്നവരാണവർ. മത്സ്യത്തിന് വെള്ളത്തിൽ ജീവിക്കുവാനുള്ള കഴിവ് നൽകിയ, പറവകൾക്ക് വായുവിൽ പാറിപ്പറക്കാനുള്ള കഴിവ് നൽകിയ അല്ലാഹു... അവൻ ഓരോ സൃഷ്ടിക്കും വ്യത്യസ്ത കഴിവുകൾ നൽകിയവനാണല്ലോ. തീ എന്ന അല്ലാഹുവിന്റെ സൃഷ്ടിക്ക് ചൂടെന്ന പ്രതിഭാസം നൽകിയ അല്ലാഹുവിന് അതിന് തണുപ്പ് നൽകുവാൻ എന്ത് പ്രയാസം? എല്ലാത്തിനും കഴിവുള്ളവനാണ് അല്ലാഹു എന്ന് വിശ്വസിക്കുന്ന ഒരാൾക്ക് ഇതിൽ അവിശ്വസനീയമായി യാതൊന്നുമില്ല.

ശത്രുക്കളുടെ തന്ത്രങ്ങളെ തകർത്തു കളയാൻ അല്ലാഹുവിന് യാതൊരു പ്രയാസവുമില്ല. ഇബ്‌റാഹീം നബിﷺയുടെ വിഷയത്തിൽ അതാണ് സംഭവിച്ചത്:

“അദ്ദേഹത്തിന്റെ കാര്യത്തിൽ ഒരു തന്ത്രം പ്രയോഗിക്കുവാൻ അവർ തീരുമാനിച്ചു. എന്നാൽ അവരെ ഏറ്റവും നഷ്ടം പറ്റിയവരാക്കുകയാണ് നാം ചെയ്തത്” (21:70).

നൂഹ് നബിﷺ തന്റെ ജനതയോട് പ്രബോധനം നടത്തിയ വേളയിൽ അവരുടെ പ്രതികരണം ഇപ്രകാരമായിരുന്നു:

“അവർ പറഞ്ഞു: നൂഹേ, നീ ഞങ്ങളോട് തർക്കിച്ചു. വളരെയേറെ തർക്കിച്ചു. എന്നാൽ നീ സത്യവാന്മാരിലാണെങ്കിൽ നീ ഞങ്ങൾക്ക് താക്കീത് നൽകിക്കൊണ്ടിരിക്കുന്നത് (ശിക്ഷ) ഞങ്ങൾക്കു നീ ഇങ്ങു കൊണ്ടുവരൂ” (11:32).

തങ്ങളുടെ പക്കൽ ന്യായമില്ലെന്ന് മനസ്സിലാക്കിയ ജനങ്ങൾ ‘നീ തർക്കിക്കുകയാണ്’ എന്ന് പറഞ്ഞ് ഒഴിവാകുകയാണ് ചെയ്തത്.

അബ്ദുൽ മുസ്വവ്വിർ
mail@nerpatham.com

ലേഖനം

# സോഷ്യൽ മീഡിയ വിശ്വാസിയെ നാശത്തിലേക്ക് നയിക്കുന്നുവോ?

ഇസ്‌ലാമിക പ്രബോധനരംഗം മുൻപത്തെക്കാളുമുപരി ചലനാത്മകമാണിന്ന്. പണ്ഡിതന്മാർ, അതിൽ തന്നെ വളരെ എണ്ണപ്പെട്ട ചിലർ മാത്രം നടത്തിയിരുന്ന പ്രബോധന പ്രവർത്തനങ്ങൾ ഇന്ന് ജനകീയമായി മാറി. ശരാശരി മതബോധമുള്ള മിക്കവരും തങ്ങളെക്കൊണ്ട് കഴിയുന്ന രീതിയിൽ ഈ രംഗത്ത് സജീവമായി ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുന്ന അവസ്ഥയാണെങ്ങും. പ്രത്യേകിച്ച്, സോഷ്യൽ മീഡിയയുടെ അതിവേഗത്തിലുള്ള കടന്നുകയറ്റം ഈ പ്രവർത്തനങ്ങൾക്ക് ഊടും പാവും നൽകി.

കൈയിലിരിക്കുന്ന മൊബൈൽ ഫോണിന്റെ സെർച്ച് ബട്ടണിൽ വിരലൊന്നമർത്തിയാൽ ലോകത്തുള്ള സർവ വിവരങ്ങളും നമ്മുടെ മുന്നിലേക്ക് ഒന്നൊന്നായി തെളിഞ്ഞുവരുന്ന രീതിയിൽ വിവര സാങ്കേതിക വിദ്യ കുതിപ്പ് തുടരുകയാണ്. പ്രൈമറി വിദ്യാഭ്യാസം പോലും ലഭിക്കാത്ത പലരും വർഷങ്ങളോളം കിതാബോതിയവരെപ്പോലും കവച്ചുവെക്കുന്ന പ്രാഗത്ഭ്യം തെളിയിക്കുന്ന തലത്തിലേക്ക് കാര്യങ്ങൾ എത്തി നിൽക്കുന്നു. ഉസ്താദ് പറയുന്നത് മുഴുവൻ അപ്പടി വിഴുങ്ങിയിരുന്ന കാലമൊക്കെ പഴങ്കഥയായിത്തുടങ്ങി. മതത്തിൽ ആര് എന്ത് പറഞ്ഞാലും അതിന് തെളിവ് ചോദിക്കുന്ന തരത്തിലേക്ക് സാധാരണക്കാർ മാറി.

ഈ നന്മകളെയൊക്കെ തകർത്തു തരിപ്പണമാക്കുന്ന ഗുരുതരമായ ചില തിന്മകളും ഇവിടെ കൂട്ടിവായിക്കേണ്ടതുണ്ട്. ഒരിക്കലും ഒരു വിശ്വാസിയിൽ നിന്നും ഉണ്ടാകാൻ പാടില്ലാത്ത തരത്തിലുള്ള പദപ്രയോഗങ്ങളും പരിഹാസ ശരങ്ങളും ആക്ഷേപവാക്കുകളുംകൊണ്ട് മുഖരിതമാണിന്ന് സോഷ്യൽ മീഡിയ. ആദർശപരമായ അഭിപ്രായ വ്യത്യാസങ്ങൾ വ്യക്തിവിദ്വേഷത്തിലേക്ക് വഴിമാറുന്ന അതിദാരുണമായ അവസ്ഥയാണ് നാമിന്ന് കാണുന്നത്. മനസ്സിൽ തോന്നുന്നതെന്തും കൊണ്ട് പോയി ഛർദിക്കാനുള്ള ഇടമായി വാട്സാപ്പും ഫെയ്സ്ബുക്കും മാറിക്കഴിഞ്ഞു. മറ്റു ചിലരാകട്ടെ ചില പണ്ഡിതരുടെ ഫാൻസ് അസോസിയേഷൻ അംഗങ്ങളെപ്പോലെയാണ്. പണ്ഡിതന്മാരുടെയും മറ്റും പച്ചയിറച്ചി തെരുവു നായ്ക്കളെപ്പോലെ അങ്ങോട്ടുമിങ്ങോട്ടും കടിച്ചുപറിക്കുമ്പോൾ പോസ്റ്റ് ചെയ്തവൻ നോക്കുന്നത് തന്റെ പോസ്റ്റിന് എത്ര ലൈക് കിട്ടി എന്ന് മാത്രമായിരിക്കും! ഈ പണ്ഡിതന്മാർ അറിഞ്ഞിട്ട് പോലുമുണ്ടാവില്ല തങ്ങളുടെ പേരിൽ കാട്ടിക്കൂട്ടുന്ന ഈ തോന്ന്യാസങ്ങൾ! ഖബ്ർ ശിക്ഷയും പരലോകവുമൊക്കെ മറ്റുള്ളവർക്ക് മാത്രമുള്ളതാണ്, തങ്ങൾക്കതൊന്നുമില്ല എന്നാണോ ഈ കൂട്ടർ ധരിച്ചുവെച്ചിട്ടുള്ളത് എന്ന് തോന്നിപ്പോകും ഇതൊക്കെ കാണുമ്പോൾ.

നബിﷺ ഒരിക്കൽ അനുയായികളോട് ചോദിച്ചു: "പാപ്പരായവൻ ആരാണെന്ന് നിങ്ങൾക്കറിയുമോ?" സ്വഹാബികൾ പറഞ്ഞു: "തന്റെ കൈയിൽ ഒരു ദീനാറോ വിഭവമോ ഇല്ലാത്തവൻ ആണ് ഞങ്ങളിൽ പാപ്പരായവർ." അപ്പോൾ നബിﷺ പറഞ്ഞു: "എന്റെ സമുദായത്തിലെ പാപ്പരായവൻ ഒരുവനാകുന്നു; അവൻ നമസ്കാരവും നോമ്പും സകാത്തുമൊക്കെയായി പരലോകത്ത് വരും. പക്ഷേ, അവൻ ഒരാളെ ആക്ഷേപിച്ചിട്ടുണ്ട്. മറ്റൊരാളുടെ ധനം അന്യായമായി ഭക്ഷിച്ചിട്ടുണ്ട്. മറ്റൊരാളുടെ രക്തം ചിന്തിയിട്ടുണ്ട്. മറ്റൊരാളെ അക്രമിച്ചിട്ടുണ്ട്. ഇതിനെല്ലാം പകരമായി അയാളുടെ നന്മകളിൽ നിന്നും അവർക്ക് നൽകപ്പെടും. എന്നിട്ടും അയാളുടെ പാപങ്ങൾ ബാക്കിയാവുകയാണെങ്കിൽ അവരുടെ പാപങ്ങളിൽ നിന്ന് ഇവന് നൽകപ്പെടും. അവസാനം അയാൾ നരകത്തിലേക്ക് വലിച്ചെറിയപ്പെടും"(തിർമിദി).

ചിലർ കിട്ടിയ സന്ദേശങ്ങൾ സത്യമാണോ അസത്യമാണോ അർധസത്യമാണോ എന്നൊന്നും നോക്കാതെ ഫൊർവേഡ് ചെയ്യാനുള്ള തിരക്കിലാണ്. ആയിരങ്ങൾ ഷെയർ ചെയ്ത ശേഷമായിരിക്കും കാര്യം കളവാണ് എന്നറിയുന്നതും പരിതപിക്കുന്നതും. ഇത്തരക്കാർ "കേട്ടതെല്ലാം പറയൽ തന്നെ ഒരാൾക്ക് കളവായി മതിയാകുന്നതാണ്" (മുസ്‌ലിം) എന്ന നബിവചനം ഓർക്കേണ്ടതുണ്ട്.

പ്രത്യക്ഷത്തിൽ യാതൊരു തിന്മയും ചെയ്യാത്തവർ എന്നു മാത്രമല്ല, നന്മകളൊരുപാട് ചെയ്യുന്നവരാണ് പലരും. പക്ഷേ, മറ്റുള്ളവരുടെ അഭിമാനം വ്രണപ്പെടുത്തി പരലോകം നഷ്ടപ്പെടുത്തുന്ന പണിയെടുത്തിട്ട് ഈ നന്മകൾകൊണ്ടെന്ത് കാര്യം? തെറ്റുകൾ പറ്റാത്തവരായി പ്രവാചകന്മാർ മാത്രമെ ഉണ്ടാവുകയുള്ളൂ. പക്ഷേ, തെറ്റ് പറ്റിയാൽ അത് തിരുത്തുന്നത് അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള കാര്യമാകുന്നു. 'ഉറപ്പോടെ നൂൽ നൂറ്റ ശേഷം അതിന്റെ ഇഴകൾ ഓരോന്നായി ഉടച്ച സ്ത്രീയെപ്പോലെയാകരുത് നിങ്ങൾ' എന്ന് വിശുദ്ധ ക്വുർആൻ സൂറതുന്നഹ്‌ലിലെ 92-ാം വചനത്തിൽ നമ്മെ ഉണർത്തുന്നത് നാം മറക്കരുത്.

സാമൂഹ്യ മാധ്യമങ്ങളും അല്ലാഹു നമുക്ക് നൽകിയ കഴിവുകളുമെല്ലാം നന്മയിൽ മാത്രം ഉപയോഗപ്പെടുത്തി സ്വർഗം കരസ്ഥമാക്കുന്ന യഥാർഥ വിശ്വാസികളായി മാറുവാൻ നാം പരിശ്രമിക്കേണ്ടതുണ്ട്. ●

ശമീർ നദ്‌വി ബാലുശ്ശേരി
shameerbalussery@gmail.com

ലേഖനം



# വിത്ത് വിതക്കുന്ന ഒഴിവുകാലം

സമയം കാത്തുസൂക്ഷിക്കപ്പെടേണ്ട നിധിയാണ്. അത് നന്മയിൽ വിനിയോഗിച്ചില്ലെങ്കിൽ തിന്മയായി പരിണമിക്കും. അധ്യാപകരും വിദ്യാർഥികളും വേനൽ അവധിയിലേക്ക് പ്രവേശിച്ചിരിക്കുന്നു. അവധി ദിവസങ്ങൾ ജീവിതത്തിലെ പരീക്ഷണമായി കരുതപ്പെടണം. എങ്ങനെ ആ ദിവസങ്ങളെ ചെലവഴിക്കാം എന്നത് ഏറെ പ്രാധാന്യമുള്ള കാര്യമാണ്. രക്ഷിതാക്കളും കാര്യദർശികളും ഈ സുവർണാവസരം ഇഹപരഗുണമുള്ള നിമിഷങ്ങളാക്കി മാറ്റാൻ തികഞ്ഞ ശ്രദ്ധ ഉള്ളവരാകണം. സൂക്ഷ്മമായ പ്ലാനിംഗോടെ ഈ ദിവസങ്ങളെ സമീപിച്ചാൽ നല്ല ഫലം കൊയ്തെടുക്കുവാൻ നമുക്ക് സാധിക്കും.

ഒന്നാമതായി നാം സമയത്തിന്റെ മൂല്യത്തെ തിരിച്ചറിയണം. നഷ്ടപ്പെട്ടാൽ തിരിച്ചുപിടിക്കാൻ കഴിയാത്ത അമൂല്യ അനുഗ്രഹമാണ് സമയം. തികഞ്ഞ ജാഗ്രത പുലർത്തേണ്ട ഒന്നായി സമയത്തെ സമീപിക്കുവാൻ നമുക്ക് സാധിക്കണം.

ഇമാം ഇബ്നുൽ കയ്യിം (റഹി) പറയുന്നു: "വർഷം ഒരു വൃക്ഷമാണ്. മാസങ്ങൾ അതിലെ ശാഖകളും, ദിവസങ്ങൾ അതിലെ ചില്ലകളുമാണ്. മണിക്കൂറുകൾ അതിലെ ഇലകളാണ്. അതിലെ സെക്കന്റുകൾ ഫലങ്ങളുമാണ്. ആരുടെയെങ്കിലും നിമിഷങ്ങളെ നന്മയിലും അനുസരണത്തിലും വിനിയോഗിച്ചാൽ ഫലം നന്നാവും. അത് തിന്മയിലും ധിക്കാരത്തിലുമാണ് വിനിയോഗിക്കപ്പെടുന്നതെങ്കിൽ അതിന്റെ ഫലം എത്ര ചീത്ത. വിളവെടുപ്പിന്റെ സമയത്ത് അവൻ അതിന്റെ കയ്പ്പ് അനുഭവിക്കും" (അൽഫവാഇദ്, പേജ് 164).

അബൂബർസത്ത് അൽ അസ്‌ലമി ﷺ നിവേദനം. റസൂൽ ﷺ പറഞ്ഞു: "അന്ത്യനാളിൽ ഏതൊരടിമയുടെയും കാൽ മുന്നോട്ട് നീങ്ങുകയില്ല, അവൻ ചോദ്യം ചെയ്യപ്പെട്ടിട്ടല്ലാതെ. അവന്റെ ആയുസ്സിനെക്കുറിച്ച്; അത് എങ്ങനെ ചെലവഴിച്ചു എന്ന്. അവന്റെ അറിവിനെക്കുറിച്ച്; അതുകൊണ്ട് എന്ത് നിർവഹിച്ചു എന്ന്. അവന്റെ ധനത്തെക്കുറിച്ച്; അത് എവിടെനിന്ന് സമ്പാദിച്ചു, എങ്ങനെ വിനിയോഗിച്ചു എന്ന്. അവന്റെ ശരീരത്തെക്കുറിച്ച്; അത് എങ്ങനെ നശിപ്പിച്ചു എന്ന്" (അഹ്മദ്).

രണ്ടാമതായി നമുക്ക് വേണ്ടത് ഒഴിവുസമയത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച്ചയാണ്.

ഇബ്നു അബ്ബാസ്ﷺ നിവേദനം. റസൂൽﷺ പറഞ്ഞു: “രണ്ട് അനുഗ്രഹങ്ങൾ, അതിൽ അധികമാളുകളും വഞ്ചിതരാണ്. ആരോഗ്യവും ഒഴിവ് സമയവവും” (അഹ്മദ്).

ഇന്ന് എല്ലാവരും വലിയ തിരക്കിലാണ്. ‘സമയമില്ല’ ‘ബിസിയാണ്’ തുടങ്ങിയ പ്രയോഗങ്ങൾ അധികരിച്ചിരിക്കുന്നു. എല്ലാ ആധുനിക സൗകര്യങ്ങളും ഉണ്ടായിട്ടും സമയം തികയുന്നില്ല. തന്റെ ആവശ്യങ്ങളും കടമകളും പൂർണമായും നിർവഹിക്കപ്പെടാൻ സാധിക്കാതെ വരുമ്പോഴാണ് ഇത്തരം വാക്കുകൾ കൊണ്ട് പലരും രക്ഷപ്പെടുന്നത്. ഒഴിവു വേളകളെ ഫലപ്രദമായി വിനിയോഗിക്കുമ്പോൾ ചുമതലകളും ഉത്തരവാദിത്തങ്ങളും വീഴ്ചയില്ലാതെ നിർവഹിക്കാൻ നമുക്ക് സാധിക്കും.

അല്ലാഹു പറയുന്നു: “ആകയാൽ നിനക്ക് ഒഴിവ് കിട്ടിയാൽ നീ അധ്വാനിക്കുക” (94:7).

ജീവിത ഭാരവും ബാധ്യതകളും അധികരിക്കുന്നതിന് മുമ്പ് നിർവഹിക്കേണ്ട ധർമങ്ങൾ നിറവേറ്റാൻ നാം ശ്രദ്ധിക്കണം. തിരക്ക് പിടിച്ച അവസ്ഥകൾ വരുന്നതിനു മുമ്പ് ഒഴിവ് സമയങ്ങളെ മുൻകൂട്ടി ഉപയോഗപ്പെടുത്തി മുൻകരുതൽ സ്വീകരിക്കുന്നവനാണ് യഥാർഥ വിവേകി.

അഞ്ച് കാര്യങ്ങൾ വരുന്നതിന് മുമ്പ് അഞ്ച് മുൻകരുതലുകൾ നടത്തുവാൻ നബിﷺ നിർദേശിച്ചത് ശ്രദ്ധേയമാണ്. ‘നിന്റെ തിരക്കുകൾക്ക് മുമ്പ് നിന്റെ ഒഴിവ് വേളകളെ (നീ ഉപയോഗപ്പെടുത്തുക)’ എന്നതാണ് അതിലൊന്ന്.

ഒഴിവ് വേള എന്നാൽ വിശ്രമത്തിനും വിനോദത്തിനും മാത്രമുള്ള സമയമല്ല.

ഇബ്നു മസ്ഊദ് ﷺ പറഞ്ഞു: “തീർച്ചയായും, ഒഴിവ് സമയമുണ്ടായിട്ടും ഇഹലോകത്തിനോ പരലോകത്തിനോ യാതൊന്നും പ്രവർത്തിക്കാത്തവനോട് ഞാൻ കഠിനമായി കോപമുള്ളവനാകുന്നു.”

**കരുതിയിരിക്കുക; സമയം കൊല്ലികളെ**

വശ്യമായ പല ഉപകരണങ്ങളും നമ്മുടെ സമയം ധാരാളമായി കവർടുക്കുന്നു. ആവശ്യത്തിന് ഉപയോഗിക്കുക എതിൽനിന്ന് മാറി അത് വിനോദത്തിന്റെ തലത്തിലേക്ക് പരിണമിച്ചിരിക്കുന്നു. ക്രിയാത്മകമായി വിനിയോഗിക്കപ്പെടേണ്ട വിലപ്പെട്ട സമയം വിനോദത്തിൽ മുഴുകി പാഴായിപ്പോകുന്നു. ആധുനിക മീഡിയകളിൽ ബന്ധിക്കപ്പെട്ട ന്യൂജനറേഷൻ അറിഞ്ഞും അറിയാതെയും അതിന്റെ മാസ്മരിക ലഹരിയിൽ അടിമപ്പെട്ടുപോകുന്നു. സ്ക്രീനിൽ വീഴുന്ന ഓരോടച്ചുകളുടെയും വിഷ ഫലങ്ങൾ മനസ്സിനെ എത്ര ഭീകരമായാണ് വധിച്ചുകൊണ്ടിരിക്കുന്നത് എന്ന് സമകാലിക സംഭവവികാസങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

ഒഴിവു ദിനങ്ങൾ പാപങ്ങൾ ചെയ്യാനുള്ള അവസരമാക്കി മാറ്ററുത്. ദുഃശ്ശീലങ്ങളും ദുശ്ചിന്തകളും ഒഴിവുവേളയിൽ എളുപ്പം നമ്മെ വേട്ടയാടും. അവസരങ്ങളും ചീത്ത കൂട്ടുകെട്ടുമാണ് പലപ്പോഴും തിന്മകൾക്കുള്ള വഴി എളുപ്പമാക്കുന്നത്. അത്തരം വഴികൾ അടച്ചിടുവാനും സാഹചര്യങ്ങൾ ഇല്ലായ്മ ചെയ്യുവാനും രക്ഷിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം.

**സമഗ്ര ആസൂത്രണം**

ഒഴിവ് സമയം ക്രിയാത്മകമാക്കാൻ പ്രഥമമായി വേണ്ടത് ആസൂത്രണമാണ്. കൃത്യവും നിർണിതവുമായ ഫലങ്ങൾ നേടിയെടുക്കാൻ ക്രമാനുഗതമായ മുന്നൊരുക്കങ്ങൾ നാം നടത്തേണ്ടതുണ്ട്. ഫലങ്ങൾ എന്തെല്ലാമാണ് എന്ന് നിർണയിക്കപ്പെടുമ്പോഴാണ് അത് നേടിയെടുക്കാൻ ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുക. അതുകൊണ്ട് ‘ലക്ഷ്യവും’ ‘ഫലവും’ കൃത്യമാവണം. വൈജ്ഞാനിക, ആത്മീയ, സാമൂഹിക, വൈയക്തിക തലങ്ങളിൽ ഒഴിവുസമയം വിനിയോഗിക്കാൻ ശ്രദ്ധിക്കണം.

സ്വന്തം അഭിരുചിക്കനുസരിച്ച് ഈ മേഖലകളിൽ ചിലതിന് പ്രാധാന്യം നൽകി വരാറുണ്ട്. ഈ തലങ്ങളെ പരിഗണിച്ചുകൊണ്ടുള്ള കൃത്യമായ ആസൂത്രണമാണ് നടത്തേണ്ടത്.

ക്വുർആനിൽനിന്ന് മനഃപാഠമാക്കേണ്ട ഭാഗങ്ങൾ നിശ്ചയിക്കുക. ഇസ്‌ലാമികവും അല്ലാത്തതുമായ, നിശ്ചിത സമയത്ത് വായിച്ച് തീർക്കേണ്ട പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക. വൈജ്ഞാനികവും ബൗദ്ധികവുമായ ശേഷികൾ ആർജിക്കുവാൻ ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുക. കമ്പ്യൂട്ടർ പരിശീലനം, ഡ്രൈവിംഗ് പരിശീലനം, നീന്തൽ പരിശീലനം തുടങ്ങി വിവിധ ശേഷികൾ വികസിപ്പിച്ചെടുക്കുക. ലൈബ്രറികൾ, വൈജ്ഞാനിക സദസ്സുകൾ, ക്വുർആൻ- ഹദീഥ് പഠന ക്ലാസ്സുകൾ, (കുട്ടികൾ)മോറൽ സ്കൂൾ തുടങ്ങിയവയിൽ പങ്കെടുക്കാനുള്ള സമയം കണ്ടെത്തുക. ദഅ്‌വ പ്രവർത്തനങ്ങൾക്കും കുടുംബ സന്ദർശനത്തിനും രോഗികളെ സന്ദർശിക്കുന്നതിനും.

**സമയം നീക്കിവെക്കുക.**

നാം ശക്തമായ പരിശ്രമങ്ങൾ നടത്തേണ്ടവരാണ്. കാരണം നമ്മുടെ മുൻഗാമികൾ വൈജ്ഞാനികവും നാഗരികവുമായ ധാരാളം ശേഷിപ്പുകൾ അടയാളപ്പെടുത്തി കടന്നുപോയവരാണ്. മത, ശാസ്ത്ര, സാങ്കേതിക, വൈജ്ഞാനിക മണ്ഡലങ്ങളിൽ അവരുടെ മികച്ച സംഭാവനകൾ ഇന്നും ലോകത്തിന് വഴികാട്ടിയാണ്. ഇന്ന് നമ്മുടെ അവസരമാണ്. നമ്മുടെ ശേഷിയും വിഭവങ്ങളും ക്രിയാത്മകമായി വിനിയോഗിക്കപ്പെടണം. വരും തലമുറകൾ നമ്മെ അനുസ്മരിക്കുന്ന അടയാളപ്പെടുത്തലുകൾ ഇവിടെ നിർവഹിക്കപ്പെടണം. കർമശേഷികളെ തിരിച്ചറിയുവാനും അവസരങ്ങൾ സൃഷ്ടിക്കുവാനുമുള്ള സുവർണ വേളയായി ഒഴിവുകാലത്തെ കാണണം.

അല്ലാഹു പറയുന്നു: “ഹേ, മനുഷ്യാ നീ നിന്റെ രക്ഷിതാവിങ്കലേക്ക് കഠിനമായ അധ്വാനം നടത്തി ചെല്ലുന്നവനും അങ്ങനെ അവനുമായി കണ്ടുമുട്ടുന്നവനുമാകുന്നു” (84:6).

ദുൽക്കർഷാൻ.എ
dulkaralr@gmail.com

# സൗഹൃദം



മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന ബഷീറും ഫാസിലും നല്ല കൂട്ടുകാരായിരുന്നു. അവരുടെ സൗഹൃദത്തിന്റെ ആഴം കാണുമ്പോൾ അധ്യാപകർ പോലും അത്ഭുതപ്പെടാറുണ്ട്. ഫാസിൽ സമ്പന്നനായ ഒരു പിതാവിന്റെ മകൻ. ബഷീറാകട്ടെ വളരെ ദരിദ്രനും. സമ്പന്നന്റെ മകനാണെന്ന അഹങ്കാരമൊന്നും ഫാസിലിനില്ല. അവന് ബഷീറിനെ വളരെ ഇഷ്ടമാണ്.

ഒരിക്കൽ തന്റെ കയ്യിൽ ആകെ ഉണ്ടായിരുന്ന ഒരു മുറിയൻ പെൻസിൽ സ്കൂളിലേക്ക് വരുന്ന വഴിയിൽ നഷ്ടപ്പെട്ട ബഷീർ കരഞ്ഞുകൊണ്ടാണ് ക്ലാസ്സിൽ എത്തിയത്. ഇംഗ്ലീഷ് ക്ലാസ്സിൽ അക്ഷരങ്ങൾ എഴുതാൻ പറഞ്ഞപ്പോൾ എഴുതാതിരിക്കുന്ന ബഷീറിനെ ടീച്ചർ അടിക്കുവാനായി അടുത്തേക്ക് വിളിച്ചു. പേനയില്ലെന്നു പറഞ്ഞപ്പോൾ ടീച്ചർക്ക് ദേഷ്യം വർധിച്ചു. ആ സമയത്ത് ഫാസിൽ ആർക്കും അതുവരെ നൽകാതിരുന്ന, തന്റെ ഉപ്പ ഗൾഫിൽ നിന്നും കൊണ്ടുവന്ന പുതിയ പേന തന്റെ കൂട്ടുകാരന്റെ നേർക്ക് നീട്ടി. ആ സ്നേഹപ്രകടനത്തിനു മുമ്പിൽ ടീച്ചർ തലതാഴ്ത്തി. ബഷീറിന് ഇതുപോലെ പലസഹായങ്ങളും ലഭിച്ചിട്ടുണ്ട് തന്റെ പ്രിയകൂട്ടുകാരൻ ഫാസിലിൽ നിന്ന്.

ഒരിക്കൽ പെരുന്നാളിനു മുമ്പ് ക്ലാസ്സിൽ ഓരോരുത്തരും പെരുന്നാൾ ദിവസം ധരിക്കാൻ എടുത്ത പുതുവസ്ത്രങ്ങളെ കുറിച്ച് ചർച്ചചെയ്യുകയാണ്. ഓരോരുത്തരും തങ്ങൾക്ക് എടുത്ത വസ്ത്രങ്ങളെ കുറിച്ച് പറഞ്ഞുതുടങ്ങി.

റഊസ് പറഞ്ഞു: "എനിക്ക് പുതിയ മോഡൽ പാന്റ്സും ഷർട്ടുമാണ് എടുത്തിട്ടുള്ളത്."

ഷാഹിദ് പറഞ്ഞു: "എനിക്ക് ജീൻസ് പാന്റും ടീ-ഷർട്ടുമാണ് എടുത്തിട്ടുള്ളത്."

കൂട്ടുകാർ ഇത് പറയുമ്പോൾ ബഷീർ കൗതുകത്തോടെ ഓരോരുത്തരെയും നോക്കിയിരുന്നു. ഫാസിലിന്റെ ഊഴമെത്തിയപ്പോൾ അവൻ പറഞ്ഞു: "എന്റെ ഉപ്പ പെരുന്നാളിന്റെ മൂന്ന് ദിവസം മുമ്പ് നാട്ടിലെത്തും. എന്നിട്ട് ഉപ്പാന്റെ കൂടെ പോയി ഞാൻ ഡ്രസ്സെടുക്കും."

അപ്പോഴേക്കും ബെല്ലടിച്ചു. സ്കൂൾ വിട്ടു. ഗെയ്റ്റിനടുത്തെത്തിയപ്പോൾ ഫാസിൽ ബഷീറിനോട് ചോദിച്ചു: "ബഷീറേ, നീ എന്താണ് എടുത്തത്?"

ബഷീർ ഫാസിലിനെ നോക്കി ചിരിച്ചു. കണ്ണുകൾ കൊണ്ട് ആംഗ്യം കാണിച്ചു. ഇല്ല! ഫാസിൽ സ്കൂൾ വാഹനത്തിൽ കയറിപോയി.

ഫാസിലിന്റെ ഉപ്പ വന്നു. അവർ ഡ്രസ്സെടുക്കാൻ ടൗണിൽ പോയി. നല്ല ഭംഗിയുള്ള രണ്ടുകൂട്ടം ഡ്രസ്സെടുത്തു. നേരെ പോയത് ബഷീറിന്റെ വീട്ടിലേക്ക്.

"ബഷീറേ... ബഷീറേ..." ഫാസിൽ മുറ്റത്തുനിന്ന് ഉറക്കെ വിളിച്ചു.

അകത്തുനിന്ന് ബഷീറിന്റെ ഉമ്മ പുറത്തേക്ക് വന്നു. അവർ ഫാസിലിനെയും ഉപ്പയെയും വീട്ടിലേക്ക് ക്ഷണിച്ചു. ഫാസിൽ ബഷീറിനെ അന്വേഷിച്ചു.

"അവൻ പറമ്പിൽ പന്തുകളിയിലാണ്" ഉമ്മ പറഞ്ഞു.

അവർ മുറ്റത്തിറങ്ങി ബഷീറിനെ ഉറക്കെ വിളിച്ചു. അവൻ ഓടിയെത്തി. മുറ്റത്ത് നിർത്തിയിട്ട കാർ കണ്ട് അവൻ അമ്പരന്നു. സലാം പറഞ്ഞ് അകത്തു കയറിയപ്പോൾ കൂട്ടുകാരനെയും ഉപ്പയെയും കണ്ട അവൻ ആശ്ചര്യപ്പെട്ടു.

ഫാസിൽ കയ്യിലുള്ള കവർ ബഷീറിനു നേരെ നീട്ടി: "ഇതാ, ഇത് നിനക്കുള്ള പെരുന്നാൾ വസ്ത്രമാണ്."

ബഷീർ വിശ്വസിക്കാനാകാതെ നിൽക്കുമ്പോൾ ഫാസിലിന്റെ ഉപ്പ പറഞ്ഞു: "വാങ്ങ് മോനേ, നിനക്ക് പെരുന്നാളിന് പുതുവസ്ത്രമെടുക്കുന്നില്ലെങ്കിൽ തനിക്കും വേണ്ട എന്ന വാശിയിലായിരുന്നു എന്റെ മോൻ."

ബഷീർ അത് വാങ്ങി. അവൻ കൂട്ടുകാരനെ കെട്ടിപ്പിടിച്ചു. അന്നേരം അവൻ സന്തോഷത്താൽ തേങ്ങിക്കരയുന്നുണ്ടായിരുന്നു. ഫാസിലിന്റെ കണ്ണുകളും നിറഞ്ഞിരുന്നു. മക്കളുടെ നിഷ്കളങ്ക സ്നേഹം കണ്ടപ്പോൾ ബഷീറിന്റെ ഉമ്മയുടെയും ഫാസിലിന്റെ ഉപ്പയുടെയും കണ്ണുകളും നിറഞ്ഞൊഴുകി.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

# എന്തു രസം!

ആകാശം നീലാകാശം
ആഹാ എന്തൊരു രസമാണ്
നദികൾ ചെടികൾ പൂവുകളും
കാണാനെന്തൊരു രസമാണ്
ആരുണ്ടാക്കി ഇവയെല്ലാം?
ചൊല്ലൂ ചൊല്ലൂ കുട്ടികളേ...

# മഴ പെയ്യട്ടെ

മഴ മഴ മഴ മഴ പെയ്യട്ടെ
പുഴ പുഴ പുഴകളൊഴുകട്ടെ
പുതു പുതു ചെടികൾ മുളക്കട്ടെ
പുതു പുതു പൂക്കൾ വിരിയട്ടെ

# അല്ലാഹു

അഹദാണഹദാണല്ലാഹു
അഖിലനിയന്താവല്ലാഹു
അകപുറമറിയുന്നല്ലാഹു
അതികരുണാമയനല്ലാഹു
അഭയംനൽകുവതല്ലാഹു
അന്നംനൽകുവതല്ലാഹു
അല്ലലകറ്റുവതല്ലാഹു
അലിവിന്നുറവാമല്ലാഹു

അറിവിൻ കടലാമല്ലാഹു
അധിപതിയായവനല്ലാഹു
അർശിന്നുടയോനല്ലാഹു
അർഥനക്കർഹൻ അല്ലാഹു
അവനേ കേൾക്കൂ പ്രാർഥനകൾ
അവനോടാകണമർഥനകൾ
അവനെ വണങ്ങണമെല്ലാരും
അവനെ സ്തുതിക്കണമെപ്പോഴും



# നല്ല മനസ്സും നല്ല മനുഷ്യനും

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

ലേഖനം

മനുഷ്യ ശരീരത്തിലെ ഒരു അത്ഭുത അവയവമാണ് ഹൃദയം. ശരീരത്തിന്റെ നേതാവാണ് ഹൃദയം എന്നും പറയാം. മനുഷ്യന്റെ നിലനിൽപിനാവശ്യമായ രക്തത്തിന്റെ പ്രധാന പ്രവർത്തനം നടക്കുന്നതും ഹൃദയത്തിലൂടെയാണ്. ഹൃദയത്തിന്റെ ചലനം നമ്മുടെ ഇച്ഛയനുസരിച്ചല്ല. മനുഷ്യന് അതിൽ ഒരു പങ്കും ഇല്ല. ആത്മീയമായി പറഞ്ഞാൽ മനുഷ്യന്റെ പ്രവർത്തനങ്ങളുടെ ഉറവിടമാണ് ഹൃദയം.

ഹൃദയത്തിന് വ്യത്യസ്ഥ അവസ്ഥകളുണ്ട്. ചിലപ്പോൾ ലോലമാകുന്നു. ചിലപ്പോൾ കാഠിന്യമുള്ളതാകുന്നു. വിശ്വസിക്കുന്നു, നിഷേധിക്കുന്നു. അലസമാകുന്നു, ഊർജ്വസ്വലതയുള്ളതാകുന്നു. അഥവാ ഒരവസ്ഥയിൽ നിന്ന് മറ്റൊരവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. ഇബ്നുമസ്ഊദ്ﷺ പറയുന്നു: " തീർച്ചയായും ഹൃദയങ്ങൾക്ക് ഒരു മുന്നിടലും പിന്തിരിയലുമുണ്ട്. അതിനാൽ അത് മുന്നിടുമ്പോൾ നിങ്ങൾ അതിനെ സ്വീകരിക്കുക. പിന്തിരിയുമ്പോൾ അതിനെ വിട്ടേക്കുക. ഹൃദയങ്ങൾക്ക് നിങ്ങൾ ആശ്വാസം നൽകണം. കാരണം അതു വെറുത്താൽ അന്ധനായി മാറും"(ഇബ്നു മുഫ്‌ലീഹുൽ ഹസലി).

ഇരുമ്പിന് ക്ലാവ് പിടിക്കുന്നതുപോലുള്ള അവസ്ഥ ഹൃദയത്തിനുമുണ്ട്. ദൈവസ്മരണയും ക്വുർആൻ പാരായണവുമാണ് അതിനെ ശുദ്ധീകരിക്കാനുള്ള മാർഗം. ഇരുമ്പ് ഉപയോഗിക്കാതെ വെച്ചാൽ അതിന് ക്ലാവ് പിടിക്കും. അങ്ങനെ അതു നശിക്കും. ഹൃദയവും ഉപയോഗശൂന്യമാക്കി വെച്ചാൽ അജ്ഞത അതിനെ അതിജയിക്കുകയും അത് നശിക്കുകയും ചെയ്യും. മനുഷ്യൻ നന്നാകുന്നതും കേടുവരുന്നതും ഹൃദയത്തിന്റെ അവസ്ഥയനുസരിച്ചാണ്. അതുകൊണ്ട് ഹൃദയത്തെ നന്നാക്കാനുള്ള ശ്രമവും അധ്വാനവും എപ്പോഴും ആവശ്യമാണ്. 'മനുഷ്യശരീരത്തിൽ ഒരു മാംസ പിണ്ഡമുണ്ട്. അതു നന്നായാൽ ശരീരം മുഴുവൻ നന്നായി. അതു കേടുവന്നാൽ ശരീരം മുഴുവൻ കേടുവന്നു' എന്നു പറയുന്നത് ഈ മാനദണ്ഡത്തിലാണ്.

ശിർക്ക്, കാപട്യം, സ്വയം പെരുമ, അഹങ്കാരം, അസൂയ തുടങ്ങി എല്ലാ തിന്മകളിൽ നിന്നും ഹൃദയം ശുദ്ധമാക്കേണ്ടതുണ്ട്. ഇങ്ങനെ ശുദ്ധമായ ഹൃദയത്തിനാണ് 'അൽക്വൽബുസ്സലീം' എന്നു പറയുന്നത്. ഇഹത്തിലും പരത്തിലും ഇത്തരം ഹൃദയമുള്ളവർക്കേ രക്ഷപ്പെടാനും വിജയിക്കാനും സാധിക്കുകയുള്ളൂ.

ഹൃദയത്തിന്റെ ശുദ്ധി അതിന്റെ ഉടമസ്ഥന് ഉപയോഗം നൽകും. സ്നേഹം, സാഹോദര്യം തുടങ്ങി എല്ലാ ഗുണങ്ങളും നൽകും. അപ്പോൾ, നബിﷺ പറഞ്ഞതുപോലെ അങ്ങനെയുള്ളവർ 'പരസ്പരം ശക്തി നൽകുന്ന കെട്ടിടം' പോലെയാകും. ഹൃദയത്തിന്റെ രോഗം അതിന്റെ ഉടമക്കും സമൂഹത്തിനും ദോഷം ചെയ്യും. ഹൃദയം ശരീരത്തിന് എപ്രകാരമാണോ അതുപോലെയാണ് ഒരു വ്യക്തി സമൂഹത്തിന്. വ്യക്തികൾ നന്നായാൽ സമൂഹം നന്നാകും. വ്യക്തികൾ കേടുവന്നാൽ സമൂഹം ദുഷിക്കും.

അല്ലാഹുവിനെ അറിയാനുള്ള വഴികൾ അല്ലാഹു മനുഷ്യന് നൽകിയിട്ടുണ്ട്. അതന്റെയും അടിസ്ഥാനം ഹൃദയമാണ്. കർമങ്ങൾ നിയ്യത്ത് (ഉദ്ദേശം) അനുസരിച്ചാണ്. നിയ്യത്തിന്റെ സ്ഥാനം ഹൃദയമാണ്. 'തക്‌വ (സൂക്ഷ്മത) ഇവിടെയാണെന്ന്' എന്ന് പറഞ്ഞ് നബിﷺ ഹൃദയത്തിലേക്കാണ് ചൂണ്ടിയത്. ശരീരത്തിലെ മറ്റു അവയവങ്ങൾ ഹൃദയത്തിന്റെ കീഴിലാണ്.

'മാറ്റിമറിക്കുക' എന്നാണ് 'ഖലബ' എന്ന പദയത്തിന്റെ അർഥം. അതിൽ നിന്നാണ് 'ഖൽബ്' (ഹൃദയം) ഉണ്ടായത്. മനുഷ്യനിലുണ്ടാകുന്ന വൈകാരികതകളും ഹൃദയത്തിലാണ്. ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

ഈമാൻ (വിശ്വാസം) ഹൃദയത്തിലാണ്:

"അല്ലാഹുവിന്റെ റസൂലാണ് നിങ്ങൾക്കിടയിലുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കണം. പല കാര്യങ്ങളിലും അദ്ദേഹം നിങ്ങളെ അനുസരിച്ചിരുന്നെങ്കിൽ നിങ്ങൾ വിഷമിച്ച് പോകുമായിരുന്നു. എങ്കിലും അല്ലാഹു നിങ്ങൾക്ക് സത്യവിശ്വാസത്തെ പ്രിയങ്കരമാക്കിത്തീർക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ അത് അലംകൃതമായി തോന്നിക്കുകയും ചെയ്തിരിക്കുന്നു..." (അൽഹുജുറാത്:7).

"വിശ്വസിച്ചതിന് ശേഷം അല്ലാഹുവിൽ അവിശ്വസിച്ചവരാരോ അവരുടെ -തങ്ങളുടെ ഹൃദയം വിശ്വാസത്തിൽ സമാധാനം പൂണ്ടതായിരിക്കെ നിർബന്ധിക്കപ്പെട്ടവരല്ല; പ്രത്യുത, തുറന്ന മനസ്സോടെ അവിശ്വാസം സ്വീകരിച്ചവരാരോ അവരുടെ- മേൽ അല്ലാഹുവിങ്കൽ നിന്നുള്ള കോപമുണ്ടായിരിക്കും. അവർക്ക് ഭയങ്കരമായ ശിക്ഷയുമുണ്ടായിരിക്കും" (അന്നഹ്ൽ:106).

ശാന്തി ഹൃദയത്തിലാണ്:

"അതായത് വിശ്വസിക്കുകയും അല്ലാഹുവെ പറ്റിയുള്ള ഓർമ കൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമ കൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്" (അർറഅ്ദ്:28).

സമാധാനം ഹൃദയത്തിലാണ്:

"അവനാകുന്നു സത്യവിശ്വാസികളുടെ ഹൃദയങ്ങളിൽ ശാന്തി ഇറക്കികൊടുത്തത്. അവരുടെ വിശ്വാസത്തോടൊപ്പം കൂടുതൽ വിശ്വാസം ഉണ്ടായിത്തീരുന്നതിന് വേണ്ടി..." (അൽഫത്ഹ്:4).

ഭയം ഹൃദയത്തിലാണ്:

"അല്ലാഹുവെപ്പറ്റി പരാമർശിക്കപ്പെട്ടാൽ ഹൃദയങ്ങൾ കിടിലം കൊള്ളുന്നവരും തങ്ങളെ ബാധിച്ച ആപത്തിനെ ക്ഷമാപൂർവം തരണം ചെയ്യുന്നവരും നമസ്കാരം മുറപോലെ നിർവഹിക്കുന്നവരും നാം നൽകിയിട്ടുള്ളതിൽ നിന്ന് ചെലവ് ചെയ്യുന്നവരുമത്രെ അവർ" (അൽഹജ്ജ്:35).

കീഴൊതുങ്ങലിന്റെ ബന്ധം ഹൃദയവുമായിട്ടാണ്:

"വിജ്ഞാനം നൽകപ്പെട്ടിട്ടുള്ളവർക്കാകട്ടെ ഇത് നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യം തന്നെയാണെന്ന് മനസ്സിലാക്കിയിട്ട് ഇതിൽ വിശ്വസിക്കുവാനും അങ്ങനെ അവരുടെ ഹൃദയങ്ങൾ ഇതിന്ന് കീഴ്പെടുവാനുമാണ് (അത് ഇടയാക്കുക.)..." (അൽഹജ്ജ്:54).

ഹൃദയം ലോലമാകും:

"അല്ലാഹുവാണ് ഏറ്റവും ഉത്തമമായ വർത്തമാനം അവതരിപ്പിച്ചിരിക്കുന്നത്. അഥവാ വചനങ്ങൾക്ക് പരസ്പരം സാമ്യമുള്ളതും ആവർത്തിക്കപ്പെടുന്ന വചനങ്ങളുള്ളതുമായ ഒരു ഗ്രന്ഥം. തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ ചർമങ്ങൾ അതു നിമിത്തം രോമാഞ്ചമണിയുന്നു. പിന്നീട് അവരുടെ ചർമങ്ങളും ഹൃദയങ്ങളും അല്ലാഹുവെ സ്മരിക്കുന്നതിനായി വിനീതമാവുകയും ചെയ്യുന്നു..."(അസ്സുമർ: 23).

ഖുശൂഅ് (ഭയഭക്തി) ഹൃദയത്തിൽ നിന്നാണ്:

"വിശ്വാസികൾക്ക് അവരുടെ ഹൃദയങ്ങൾ അല്ലാഹുവിനെ പറ്റിയുള്ള സ്മരണയിലേക്കും, അവതരിച്ചു കിട്ടിയ സത്യത്തിലേക്കും കീഴൊതുങ്ങുവാനും തങ്ങൾക്ക് മുമ്പ് വേദഗ്രന്ഥം നൽകപ്പെട്ടവരെപ്പോലെ ആകാതിരിക്കുവാനും സമയമായില്ലേ?..." (അൽഹദീദ്:16).

ശുദ്ധീകരണം ഹൃദയത്തിലാണ് വേണ്ടത്:

"(നബിയേ,) പറയുക: നിങ്ങൾ സ്വന്തം വീടുകളിൽ ആയിരുന്നാൽ പോലും കൊല്ലപ്പെടാൻ വിധിക്കപ്പെട്ടവർ തങ്ങൾ മരിച്ചുവീഴുന്ന സ്ഥാനങ്ങളിലേക്ക് (സ്വയം) പുറപ്പെട്ട് വരുമായിരുന്നു. നിങ്ങളുടെ മനസ്സുകളിലുള്ളത് അല്ലാഹു പരീക്ഷിച്ചറിയുവാൻ വേണ്ടിയും,നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് ശുദ്ധീകരിച്ചെടുക്കുവാൻ വേണ്ടിയുമാണിതെല്ലാം. മനസ്സുകളിലുള്ളതെല്ലാം അറിയുന്നവനാകുന്നു അല്ലാഹു" (ആലുഇംറാൻ:154).

"അത്തരക്കാരുടെ മനസ്സുകളെ ശുദ്ധീകരിക്കുവാൻ അല്ലാഹു ഉദ്ദേശിച്ചിട്ടില്ല. അവർക്ക് ഇഹലോകത്ത് അപമാനമാണുള്ളത്. പരലോകത്ത് അവർക്ക് കനത്ത ശിക്ഷയുണ്ടായിരിക്കുകയും ചെയ്യും" (അൽമാഇദ:41).

'ഖൽബ്' എന്ന പദം രണ്ട് അർഥങ്ങളിൽ ഉപയോഗിക്കാറുണ്ട്.

1. നെഞ്ചിന്റെ ഇടതു വശത്തു സ്ഥാപിക്കപ്പെട്ട മാംസപിണ്ഡം.

2. മനുഷ്യന്റെ ആത്മീയ വശം. അല്ലാഹുവിന്റെ അത്ഭുതകരമായ പ്രവർത്തനം. മനുഷ്യനെ മനുഷ്യനാക്കുന്നത് ഈ ആത്മീയ വശമാണ്. അതാണ് നമ്മുടെ ചർച്ചാവിഷയം. അറബിയിൽ പല പദങ്ങളും ഹൃദയത്തിന് വേണ്ടി ഉപയോഗിക്കാറുണ്ട്.

"അവരുടെ മനസ്സുകൾ ഒളിച്ച് വെക്കുന്നത് കൂടുതൽ ഗുരുതരമാകുന്നു" (ആലുഇംറാൻ:18). ഇവിടെ 'സ്വദ്ർ' എന്ന പദമാണ് വന്നിട്ടുള്ളത്. 'നഫ്സ്' എന്നും പറയാറുണ്ട്."നിങ്ങളുടെ മനസ്സുകളിലുള്ളത് അല്ലാഹു അറിയുന്നണ്ടെന്ന് നിങ്ങൾ മനസ്സിലാക്കുകയും അവനെ നിങ്ങൾ ഭയപ്പെടുകയും ചെയ്യുക" (അൽബഖറ: 235). ഇവിടെ 'നഫ്സ്' എന്ന പ്രയോഗമാണ് വന്നിട്ടുള്ളത്. അറബികൾ റൂഹിന്റെ (ആത്മാവ്) സ്ഥാനത്ത് നഫ്സ് എന്നും നഫ്സിന്റെ സ്ഥാനത്ത് റൂഹ് എന്നും പറയാറുണ്ട്.

കർമങ്ങളുടെ അടിസ്ഥാനം ഹൃദയമാണെന്ന് പറഞ്ഞല്ലോ. അതിനാൽ തന്നെ ആക്ഷേപവും പുകഴ്വാക്കും ഹൃദയത്തിന് നേരെയാണ് ചെല്ലാറുള്ളത്.

ഹൃദയം കഠിനമാകും, ലോലമാകും, സുരക്ഷിതമാകും, രോഗിയാകും, ഹൃദയം നശിക്കും. ഈ അവസ്ഥകൾക്കനുസരിച്ച് ശരീരത്തിന്റെ അവയവങ്ങളും പ്രവർത്തിക്കും.

**(അവസാനിച്ചില്ല)**

ശബീബ് സ്വലാഹി തിരൂരങ്ങാടി
mail@nerpatham.com





# സുകൃതങ്ങൾക്കുള്ള ലോകം

**ആ**ളുകൾ പല തരത്തിലുള്ളവരാണ്. ഇന്നലെകളിലെ ദുരന്തങ്ങളെ ഓർത്ത് നിരാശയിൽ കഴിയുന്നവർ, വർത്തമാനകാല ദുരന്തങ്ങൾക്ക് മുമ്പിൽ പകച്ചുനിൽക്കുന്നവർ, നാളെയെക്കുറിച്ചോർത്ത് ആധിയോടെ ജീവിക്കുന്നവർ, നശ്വരമായ സുഖലോലുപതയിൽ എല്ലാം മറന്ന് തിമിർത്താടുന്നവർ, അധികാരവും ധനവും സ്ഥായിയായി നിലനിൽക്കും എന്ന മട്ടിൽ മുഷ്ക് കാണിക്കുന്നവർ... ഇങ്ങനെ പല തരത്തിലുള്ളവർ.

നാം ജീവിക്കുന്ന ലോകത്തിന്റെ അവസ്ഥ എന്താണ്? ചിന്തിക്കാൻ നാം ശ്രമിക്കാറുണ്ടോ? അല്ലാഹു പറയുന്നു:

“നാം ആകാശത്ത് നിന്ന് വെള്ളം ഇറക്കിയിട്ട് അതുമൂലം മനുഷ്യർക്കും കാലികൾക്കും ഭക്ഷിക്കാനുള്ള ഭൂമിയിലെ സസ്യങ്ങൾ ഇടകലർന്നു വളർന്നു. അങ്ങനെ ഭൂമി അതിന്റെ അലങ്കാരമണിയുകയും അത് അഴകാർന്നതാകുകയും അവയൊക്കെ കരസ്ഥമാക്കാൻ തങ്ങൾക്ക് കഴിയുമാറായെന്ന് അതിന്റെ ഉടമസ്ഥർ വിചാരിക്കുകയും ചെയ്തപ്പോഴതാ ഒരു രാത്രിയോ പകലോ നമ്മുടെ കൽപന അതിന് വന്നെത്തുകയും തലേദിവസം അവയൊന്നും അവിടെ നിലനിന്നിട്ടേയില്ലാത്ത മട്ടിൽ നാമവയെ ഉന്മൂലനം ചെയ്യപ്പെട്ട അവസ്ഥയിലാക്കുകയും ചെയ്യുന്നു. ഇതുപോലെ മാത്രമാകുന്നു ഐഹികജീവിതത്തിന്റെ ഉപമ. ചിന്തിക്കുന്ന ആളുകൾക്കു വേണ്ടി അപ്രകാരം നാം തെളിവുകൾ വിശദീകരിക്കുന്നു” (10:24).

“(നബിയേ,) നീ അവർക്ക് ഐഹികജീവിതത്തിന്റെ ഉപമ വിവരിച്ചുകൊടുക്കുക: ആകാശത്ത് നിന്ന് നാം വെള്ളം ഇറക്കി. അതുമൂലം ഭൂമിയിൽ സസ്യങ്ങൾ ഇടകലർന്ന് വളർന്നു. താമസിയാതെ അത് കാറ്റുകൾ പറത്തിക്കളയുന്ന തുരുമ്പായിത്തീർന്നു. (അ

തുപോലെയത്രെ ഐഹികജീവിതം. അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു"(18:45).

ഈ തിരിച്ചറിവ് മനുഷ്യനെ നയിക്കേണ്ടത് വെളിച്ചത്തിലേക്കാണ്. തനിക്ക് ലഭിച്ച അനുഗ്രഹങ്ങളെ തുലച്ച് കളയേണ്ടവനല്ല താൻ; അവയെ സക്രിയമായി ഉപയോഗപെടുത്തി പുണ്യം സ്വായത്തമാക്കേണ്ടവനാണ്. ഇന്നലെകളിലെ വീഴ്ച്ചകൾ തിരുത്തി നാളെയിലേക്ക് പ്രതീക്ഷയോടെ മുന്നേറേണ്ടവൻ. നമുക്കുള്ള യഥാർഥ ജീവിതം പരലോകത്താണ്. അല്ലാഹു പറയുന്നു:

"തീർച്ചയായും പരലോകം (ജീവിതം) തന്നെയാണ് യഥാർഥ ജീവിതം. അവർ മനസ്സിലാക്കിയിരുന്നെങ്കിൽ!" (29:64).

ഇബ്നു അബ്ബാസ് (റ) പറയുകയുണ്ടായി: 'ഇഹലോകത്ത് മരണവും പരലോകത്ത് ജീവിതവുമാണ് (ഉള്ളത്)' (തഫ്സീറു ബഗ്വി: 8/173).

ഇവിടെ നമുക്ക് ലഭിക്കുന്ന സുഖാനുഭവങ്ങളും മറ്റു അനുഗ്രഹങ്ങളും പരീക്ഷണങ്ങളും പരലോകത്തെ അപേക്ഷിച്ച് വളരെ തുച്ഛമാണ്. നശ്വരമായ ജീവിതത്തിനായി അനശ്വര ജീവിതത്തെ തുലച്ച് കളയേണ്ടവരല്ല നാം. അനന്തമാണെന്ന് നാം കരുതുന്ന ഈ ജീവിതം നാഴികകൾ മാത്രമായിരുന്നന്നെ തിരിച്ചറിയുന്ന ഒരു ദിനത്തെ സംബന്ധിച്ച് അല്ലാഹു നമ്മെ അറിയിക്കുന്നുണ്ട്:

"അന്ത്യസമയം നിലവിൽ വരു ദിവസം കുറ്റവാളികൾ സത്യം ചെയ്ത് പറയും; തങ്ങൾ (ഇഹലോകത്ത്) ഒരു നാഴിക നേരമല്ലാതെ കഴിച്ചുകൂട്ടിയിട്ടില്ലെന്ന്. അപ്രകാരം തയൊയിരുന്നു അവർ (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെട്ടിരുന്നത്" (30:55).

"(നബിയേ) പറയുക: ഇഹലോകത്തെ സുഖാനുഭവം വളരെ തുച്ഛമായതാണ്. പരലോകമാണ് സൂക്ഷ്മത പാലിക്കുവർക്ക് കൂടുതൽ ഗുണകരം. നിങ്ങളോട് ഒരു തരിമ്പും അനീതി കാണിക്കപ്പെടുകയുമില്ല" (4:77).

ഐഹിക ജീവിതത്തിലെ സുഖാനുഭവങ്ങളിൽ നാം വഞ്ചിതരായിക്കൂടാ. അത് കണ്ണഞ്ചിക്കുന്നതും അത്യാകർഷകവുമായി നമുക്ക് അനുഭവപ്പെടും. അല്ലാഹു ഇഹലോക ജീവിതത്തെ വിശദീകരിച്ചു തരുന്നത് കാണുക:

"നിങ്ങൾ അറിയുക: ഇഹലോകജീവിതമെന്നാൽ കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം ദുരഭിമാനം നടിക്കലും സ്വത്തുകളിലും സന്താനങ്ങളിലും പെരുപ്പം കാണിക്കലും മാത്രമാണ്- ഒരു മഴ പോലെ. അതുമൂലമുണ്ടായ ചെടികൾ കർഷകരെ ആശ്ചര്യപ്പെടുത്തി. പിന്നീടതിന് ഉണക്കം ബാധിക്കുന്നു. അപ്പോൾ അത് മഞ്ഞനിറം പൂണ്ടതായി നിനക്ക് കാണാം. പിന്നീടതു തുരുമ്പായിപ്പോകുന്നു. എന്നാൽ പരലോകത്ത് (ദുർവൃത്തർക്ക്) കഠിനമായ ശിക്ഷയും (സദ്വൃത്തർക്ക്) അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനവും പ്രീതിയും ഉണ്ട്. ഐഹികജീവിതം വഞ്ചനയുടെ വിഭവമല്ലാതെ മറ്റൊന്നുമല്ല" (57:20).

ഇഹലോകജീവിതത്തിലെ വിനോദങ്ങളും മറ്റും മനുഷ്യനെ ദുർവൃത്തിയിലേക്ക് നയിക്കാൻ കാരണമായാൽ, അത്തരക്കാർക്ക് വരാനിരിക്കുന്ന മഹാദുരന്തത്തെ കുറിച്ച് മുറിയിപ്പ് നൽകിക്കൊണ്ടാണ് മേൽ വചനം അല്ലാഹു അവസാനിപ്പിച്ചതെന്ന് നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണ്:

"മനുഷ്യരേ, തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. ഐഹികജീവിതം നിങ്ങളെ വഞ്ചിച്ച് കളയാതിരിക്കട്ടെ. പരമവഞ്ചകനായ പിശാചും അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ" (35:5).

ഇക്കാര്യം തിരിച്ചറിയാതെ പോകുകയും മതത്തെയും മതനിയമങ്ങളെയും പരിഹസിച്ചും തമാശയായെടുത്തും അതാണ് ബുദ്ധിയുള്ളവന്റെ ലക്ഷണമെന്ന് സ്വയം വിലയിരുത്തുകയും ചെയ്യുമ്പോൾ, താൻ സ്വയം തന്റെ നാശത്തിന് തിരികൊളുത്തി എന്നുവേണം മനസ്സിലാക്കാൻ. അതിലേക്കാണ് ഈ ക്വുർആൻ വിരൽ ചൂണ്ടുന്നത്:

"തങ്ങളുടെ മതത്തെ കളിയും വിനോദവുമാക്കിത്തീർക്കുകയും, ഐഹികജീവിതം കണ്ട് വഞ്ചിതരാകുകയും ചെയ്തിട്ടുള്ളവരെ വിട്ടേക്കുക. ഏതൊരു ആത്മാവും സ്വയം ചെയ്തു വെച്ചതിന്റെ ഫലമായി നാശത്തിലേക്ക് തള്ളപ്പെടുമെന്നതിനാൽ ഇത് (ക്വുർആൻ) മുഖേന നീ ഉൽബോധനം നടത്തുക. അല്ലാഹുവിന് പുറമെ ആ ആത്മാവിന് യാതൊരു രക്ഷാധികാരിയും ശുപാർശകനും ഉണ്ടായിരിക്കുന്നതല്ല. എല്ലാവിധ പ്രായശ്ചിത്തവും നൽകിയാലും ആ ആത്മാവിൽനിന്നത് സ്വീകരിക്കപ്പെടുകയില്ല. സ്വയം ചെയ്ത് വെച്ചതിന്റെ ഫലമായി നാശത്തിലേക്ക് തള്ളപ്പെട്ടവരത്രെ അവർ. അവർ നിഷേധിച്ചിരുന്നതിന്റെ ഫലമായി ചുട്ടുപൊള്ളുന്ന കുടിനീരും വേദനാജനകമായ ശിക്ഷയുമാണ് അവർക്കുണ്ടായിരിക്കുക" (6:70).

ഇതെല്ലാം തിരിച്ചറിഞ്ഞിട്ടും സത്യത്തെ നിഷേധിച്ചുതള്ളി, ഭൗതിക സുഖം മാത്രം ലക്ഷ്യമാക്കി ജീവിക്കുന്ന അനേകായിരം ആളുകളിലെ ഒരുവനായി ജീവിക്കുതിനെക്കാൾ വലിയ ബുദ്ധിശൂന്യത വേറെയില്ല. അത്തരക്കാർക്ക് അപമാനകരമായ ജീവിതമാണ് ഇരു ലോകത്തും ഉണ്ടാവുക. അല്ലാഹു പറയുന്നു:

"അവർക്ക് മുമ്പുള്ളവരും സത്യത്തെ നിഷേധിച്ചു കളഞ്ഞു. അപ്പോൾ അവർ അറിയാത്ത ഭാഗത്ത്കൂടി അവർക്ക് ശിക്ഷ വന്നെത്തി. അങ്ങനെ ഐഹികജീവിതത്തിൽ അല്ലാഹു അവർക്ക് അപമാനം ആസ്വദിപ്പിച്ചു. പരലോകശിക്ഷ തന്നെയാകുന്നു ഏറ്റവും ഗുരുതരമായത്. അവർ അത് മനസ്സിലാക്കിയിരുങ്കിൽ!" (39:25,26).

ഇഹലോകജീവിതത്തിന്റെ യാഥാർഥ്യം നാം തിരിച്ചറിയേണ്ടതുണ്ട്. ഇത് പരീക്ഷണങ്ങളുടെ ലോകമാണ്. ഇവിടെ നാം ആസ്വദിക്കുന്ന മുഴുവൻ അനുഗ്രഹങ്ങളും പരലോകജീവിതത്തിൽ വിജയം കൈവരിക്കാനാവശ്യമാകും വിധം ഉപയോഗിക്കുവാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. അല്ലാഹു പറയുത് കാണുക:

"നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണ

വും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുവനുമാകുന്നു"(67: 2).

മറ്റൊരിടത്ത് അല്ലാഹു പറയുന്നത് ഇപ്രകാരമാണ്: "തീർച്ചയായും ഭൂമുഖത്തുള്ളതിനെ നാം അതിന് ഒരു അലങ്കാരമാക്കിയിരിക്കുന്നു. മനുഷ്യരിൽ ആരാണ് ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്നത് എന്ന്നാം പരീക്ഷിക്കുവാൻ വേണ്ടി" (18:7).

ചുരുക്കത്തിൽ, ഈ ലോകം സുകൃതങ്ങൾ ചെയ്യാനുള്ള ലോകമാണ്. ഇവിടെയുള്ള സുഖാനുഭൂതികളിൽ സത്യവിശ്വാസി വഞ്ചിക്കപ്പെടുകയില്ല. തനിക്ക് ലഭിച്ച സമയവും ആരോഗ്യവും കൃത്യമായി ഉപയോഗപ്പെടുത്തുന്നവനായിരിക്കും അവൻ. ഇന്നലെകളിലെ ദുരന്തങ്ങൾക്ക് അവനെ നിഷ്ക്രിയനാക്കാൻ സാധിക്കുകയില്ല. നാളെ എന്നതുകൊണ്ട് അവൻ അർഥമാക്കുത് പരലോകജീവിതമായിരിക്കും. അവിടെയുള്ള ലാഭങ്ങളിലായിരിക്കും അവന്റെ ചിന്ത. അവിടെയുള്ള നഷ്ടങ്ങളെക്കുറിച്ച ചിന്ത അവനെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കും. അതിനാൽതന്നെ നാളെ തനിക്ക് ലഭിക്കാനിരിക്കുള്ള കണക്കറ്റ പ്രതിഫലം മുന്നിൽ കണ്ട് ഈ ലോകത്ത് പലതും ത്യജിക്കുവാനും ക്ഷമിക്കുവാനും അവന് സാധിക്കും. അവൻ തന്നെയാണ് ബുദ്ധിമാൻ. അതുതന്നെയാണ് ഉത്തമ വിശ്വാസിയുടെ ലക്ഷണവും. അതാണ് അല്ലാഹു നമ്മെ പഠിപ്പിക്കുത്:

"അതല്ല, പരലോകത്തെ പറ്റി ജാഗ്രത പുലർത്തുകയും തന്റെ രക്ഷിതാവിന്റെ കാരുണ്യം ആശിക്കുകയും ചെയ്തു കൊണ്ട് സാഷ്ടാംഗം ചെയ്തും നിന്നു പ്രാർഥിച്ചും രാത്രി സമയങ്ങളിൽ കീഴ്‌വണക്കം ചെയ്യുന്നവനോ (അതല്ല സത്യനിഷേധിയോ ഉത്തമൻ?). പറയുക: അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? ബുദ്ധിമാന്മാർ മാത്രമെ ആലോചിച്ചു മനസ്സിലാക്കുകയുള്ളൂ. പറയുക: വിശ്വസിച്ചവരായ എന്റെ ദാസൻമാരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക. ഈ ഐഹികജീവിതത്തിൽ നന്മ പ്രവർത്തിച്ചവർക്കാണ് സൽഫലമുള്ളത്. അല്ലാഹുവിന്റെ ഭൂമിയാകട്ടെ വിശാലമാകുന്നു. ക്ഷമാശീലർക്കു തന്നെയാകുന്നു തങ്ങളുടെ പ്രതിഫലം കണക്കുനോക്കാതെ നിറവേറ്റികൊടുക്കപ്പെടുന്നത്" (39:9,10).

peaceradio
Tune to reality

ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ

**ചുവരെഴുത്ത്**
**ഖാലിദ് ബിൻ വലീദ് (റ)ന്റെ സ്ഥാന നഷ്ടം**
**അബ്ദുൽ ജബ്ബാർ മദീനി**
01.05.17 തിങ്കൾ, 8:20 PM
02.05.17 ചൊവ്വ 8:20 AM, 12:20 AM

**ആരോഗ്യ വിചാരം**
**അത്യാഹിതങ്ങൾ: നമുക്കും ചെയ്യാവുന്നത്**
**ഭാഗം 1**
**ഡോ. യാസർ ചോമയിൽ**
**(എമർജൻസി മെഡിസിൻ, ആസ്റ്റർ മിംസ് ഹോസ്പിറ്റൽ, കോട്ടക്കൽ), ഡോ.അബ്ദുൽ മാലിക്**
01.05.17 തിങ്കൾ 9:00 PM, 11:15 PM
02.05.17 ചൊവ്വ 10:30 AM

**സവിശേഷം**
**വേനൽ പച്ച**
**കെ.പി.എസ് പയ്യനടം**
02.05.17 ചൊവ്വ, 09:00 PM, 11:15 PM
03.0517 ബുധൻ, 10:30 AM

**അടിത്തറകൾ**
**തൗഹീദിനെ ദുർബലപ്പെടുത്തുന്ന കാര്യങ്ങൾ**
**ഫദ്‌ലുൽ ഹഖ് ഉമരി**
02.05.17 ചൊവ്വ 04:30 PM, 09:30 PM
03.05.17 ബുധൻ 10:30 AM

**ജനക്ഷേമം**
**കെ.എസ്.ഇ.ബി നിയമങ്ങളും സേവനങ്ങളും**
**ഭാഗം 2**
**റസൽ ബി.വി**
**(അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി)**
04.05.17 വ്യാഴം, 09:00 PM, 11:15 PM
05.05.17 വെള്ളി, 10:30 AM

**തജ്‌വീദ് പഠനം**
**സൂറത് ലൈല് പാരായണ പഠനം**
**ഹാഫിള് അസ്‌ലം കുവൈത്ത്**
05.05.17 വെള്ളി, 7:45 PM
06.05.17 ശനി, 5:00 PM

**സുപഥം**
**നിത്യജീവിതത്തിലെ അനാചാരങ്ങൾ**
**ഭാഗം 2**
05.05.17 വെള്ളി, 04:30 PM, 09:30 PM
06.05.17 ശനി, 09:30 AM

**സ്നേഹക്കൂട്**
**വൈവിധ്യങ്ങളാർന്ന വളർച്ച**
**ഭാഗം 10**
**അഷ്‌റഫ് എകരൂൽ**
07.05.17 ഞായർ 08:20 AM
08.05.17 തിങ്കൾ 12:20 AM, 8:20 AM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

അബൂ മുഫീദ്
mail@nerpatham.com



# അന്നദാതാവിനെ സ്തുതിക്കുക

**അനസുബ്നു മാലിക്ﷺ പറയുന്നു. നബിﷺ പറഞ്ഞു: "തീർച്ചയായും ഒരു ദാസനെക്കുറിച്ച് അല്ലാഹു സംതൃപ്തനാണ്– അവൻ എന്തെങ്കിലും ഭക്ഷിക്കുകയോ കുടിക്കുകയോ ചെയ്താൽ അല്ലാഹുവിനെ സ്തുതിക്കും" (ബുഖാരി)**

മനുഷ്യൻ വിശപ്പും ദാഹവുമുള്ള ഒരു ജീവിയാണ്. നല്ല ഭക്ഷണം കഴിക്കുവാനും ഉത്തമ പാനീയങ്ങൾ കുടിക്കുവാനും ആഗ്രഹിക്കാത്തവരില്ല. പട്ടിണിപ്പാവങ്ങൾ പൈദാഹമകറ്റാൻ എന്തെങ്കിലും കിട്ടിയിരുന്നെങ്കിൽ എന്നാശിക്കുമ്പോൾ സമ്പന്നർ കൂടുതൽ കൂടുതൽ ഉത്തമമായവ കിട്ടുവാൻ തിടുക്കം കൂട്ടുന്നു.

ആരാണ് മനുഷ്യർക്ക് വിശപ്പടക്കുവാനും പോഷണം നേടാനും ആവശ്യമായ ധാന്യങ്ങളും പഴവർഗങ്ങളും പച്ചക്കറികളുമെല്ലാം ഉദ്പാദിപ്പിക്കുന്നത്? ആരാണ് ഉപരിലോകത്തുനിന്ന് ശുദ്ധമായ വെള്ളം മഴയായി ഇറക്കിത്തരുന്നത്? സമുദ്രങ്ങളുടെയും നദികളുടെയും മറ്റും വിധാതാവ് ആരാണ്? കിണറുകൾ കുഴിക്കുമ്പോൾ വെള്ളം കിട്ടുന്ന തരത്തിൽ ഭൂമിക്കുള്ളിൽ വെള്ളം തടഞ്ഞുനിർത്തുന്നത് ആരാണ്?

ഇതിലൊന്നും മനുഷ്യർക്ക് യാതൊരു പങ്കുമില്ല. സർവശക്തനും കാരുണ്യവാനുമായ ദൈവമാണിതിന് പിന്നിൽ എന്ന് ദൈവവിശ്വാസികൾ പറയുമ്പോൾ അതിനെ പുഛിച്ചുതള്ളിക്കൊണ്ട് യുക്തിവാദികളും നിരീശ്വരവാദികളും പറയുന്നത് അതെല്ലാം പ്രകൃതി നിയമങ്ങളാണ് എന്നാണ്! പദ്ധതികൾ ആസൂത്രണം ചെയ്യുവാനും നിയമങ്ങൾ ആവിഷ്കരിക്കുവാനും ബുദ്ധിയും ചിന്തയും ആവശ്യമാണ്. പ്രകൃതി അത്തരതിലുള്ളതാണോ? ഒരിക്കലുമല്ല.

വിശുദ്ധ ക്വുർആൻ പറയുന്നു: "അഥവാ, ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും നിങ്ങൾക്ക് ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞുതരുകയും ചെയ്തവൻ ആരാണ്? എന്നിട്ട് അത് മുഖേന കൗതുകമുള്ള ചില തോട്ടങ്ങൾ നാം മുളപ്പിക്കുകയും ചെയ്തു. അവയിലെ വൃക്ഷങ്ങൾ മുളപ്പിക്കുവാൻ നിങ്ങൾക്ക് കഴിയുമായിരുന്നില്ല. അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? അല്ല, അവർ വ്യതിചലിച്ചുപോകുന്ന ഒരു ജനതയാകുന്നു" (27:60).

"പറയുക: നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ആരാണ് നിങ്ങൾക്ക് ഒഴുകുന്ന ഉറവുവെള്ളം കൊണ്ടുവന്ന് തരിക?" (67:30).

"അല്ലെങ്കിൽ അല്ലാഹു തന്റെ ഉപജീവനം നിർത്തിവെച്ചാൽ നിങ്ങൾക്ക് ഉപജീവനം (അന്നം) നൽകുന്നവനായി ആരുണ്ട്?..." (67:21).

പട്ടിണി കിടക്കുന്നവർക്കേ വിശപ്പിന്റെ കാഠിന്യവും അന്നത്തിൻെറ വിലയുമറിയൂ. ദാഹിച്ച് വലയുന്നവർക്കേ ദാഹത്തിന്റെ പരവശതയും വെള്ളത്തിന്റെ അമൂല്യതയുമറിയൂ. വിശപ്പും ദാഹവും അനുഭവിക്കുന്നവന് ആരെങ്കിലും ഭക്ഷണവും വെള്ളവും നൽകിയാൽ അത് നൽകിയവനോട് കിട്ടിയവൻ നന്ദി കാണിക്കുമെന്നതിൽ സംശയമില്ല. പല അധോലോകനായകരും പാവപ്പെട്ടവരുടെ 'കൺകണ്ട ദൈവമായി' വിലസുന്നത് അവരിൽനിന്ന് പട്ടിണിയകറ്റാനുള്ള വക ലഭിക്കുന്നു എന്ന കാരണത്താലാണ്. ജീവൻ ത്യജിച്ചുകൊണ്ടാണെങ്കിലും തങ്ങൾക്ക് അന്നം നൽകുന്നവരെ സംരക്ഷിക്കാൻ ആ പാവങ്ങൾ തയാറാവുകയും ചെയ്യും. എന്നാൽ ഇതെല്ലാം ഒരുക്കിത്തരുന്ന സ്രഷ്ടാവിനെ ഓർക്കുവാനും അവനോട് നന്ദി കാണിക്കുവാനും സന്മനസ്സുള്ളവർ വിരളമാണ്.

ആഹരിക്കുന്നതും പാനംചെയ്യുന്നതും അല്ലാഹുവിന്റെ നാമത്തിലായിരിക്കണമെന്നും അവസാനിക്കുമ്പോൾ ദൈവത്തെ സ്തുതിക്കണമെന്നും ഇസ്‌ലാം അനുശാസിക്കുന്നു. ഭക്ഷണവും വെള്ളവും നൽകുന്നവൻ അല്ലാഹുവാണ്. അവ കിട്ടാതെ വലയുന്നവർ ധാരാളമുണ്ട്. എല്ലാം ഉണ്ടായിട്ടും ഭക്ഷണം കഴിക്കാനും വെള്ളം കുടിച്ച് ദാഹമകറ്റാനും സാധിക്കാത്ത എത്രയോ രോഗികളുണ്ട്. ഇതൊക്കെ ഓർക്കുന്ന ഒരു മനുഷ്യന് അത്തരത്തിലുള്ള തടസ്സങ്ങൾ ഒന്നുമില്ലാത്ത അവസ്ഥ നൽകിയ അല്ലാഹുവിനെ ഓർക്കാതെ എങ്ങനെ ഭക്ഷണം കഴിക്കാനും വെള്ളം കുടിക്കാനും കഴിയും? വിശപ്പും ദാഹവുമകന്നാൽ എങ്ങനെ ദൈവത്തെ സ്തുതിക്കാതിരിക്കാൻ കഴിയും? ഒരു ഗ്ലാസ് വെള്ളം കുടിച്ചാൽപോലും സത്യവിശ്വാസി സ്രഷ്ടാവിനെ സ്തുതിക്കും; കാരണം അവനാണത് നൽകിയത്. അങ്ങനെ നന്ദി സൂചകമായി സ്തുതിക്കുന്നവനെക്കുറിച്ച് അല്ലാഹു സംതൃപ്തനായിരിക്കുമെന്നാണ് നബിﷺ പഠിപ്പിക്കുന്നത്.

മെഹബൂബ് മദനി
mail@nerpatham.com

ലേഖനം



# ശയനത്തിൽ ശ്രദ്ധിക്കേണ്ടത്

മനുഷ്യജീവിതത്തിൽ ഒഴിച്ചു കൂടാനാവാത്ത ഒന്നാണ് ഉറക്കം. അല്ലാഹുവിന്റെയടുക്കൽ നിന്നുള്ള വലിയൊരനുഗ്രഹവും ദൃഷ്ടാന്തവുമായാണ് ക്വുർആൻ ഇതിനെ പരിചയപ്പെടുത്തുന്നത്. ആയുഷ്കാലത്തിലെ നാലിലൊരു ഭാഗമെങ്കിലും മനുഷ്യർ ഉറങ്ങിത്തീർക്കുന്നുണ്ട്. അല്ലാഹു പറയുന്നത് കാണുക:

"രാത്രിയും പകലും നിങ്ങൾ ഉറങ്ങുന്നതും അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ ഉപജീവനം തേടുന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ കേട്ടു മനസ്സിലാക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്"(30:23).

"അവനത്രെ നിങ്ങൾക്ക് വേണ്ടി രാത്രിയെ ഒരു വസ്ത്രവും ഉറക്കത്തെ ഒരു വിശ്രമവും ആക്കിത്തന്നവൻ. പകലിനെ അവൻ എഴുന്നേൽപ് സമയമാക്കുകയും ചെയ്തിരിക്കുന്നു" (25: 47).

ചില അനുമാനങ്ങളും സിദ്ധാന്തങ്ങളും അവതരിപ്പിക്കുകയെന്നതിലപ്പുറം ഉറക്കത്തെ കൃത്യമായി അപഗ്രഥിക്കാൻ ശാസ്ത്രലോകത്തിന് പോലും ഇതപര്യന്തം സാധിച്ചിട്ടില്ലെന്നുള്ളതാണ് യാഥാർഥ്യം. സർവശക്തനായ അല്ലാഹുവിന്റെയടുക്കൽ നിന്നുള്ള ഈ അത്ഭുത പ്രതിഭാസത്തെ ഒരു മരണമായിക്കൊണ്ടാണ് ക്വുർആൻ നമുക്ക് പരിചയപ്പെടുത്തുന്നത്:

"ആത്മാവുകളെ അവയുടെ മരണവേളയിൽ അല്ലാഹു പൂർണമായി ഏറ്റെടുക്കുന്നു. മരണപ്പെടാത്തവയെ അവയുടെ ഉറക്കത്തിലും. എന്നിട്ട് ഏതൊക്കെ ആത്മാവിന് അവൻ മരണം വിധിച്ചിരിക്കുന്നുവോ അവയെ അവൻ പിടിച്ച് വെക്കുന്നു. മറ്റുള്ളവയെ നിശ്ചിതമായ ഒരു അവധി വരെ അവൻ വിട്ടയക്കുകയും ചെയ്യുന്നു. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്" (39:42).

ഉറക്കത്തിൽ നിന്ന് ഉണരുമ്പോൾ ചൊല്ലാൻ നബിﷺ പഠിപ്പിച്ച പ്രാർഥനയിലും ഉറക്കം ഒരുതരം മരണമാണെന്നതിന്റെ സൂചന കാണാം. റസൂൽﷺ ഉറക്കിൽ നിന്നെഴുന്നേൽക്കുമ്പോൾ ഇപ്രകാരം പ്രാർഥിച്ചിരുന്നു: "ഞങ്ങളെ മരിപ്പിച്ചതിന് ശേഷം ജീവിപ്പിച്ചവനായ അല്ലാഹുവിന്നാകുന്നു സർവസ്തുതിയും. അവനിലേക്കാകുന്നു ഒരുമിച്ചു കൂട്ടപ്പെടുന്നത്" (മുസ്‌ലിം).

ഇസ്‌ലാം ഉറക്കവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മര്യാദകൾ കൃത്യമായി പഠിപ്പിക്കുന്നുണ്ട്. താഴെ സൂചിപ്പിക്കുന്ന കാര്യങ്ങൾ ഹദീഥുകളിൽ സ്ഥിരപ്പെട്ടു വന്നവയാണ്:

ബിസ്മി ചൊല്ലി വാതിലുകളടക്കുക, പാത്രങ്ങൾ മൂടിവെക്കുക

നബിﷺ പറഞ്ഞു: "രാത്രി ഇരുട്ടിത്തുടങ്ങിയാൽ നിങ്ങളുടെ കുട്ടികളെ നിങ്ങൾ തടഞ്ഞു വെക്കുക. തീർച്ചയായും പിശാചുക്കൾ അപ്പോൾ വ്യാപിക്കുന്നതാണ്. ഇശാഅ് സമയം കഴിഞ്ഞാൽ അവരെ വിട്ടേക്കുക. നീ വാതിൽ അടക്കുക, അല്ലാഹുവിന്റെ നാമം ഉച്ചരിക്കുക. (ബിസ്മി ചൊല്ലുക). നീ വിളക്ക് അണക്കുക. അല്ലാഹുവിന്റെ നാമം ഉച്ചരിക്കുക. നിന്റെ പാനപാത്രം കെട്ടിവെക്കുക. അല്ലാഹുവിന്റെ നാമം ഉച്ചരിക്കുക. താങ്കളുടെ പാത്രം മൂടിവെക്കുക, അല്ലാഹുവിന്റെ നാമം ഉച്ചരിക്കുക; അതിൻമേൽ എന്തെങ്കിലുമൊന്ന് വിലങ്ങനെ വെച്ചിട്ടെങ്കിലും (പാത്രം മൂടുക)" (ബുഖാരി).

### തീ അണക്കുക

റസൂൽ ﷺ പറഞ്ഞു: "ഈ തീ തീർച്ചയായും നിങ്ങളുടെ ശത്രുവാകുന്നു. അതിനാൽ ഉറങ്ങുമ്പോൾ നിങ്ങൾ തീ അണക്കുക" (ബുഖാരി).

അടുപ്പിലെ തീയോ, വിളക്കോ അണക്കാതെ കിടന്ന കാരണത്താൽ അപകടമുണ്ടായ എത്രയോ വാർത്തകൾ നാം കേട്ടിട്ടുണ്ട്. അത്തരം ആപത്ത് സംഭവിക്കാതിരിക്കാനുള്ള മുൻകരുതലാണിത്.

ഭക്ഷണാവശിഷ്ടങ്ങളിൽ നിന്ന് ശരീരത്തെ മുക്തമാക്കുക

നബിﷺ പറഞ്ഞു: "വല്ലവനും തന്റെ കയ്യിൻമേൽ നെയ്യ് ഉണ്ടായിട്ട് അത് കഴുകാതെ ഉറങ്ങുകയും എന്നിട്ട് അയാൾക്ക് വല്ലതും സംഭവിക്കുകയും ചെയ്താൽ അയാൾ തന്നെത്തന്നെ ആക്ഷേപിക്കട്ടെ" (അബൂദാവൂദ്).

ഭക്ഷണാവിശിഷ്ടങ്ങളിൽ നിന്ന് വൃത്തിയായില്ലെങ്കിൽ രാത്രി ഇഴജന്തുക്കളുടെയും മറ്റും അക്രമണത്തിനിരയാവാമെന്നർഥം.

**"ആത്മാവുകളെ അവയുടെ മരണവേളയിൽ അല്ലാഹു പൂർണമായി ഏറ്റെടുക്കുന്നു. മരണപ്പെടാത്തവയെ അവയുടെ ഉറക്കത്തിലും. എന്നിട്ട് ഏതൊക്കെ ആത്മാവിന് അവൻ മരണം വിധിച്ചിരിക്കുന്നുവോ അവയെ അവൻ പിടിച്ച് വെക്കുന്നു. മറ്റുള്ളവയെ നിശ്ചിതമായ ഒരു അവധി വരെ അവൻ വിട്ടയക്കുകയും ചെയ്യുന്നു. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്" (39:42).**

### വുദൂഅ് ചെയ്യുക

നബി ﷺ പറഞ്ഞു: "നീ നിന്റെ കിടപ്പറയിൽ ചെല്ലുവാൻ (ഉദ്ദേശിച്ചാൽ) നമസ്കാരത്തിന് വുദൂഅ് ചെയ്യുന്നതു പോലെ വുദൂഅ് ചെയ്യുക" (ബുഖാരി).

ഇങ്ങനെ ശുദ്ധിപാലിക്കുന്നവർക്ക് വേണ്ടി അവർ ഉറക്കമുണർന്നാൽ ഒരു മലക്ക് ഇങ്ങനെ പ്രാർഥിക്കും: "അല്ലാഹുവേ നിന്റെ അടിമക്ക് നീ പാപമോചനം നൽകണമേ, കാരണം അവൻ ശുദ്ധിയുള്ളവനായിട്ടാണ് രാത്രി കഴിച്ച് കൂട്ടിയത്" (ഇബ്നു ഹിബ്ബാൻ).

### വിരിപ്പ് കുടയുക

നബിﷺ പറഞ്ഞു: "നിങ്ങളിലൊരാൾ തന്റെ വിരിപ്പിലെത്തിക്കഴിഞ്ഞാൽ അത് മൂന്ന് പ്രാവശ്യം കുടയട്ടെ" (ബുഖാരി).

### വഴിയിൽ കിടന്നുറങ്ങരുത്

നബിﷺ പറഞ്ഞു:"പുല്ലും മേച്ചിൽ സ്ഥലവുമുള്ള സ്ഥലത്തിലൂടെ നിങ്ങൾ സഞ്ചരിച്ചാൽ ട്ടകത്തിന് ആ സ്ഥലത്തുള്ള വിഹിതം നൽകുക. വരണ്ട പ്രദേശത്തിലൂടെ നിങ്ങൾ സഞ്ചരിച്ചാൽ അവയുമായി നിങ്ങൾ ധൃതിയിൽ പോകുക. ഉറങ്ങുവാനും വിശ്രമിക്കാനുമായി രാത്രിയിൽ നിങ്ങൾ ഇറങ്ങിയാൽ വഴി നിങ്ങൾ ഒഴിവാക്കുക. കാരണം അത് വന്യമൃഗങ്ങളുടെ വഴിയും രാത്രിയിൽ വിഷജന്തുക്കളുടെ അഭയസ്ഥാനവുമാകുന്നു" (മുസ്‌ലിം).


### ഒറ്റക്ക് ഉറങ്ങാതിരിക്കുക

അബ്ദുല്ലാഹിബ്നു ഉമർ ؓ പറഞ്ഞു: "തീർച്ചയായും നബിﷺ ഒറ്റപ്പെടലിനെ വിരോധിച്ചു. അതായത് ഒരാൾ തനിച്ച് രാപാർക്കുന്നതും ഒറ്റക്ക് യാത്ര ചെയ്യുന്നതും" (അഹ്മദ്).

### തടവില്ലാത്ത സ്ഥലത്ത് ഉറങ്ങരുത്

നബിﷺ പറഞ്ഞു: "ആരെങ്കിലും തടവില്ലാത്ത വീടിന് മുകളിൽ രാപാർത്താൽ അവന് അല്ലാഹുവിൽ നിന്നുള്ള കാവൽ ഇല്ലാതായി" (അബൂദാവൂദ്).

തടവില്ലാത്ത ടെറസിന് മുകളികലും മറ്റും സുരക്ഷിതമല്ലാതെ കിടന്നുറങ്ങുന്നതിനെ ഇസ്‌ലാം വിലക്കുകയാണ് ചെയ്യുന്നത് എന്ന് ഈ ഹദീഥിൽ നിന്നു മനസ്സിലാക്കാം.



**ഭാര്യഭർത്താക്കന്മാർ അല്ലാത്തവർ ഒരുമിച്ച് കിടക്കരുത്**

നബിﷺ പറഞ്ഞു: "ഏഴ് വയസ്സായാൽ നിങ്ങൾ നിങ്ങളുടെ സന്താനങ്ങളോട് നമസ്കാരം കൽപിക്കുക. പത്ത് വയസ്സായാൽ (നമസ്കരിക്കാത്തതിന്റെ പേരിൽ) അവരെ അടിക്കുകയും കിടപ്പറയിൽ അവരെ വേറെയാക്കുകയും ചെയ്യുക" (അബൂദാവൂദ്).

മറ്റൊരു ഹദീഥിൽ ഇങ്ങനെ കാണാം: "ഒരു പുരുഷൻ മറ്റൊരു പുരുഷന്റെ നഗ്നതയിലേക്കോ, ഒരു സ്ത്രീ മറ്റൊരു സ്ത്രീയുടെ നഗ്നതയിലേക്കോ നോക്കരുത്. ഒരു വസ്ത്രത്തിന് കീഴിൽ ഒരു പുരുഷൻ മറ്റൊരു പുരുഷനോട് ചേർന്നു കിടക്കരുത്. ഒരു വസ്ത്രത്തിന് കീഴിൽ ഒരു സ്ത്രീ മറ്റൊരു സ്ത്രീയോട് ചേർന്ന് കിടക്കരുത്"(മുസ്‌ലിം).

**കടബാധ്യതകളും വസ്വിയ്യത്തുകളും എഴുതി വെക്കുക**

കടബാധ്യതകളെല്ലാം എഴുതി വെക്കണമെന്നത് അർഥശങ്കക്കിടയില്ലാത്ത വിധമുള്ള ക്വുർആനിന്റെ കൽപനയാണ്. ഏറ്റവും ദൈർഘ്യമേറിയ ക്വുർആൻ വചനം ഈ വിഷയവുമായി ബന്ധപ്പെട്ടതാണ്. വസ്വിയ്യത്തിനെ കുറിച്ച് നബിﷺ പറഞ്ഞു: "വല്ലതും വസ്വിയ്യത്ത് ചെയ്യാൻ ഉദ്ദേശിക്കുന്ന ഒരു മുസ്‌ലിമിന് പ്രസ്തുത വസ്വിയ്യത്ത് തന്റെയടുക്കൽ എഴുതപ്പെടാതെ രണ്ട് രാത്രികൾ കഴിച്ചു കൂട്ടൽ അർഹതപ്പെട്ടതല്ല" (മുസ്‌ലിം).

നബിﷺയിൽ നിന്നും ഈ അധ്യാപനം ഉൾക്കൊണ്ട ശേഷം ഇബ്നു ഉമർ؄ തനിക്ക് രേഖപ്പെടുത്തി വെക്കാനുള്ളവ എഴുതി വെക്കാതെ ഉറങ്ങാറുണ്ടായിരുന്നില്ല.

**വലതുവശത്തേക്ക് ചെരിഞ്ഞ് കിടക്കുക**

ബറാഅ ഇബ്നു ആസിബ്؄നോട് നബിﷺ പറഞ്ഞു: "താങ്കൾ കിടക്കുവാനായി വന്നാൽ നമസ്കാരത്തിന് വുദൂഅ് ചെയ്യുന്നതു പോലെ വുദൂഅ് ചെയ്യുക. ശേഷം താങ്കളുടെ വലത് ഭാഗം ചേർന്ന് കിടക്കുക" (അബുദാവൂദ്).

കിടക്കുമ്പോൾ വലത് കൈ വലതു കവിളിനോട് ചേർത്താണ് വെക്കേണ്ടതെന്നും ഹദീഥുകളിൽ നിന്ന് മനസ്സിലാക്കാം

**പ്രാർഥനകളും ക്വുർആൻ പാരായണവും**

ആഇശ؄വിൽ നിന്ന് നിവേദനം: "തീർച്ചയായും നബിﷺ എല്ലാ രാത്രികളിലും വിരിപ്പിലേക്ക് വന്നാൽ ഇരു കൈപ്പടങ്ങളും ചേർത്തുവെക്കുകയും ശേഷം അവയിൽ ഊതുകയും അവ രണ്ടിലും സൂറത്തുൽ ഇഖ്‌ലാസും സൂറത്തുൽ ഫലക്വും സൂറത്തുന്നാസും ഓതുകയും പിന്നീട് ഇരു കൈകൾ കൊണ്ടും സാധ്യമായിടത്തെല്ലാം തടവുകയും ചെയ്യും. തല, മുഖം, ശരീരത്തിന്റെ മുൻഭാഗം എന്നിവിടങ്ങളിൽ നിന്നും അത് ആരംഭിക്കും. ഇപ്രകാരം മൂന്ന് പ്രാവശ്യം ചെയ്യാറുണ്ടായിരുന്നു" (ബുഖാരി).

കൂടാതെ ആയത്തുൽ കുർസിയ്യ്, സൂറത്തുൽ ബക്വറയിലെ അവസാന രണ്ടു വചനങ്ങൾ തുടങ്ങിയവയും നബിﷺ ഉറങ്ങുന്നതിന് മുമ്പ് പാരായണം ചെയ്യാറുണ്ടായിരുന്നു.

ഉറങ്ങുന്നതിന് മുമ്പ് ചൊല്ലേണ്ട ദിക്റുകളുടെ പല രൂപങ്ങളും നബിﷺയിൽ നിന്ന് സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്. അവ നബിﷺ പഠിപ്പിച്ച രൂപത്തിൽ അറബിയിൽ തന്നെ പ്രാർഥിക്കാൻ ശ്രദ്ധിക്കണം. ചിലതിന്റെ മാത്രം അർഥം ഇവിടെ നൽകുന്നു:

ഹുദൈഫത്ത് ഇബ്നുൽ യമാനി؄വിൽ നിന്നും നിവേദനം. അദ്ദേഹം പറഞ്ഞു: "നബിﷺ വിരിപ്പിലേക്ക് അഭയം തേടിയാൽ അപ്രകാരം പറയുമായിരുന്നു: "(അല്ലാഹുവേ) നിന്റെ നാമത്തിൽ ഞാൻ മരിക്കുകയും ജീവിക്കുകയും ചെയ്യുന്നു."

ബറാഅ് ഇബ്നു ആസിബ്؄വിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: "നബിﷺ വിരിപ്പിലേക്ക് അഭയം പ്രാപിച്ചാൽ വലതുഭാഗം ചെരിഞ്ഞ് കിടക്കും. എന്നിട്ട് ഇപ്രകാരം പറയും: 'അല്ലാഹുവേ, എന്നെ ഞാൻ നിന്നിലേക്കേൽപിക്കുകയും എന്റെ മുഖം നിന്നിലേക്ക് തിരിക്കുകയും എന്റെ കാര്യങ്ങൾ നിന്നിലർപ്പിക്കുകയും ചെയ്തിരിക്കുന്നു. നിന്റെ പ്രതിഫലത്തെ കാംക്ഷിച്ചു കൊണ്ടും നിന്റെ ശിക്ഷയെ ഭയന്നു കൊണ്ടുമാണത്. നിന്നിലേക്ക് മടങ്ങുകയല്ലാതെ (നിന്റെ ശിക്ഷയിൽ നിന്ന്) അഭയമോ രക്ഷയോ ഇല്ല. നീ അവതരിപ്പിച്ച വേദഗ്രന്ഥത്തിലും നിന്റെ പ്രവാചകനിലും ഞാൻ വിശ്വസിച്ചിരിക്കുന്നു.' അല്ലാഹുവിന്റെ ദൂതൻﷺ പറഞ്ഞു: 'ആരെങ്കിലും ഇത് പ്രാർഥിക്കുകയും ഈ രാവിൽ തന്നെ മരണമടയുകയും ചെയ്താൽ അവൻ ശുദ്ധ പ്രകൃതിയിലാണ് മരണമടഞ്ഞത്" (ബുഖാരി).

അശ്‌റഫ് എകരൂൽ
ashrafekarul@gmail.com

ഇസ്‌ലാമിക് പാരന്റിംഗ്: 16



# വിശ്വാസ വളർച്ചയുടെ ലളിത മാർഗങ്ങൾ

**കു**ട്ടികൾ അല്ലാഹുവിലുള്ള വിശ്വാസത്തിലും അവന്റെ നിരീക്ഷണത്തെക്കുറിച്ചുള്ള അവബോധത്തിലും വളർന്നു വരേണ്ടതിന്റെ ആവശ്യകതയാണ് കഴിഞ്ഞ ലക്കത്തിൽ നാംസ്സിലാക്കിയത്. പ്രസ്തുത വളർച്ച സാധ്യമാക്കാൻ രക്ഷിതാക്കളെ സഹായിക്കുന്ന ചില ലളിത മാർഗങ്ങളാണ് ഇനി പറയുന്നത്.

1. ചുറ്റുപാടുകളെ ചൂണ്ടി ദൈവാസ്തിത്വത്തെ ബോധ്യപ്പെടുത്തുക.

കുഞ്ഞുങ്ങളുടെ കാഴ്ചകൾ വളരുകയും ചുറ്റുപാടുകളെ തിരിച്ചറിയുകയും ചെയ്തു തുടങ്ങുന്നത് മുതൽ അല്ലാഹുവിനെക്കുറിച്ചുള്ള ഓർമപ്പെടുത്തലുകൾ നമ്മുടെ ഇടപെടലുകളിലും സംസാരങ്ങളിലും ഉൾപെടുത്തുക. കണ്ടിട്ടില്ലാത്തതും എന്നാൽ ഒരിക്കലും തന്നെ വിട്ട് പിരിയാത്തതുമായ ഒരു ശക്തിയുടെ സാന്നിധ്യം, മാതാപിതാക്കളുടെയും അധ്യാപകരുടെയും നിത്യ പ്രതിപാദനങ്ങളിൽ നിന്ന് കുട്ടിയുടെ മനസ്സിൽ ഇടം പിടിക്കുകയും പതിയെ സ്ഥിരപ്രതിഷ്ഠ നേടുകയും ചെയ്യണം.

മുന്നിൽ കാണുന്നവരെ തിരിച്ചറിഞ്ഞു തുടങ്ങുന്ന കുഞ്ഞുങ്ങളിൽ, കാണാത്തതും എന്നാൽ എന്നും സംസാരങ്ങളിൽ കടന്ന് വരുന്ന അല്ലാഹുവിനെക്കുറിച്ച് 'ആരാണ് അവൻ?' എന്ന ചിന്ത ഉടലെടുക്കുക സ്വാഭാവികം മാത്രമാണ്. ചിലപ്പോൾ അത് ചോദ്യങ്ങളായി പുറത്തുവന്നെന്നും വരാം. ഇവിടെ നാം ചെയ്യേണ്ടത്, അവന്റെ അപാരവും അത്ഭുതവുമാർന്ന സൃഷ്ടികളെ ചൂണ്ടിക്കാട്ടി അവരുടെ മനസ്സിനെ അല്ലാഹുവിന്റെ അസ്തിത്വം യാഥാർഥ്യമായി ഉൾക്കൊള്ളുന്നതിലേക്ക് നാം പാകപ്പെടുത്തി കൊണ്ടുവരികയെന്നതാണ്. ചുറ്റുപാടുകളിൽ ഉള്ളതും കണ്ണുകൾക്ക് ദൃശ്യമായതുമായ പ്രതിഭാസങ്ങളെ അവർക്ക് മുമ്പിൽ എടുത്ത് കാണിക്കുക. അവയുടെ ഉടമയും നാഥനുമാണ് സ്രഷ്ടാവായ അല്ലാഹുവെന്ന് പരിചയപ്പെടുത്തുക. ഇത്തരം കാര്യങ്ങൾ പരാമർശിക്കേണ്ടി വരുമ്പോൾ അല്ലാഹുവിലേക്ക് ചേർത്തി പറയുകയും സ്രഷ്ടാവിന്റെ സൃഷ്ടിവൈഭവത്തിന്റെ

മഹാത്മ്യം ബോധ്യപ്പെടുത്തുന്ന രൂപത്തിലുള്ള സംസാരങ്ങൾ ബോധപൂർവം സൃഷ്ടിക്കുകയും ചെയ്യുക. ഇങ്ങനെ സ്വന്തം ജീവിതപരിസരത്ത് നിന്ന് അല്ലാഹുവിന്റെ ഔന്നത്യം ബോധ്യപ്പെടുന്ന കുട്ടി സമാന സാഹചര്യങ്ങളിൽ ഇക്കാര്യങ്ങളെ ആവർത്തിക്കാനും അതിനെ കുറിച്ച് കൂടുതൽ ചിന്തിക്കാനും പ്രചോദിതനായിത്തീരും.

ഉദാഹരണമായി മഴ പെയ്യുമ്പോൾ, കാറ്റടിക്കുമ്പോൾ, മിന്നലുണ്ടാകുമ്പോൾ, ആകാശത്ത് ചന്ദ്രനെയും നക്ഷത്രങ്ങളെയും കാണിച്ചു കൊടുക്കുമ്പോൾ, കടലും തിരമാലകളും കാണിക്കുമ്പോൾ അതിന്റെ ഉടമയായ അല്ലാഹുവിനെക്കുറിച്ചും അവന്റെ സൃഷ്ടി വൈഭവത്തെയും നിയന്ത്രണാധികാരത്തെയും കുറിച്ച അവർക്ക് മനസ്സിലാകുന്ന രീതിയിൽ, സന്ദർഭങ്ങളെ ഉപയോഗപ്പെടുത്തി വിശദീകരിച്ചു കൊടുക്കുന്നത് വിശ്വാസം വളർത്താനും ഉറപ്പിക്കാനും സഹായകമാകും. ചെറുതിലൂടെ വലുതിലേക്കും അടുത്തുള്ളവയിൽ നിന്ന് അകലങ്ങളിലുള്ളതിലേക്കും ദൃശ്യമായവയിൽ നിന്ന് തുടങ്ങി അനുഭവാത്മകതയിലേക്കും സ്പർശ്യമായതിൽ നിന്ന് ആരംഭിച്ച് ചിന്തയിൽ തെളിയുന്നതിലേക്കും നാം അവരുടെ കണ്ണിനെയും മനസ്സിനെയും കൈ പിടിച്ച് കൊണ്ടുപോകണം. ശാസ്ത്രീയവും പ്രായോഗികവുമായ ഈ രീതി തന്നെയാണ് മനുഷ്യമനസ്സുകളിൽ ദൈവവിശ്വാസം വളർത്തിയെടുക്കാൻ ക്വുർആൻ അവലംബിച്ചതും. ഈ വിഷയത്തിൽ വന്ന ചില ക്വുർആൻ ചില സൂക്തങ്ങൾ പരിശോധിച്ചാൽ ചിത്രം കൂടുതൽ വ്യക്തമാവും.

അല്ലാഹു പറയുന്നു: “അവനാണ് ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതന്നത്. അതിൽ നിന്നാണ് നിങ്ങളുടെ കുടിനീര്. അതിൽ നിന്നുതന്നെയാണ് നിങ്ങൾക്ക് (കാലികളെ) മേക്കുവാനുള്ള ചെടികളുമുണ്ടാകുന്നത്. അത് (വെള്ളം) മൂലം ധാന്യവിളകളും ഒലീവും ഈന്തപ്പനയും മുന്തിരികളും നിങ്ങൾക്ക് മുളപ്പിച്ച് തരുന്നു. എല്ലാതരം ഫലവർഗങ്ങളും (അവൻ ഉൽപാദിപ്പിച്ച് തരുന്നു). ചിന്തിക്കുന്ന ആളുകൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്. രാവിനെയും പകലിനെയും സൂര്യനെയും ചന്ദ്രനെയും അവൻ നിങ്ങൾക്ക് വിധേയമാക്കിത്തന്നിരിക്കുന്നു. നക്ഷത്രങ്ങളും അവന്റെ കൽപനയാൽ വിധേയമാക്കപ്പെട്ടത് തന്നെ. ചിന്തിക്കുന്ന ആളുകൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്. നിങ്ങൾക്ക് വേണ്ടി ഭൂമിയിൽ വ്യത്യസ്ത വർണങ്ങളിൽ അവൻ സൃഷ്ടിച്ചുണ്ടാക്കിത്തന്നിട്ടുള്ളവ



യും (അവന്റെ കൽപനയ്ക്ക് വിധേയം തന്നെ). ആലോചിച്ച് മനസ്സിലാക്കുന്ന ആളുകൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്. നിങ്ങൾക്ക് പുതുമാംസം എടുത്ത് തിന്നുവാനും നിങ്ങൾക്ക് അണിയാനുള്ള ആഭരണങ്ങൾ പുറത്തെടുക്കുവാനും പാകത്തിൽ കടലിനെ വിധേയമാക്കിയവനും അവൻ തന്നെ. കപ്പലുകൾ അതിലൂടെ വെള്ളം പിളർന്ന് മാറ്റിക്കൊണ്ട് ഓടുന്നതും നിനക്ക് കാണാം. അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ തേടുവാനും നിങ്ങൾ നന്ദികാണിക്കുവാനും വേണ്ടിയാണ് (അവനത് നിങ്ങൾക്ക് വിധേയമാക്കിത്തന്നത്). ഭൂമി നിങ്ങളെയും കൊണ്ട് ഇളകാതിരിക്കുവാനായി അതിൽ ഉറച്ചുനിൽക്കുന്ന പർവതങ്ങൾ അവൻ സ്ഥാപിച്ചിരിക്കുന്നു. നിങ്ങൾക്ക് വഴി കണ്ടെത്തുവാൻ വേണ്ടി നദികളും പാതകളും (അവൻ ഏർപെടുത്തുകയും ചെയ്തിരിക്കുന്നു). (പുറമെ) പല വഴിയടയാളങ്ങളും ഉണ്ട്. നക്ഷത്രം മുഖേനയും അവർ വഴി കണ്ടെത്തുന്നു. അപ്പോൾ, സൃഷ്ടിക്കുന്നവൻ സൃഷ്ടിക്കാത്തവരെപ്പോലെയാണോ? നിങ്ങളെന്താണ് ആലോചിച്ച് മനസ്സിലാക്കാത്തത്?”(16:10-17).

“നീ കണ്ടില്ലേ; അല്ലാഹു ആകാശത്ത് നിന്നും വെള്ളം ചൊരിഞ്ഞു. എന്നിട്ട് അത് മുഖേന വ്യത്യസ്ത വർണങ്ങളുള്ള പഴങ്ങൾ നാം ഉൽപാദിപ്പിച്ചു. പർവതങ്ങളിലുമുണ്ട് വെളുത്തതും ചുവന്നതുമായ നിറഭേദങ്ങളുള്ള പാതകൾ. കറുത്തിരുണ്ടവയുമുണ്ട്. മനുഷ്യരിലും മൃഗങ്ങളിലും കന്നുകാലികളിലും അതുപോലെ വിഭിന്ന വർണങ്ങളുള്ളവയുണ്ട്. അല്ലാഹുവെ ഭയപ്പെടുന്നത് അവന്റെ ദാസൻമാരിൽ നിന്ന് അറിവുള്ളവർ മാത്രമാകുന്നു. തീർച്ചയായും അല്ലാഹു പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു” (35:27,28).

“അവർക്കു മുകളിലുള്ള ആകാശത്തേക്ക് അവർ നോക്കിയിട്ടില്ലേ; എങ്ങനെയാണ് നാം അതിനെ നിർമിക്കുകയും അലങ്കരിക്കുകയും ചെയ്തിട്ടുള്ളതെന്ന്? അതിന് വിടവുകളൊന്നുമില്ല. ഭൂമിയാകട്ടെ നാം അതിനെ വികസിപ്പിക്കുകയും അതിൽ ഉറച്ചുനിൽക്കുന്ന പർവതങ്ങൾ നാം സ്ഥാപിക്കുകയും കൗതുകമുള്ള എല്ലാ സസ്യവർഗങ്ങളും നാം അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു. (സത്യത്തിലേക്ക്) മടങ്ങുന്ന ഏതൊരു ദാസന്നും കണ്ടുമനസ്സിലാക്കുവാനും അനുസ്മരിക്കുവാ

നും വേണ്ടി" (50:68).

"എന്നാൽ മനുഷ്യൻ തന്റെ ഭക്ഷണത്തെപ്പറ്റി ഒന്നു ചിന്തിച്ച് നോക്കട്ടെ. നാം ശക്തിയായി മഴ വെള്ളം ചൊരിഞ്ഞുകൊടുത്തു. പിന്നീട് നാം ഭൂമിയെ ഒരു തരത്തിൽ പിളർത്തി. എന്നിട്ട് അതിൽ നാം ധാന്യം മുളപ്പിച്ചു. മുന്തിരിയും പച്ചക്കറികളും ഒലീവും ഈന്തപ്പനയും ഇടതൂർന്നു നിൽക്കുന്ന തോട്ടങ്ങളും. പഴവർഗവും പുല്ലും. നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾക്കും ഉപയോഗത്തിനായിട്ട്" (80:24-32).

2. ദൈവിക നിരീക്ഷണത്തെ ബോധ്യപ്പെടുത്തി ഭക്തിയും സമർപ്പണ ബോധവും വളർത്തുക.

തുറന്നുവെച്ച കണ്ണിലൂടെ ദൃശ്യമായ ഈ പ്രപഞ്ചവും അതിലെ അതുല്യവും അനന്തവുമായ പ്രതിഭാസങ്ങൾക്ക് പിന്നിലെ അപാര ശക്തിയും നിയന്ത്രകനുമായ അല്ലാഹുവിനെക്കുറിച്ചുള്ള അറിവും ബോധവും ഉറച്ചു വരുന്ന ഹൃദയത്തിൽ തൽഫലമായി ഉണ്ടാവേണ്ടത് ഭക്തിയും സമർപ്പണ ബോധവുമാണ്. നാം കാണുന്നതും കാണാത്തതുമായ എല്ലാം സൃഷ്ടിച്ച് പരിപാലിക്കുന്ന നാഥൻ നമ്മെയും നമ്മുടെ പ്രവർത്തനങ്ങളെയും സദാ കണ്ടുകൊണ്ടിരിക്കുകയും നിരീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുവെന്ന സത്യത്തിലേക്കാണ് പിന്നീട് നമ്മുടെ കുട്ടികളെ സാന്ദർഭികമായി ഓർമപ്പെടുത്തുകയും കൊണ്ടുവരികയും ചെയ്യേണ്ടത്. 'അല്ലാഹു കാണുന്നു,' 'അല്ലാഹു അറിയുന്നു,' 'അല്ലാഹുവിന്റെ മുമ്പിൽ നിൽക്കുന്നു,' 'അത് അല്ലാഹുവിന്ന് ഇഷ്ടമാണ്,' 'ഇത് അല്ലാഹുവിന്ന് വെറുപ്പാണ്...' തുടങ്ങിയ വാക്കുകൾ നിത്യജീവിതത്തിൽ സമയവും സന്ദർഭവും നോക്കി പ്രയോഗിക്കണം. ഈ ബോധം ശക്തിപ്പെടുത്താനുള്ള പ്രായോഗിക മേഖലയാണ് നാം നമസ്കാരത്തിലെ സൂക്ഷ്മത. ക്വുർആൻ ഓതുമ്പോഴും കേൾക്കുമ്പോഴും കരയുന്നത് കാണൽ, പ്രയാസവേളകളിൽ അല്ലാഹുവിനെ ഓർമിക്കലും അവനിലേക്ക് അഭയം തേടലും, സന്തോഷഘട്ടത്തിൽ അല്ലാഹുവിന്നു സ്തുതി കീർത്തനം പറയൽ... ഇതെല്ലാം കാണുകയും കേൾക്കുകയും ശീലിക്കുകയും ചെയ്തുവരുന്ന കുട്ടികളിൽ സ്വാഭാവികമായും മാറ്റമുണ്ടാകും. രക്ഷിതാക്കളുടെ അസാന്നിധ്യത്തിലും സാന്നിധ്യത്തിലും നമസ്കാരം അടക്കമുള്ള ഉത്തരവാദിത്തങ്ങളിൽ വീഴ്ച വരുത്താതിരിക്കാനും കളവ്, വഞ്ചന പോലുള്ള തെറ്റുകൾ ചെയ്യാതിരിക്കാനും അവർക്ക് സാധിക്കും.

ഇതെല്ലാം രക്ഷിതാക്കളുടെ ജീവിതത്തിലെ ശീലങ്ങളാകുമ്പോൾ മാത്രമാണ് കുട്ടികൾക്ക് കണ്ടും കേട്ടും പകർത്തുവാൻ കഴിയുക. കയ്യിലില്ലാത്തത് മറ്റുള്ളവർക്ക് കൊടുക്കാൻ കഴിയാത്തതു പോലെ, ജീവിതത്തിലില്ലാത്തതു മക്കളിൽ ഉണ്ടാക്കിയെടുക്കുക എളുപ്പമല്ല. ഭക്തി പൂർണമായ നമസ്കാരം നമ്മുടെ വിശ്വാസത്തിന്റെ ഭാഗമാണല്ലോ. അല്ലാഹു പറയുന്നു: "സത്യവിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു. തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ളവരാണ് അവർ" (മുഅമിനൂൻ: 1,2).

വിശുദ്ധ ക്വുർആനിനെ ആദരിക്കുകയും അത് പാരായണം ചെയ്യുകയും അതിന്റെ സ്വാധീനത്തിൽ കണ്ണീർ പൊഴിക്കുകയുമൊക്കെ ചെയ്യുന്ന രക്ഷിതാക്കളെ കാണാനുള്ള അവസരങ്ങൾ മക്കൾക്കുണ്ടാവണം. ആ കാഴ്ചകളൊക്കെയാണ് അവരുടെ മനസ്സിൽ മുളച്ചു വരുന്ന വിശ്വാസത്തെ വളർത്തുന്നതും പടർത്തുന്നതും. ക്വുർആനുമായി ഇടപെടുന്ന വിശ്വാസികളിൽ അതുണ്ടാക്കുന്ന സ്വാധീനത്തെക്കുറിച്ച് അല്ലാഹു പറഞ്ഞത് കാണുക:

"പരമകാരുണികന്റെ തെളിവുകൾ അവർക്ക് വായിച്ചുകേൾപിക്കപ്പെടുന്ന പക്ഷം പ്രണമിക്കുന്നവരും കരയുന്നവരുമായിക്കൊണ്ട് അവർ താഴെ വീഴുന്നതാണ്" (19:58).

"അല്ലാഹുവാണ് ഏറ്റവും ഉത്തമമായ വർത്തമാനം അവതരിപ്പിച്ചിരിക്കുന്നത്. അഥവാ വചനങ്ങൾക്ക് പരസ്പരം സാമ്യമുള്ളതും ആവർത്തിക്കപ്പെടുന്ന വചനങ്ങളുള്ളതുമായ ഒരു ഗ്രന്ഥം. തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ ചർമങ്ങൾ അതു നിമിത്തം രോമാഞ്ചമണിയുന്നു. പിന്നീട് അവരുടെ ചർമങ്ങളും ഹൃദയങ്ങളും അല്ലാഹുവെ സ്മരിക്കുന്നതിനായി വിനീതമാവുകയും ചെയ്യുന്നു. അതത്രെ അല്ലാഹുവിന്റെ മാർഗദർശനം" (39:23).

ഇത്തരം സ്വാധീനങ്ങളുടെ പ്രകടമായ ചിത്രങ്ങൾ നബി ജീവിതത്തിലും സ്വഹാബികളുടെ ജീവിതത്തിലും നമുക്ക് ധാരാളം കാണാൻ കഴിയും. ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും നിവേദനം. 'അബ്ദുല്ലാഹിബ്നു മസ്ഊദ്ؓ പറയുകയാണ്: "ഒരിക്കൽ അല്ലാഹുവിന്റെ ദൂതർ പറഞ്ഞു: 'എനിക്ക് നീ ക്വുർആൻ പാരായണം ചെയ്ത് തരിക.' അപ്പോൾ ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ തിരുദൂതരേ, ക്വുർആൻ താങ്കൾക്കാണല്ലോ അവതരിച്ചത്. എന്നിരിക്കെ ഞാൻ താങ്കൾക്ക് ഓതിത്തരികയോ?' നബിﷺ പറഞ്ഞു: 'ഞാനല്ലാത്ത മറ്റൊരാളിൽ നിന്ന് അത് കേൾക്കാൻ ഞാൻ ഇഷ്ടപെടുന്നു.' അങ്ങനെ ഞാൻ സൂറഃ അന്നിസാഅ് ഓതിക്കേൾപിച്ചു. 41-ാം വചനമായ (എന്നാൽ ഓരോ സമുദായത്തിൽ നിന്നും ഓരോ സാക്ഷിയെ നാം കൊണ്ട് വരികയും ഇക്കൂട്ടർക്കെതിരിൽ നിന്നെ നാം സാക്ഷിയായി കൊണ്ട് വരികയും ചെയ്യുമ്പോൾ എന്തായിരിക്കും അവസ്ഥ) എന്ന സൂക്തമെത്തിയപ്പോൾ നബിﷺ എന്നോട് പറഞ്ഞു: 'ഇപ്പോൾ ഇത് മതി.' അങ്ങനെ ഞാൻ നബിയുടെ മുഖത്തേക്ക് തിരിഞ്ഞു നോക്കിയപ്പോൾ അവിടുത്തെ കണ്ണുകളിൽ നിന്ന് കണ്ണുനീർ പൊഴിയുന്നുണ്ടായിരുന്നു."

**(അവസാനിച്ചില്ല)**

ലേഖനം

ശമീർ മുണ്ടേരി
mundery@gmail.com



# റവാതിബ് സുന്നത്തുകളുടെ ശ്രേഷ്ഠത

രണ്ടു സാക്ഷ്യ വാക്യങ്ങൾ ചൊല്ലി ഇസ്‌ലാം സ്വീകരിച്ചവർ അന്തിമ പ്രവാചകനെ പിൻപറ്റി ജീവിക്കേണ്ടത് നിർബ്ബന്ധമാണ്. അല്ലാഹു പറയുന്നു:

"അവർ പറയുന്നു; ഞങ്ങൾ അല്ലാഹുവിലും റസൂലിലും വശ്വസിക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന്. പിന്നെ അതിന് ശേഷവും അവരിൽ ഒരു വിഭാഗമതാ പിന്മാറിപ്പോകുന്നു. അവർ വിശ്വാസികളല്ല തന്നെ" (24:47).

"അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിച്ചവർ മാത്രമാകുന്നു സത്യവിശ്വാസികൾ..." (24 /62)

"അല്ലാഹവിലും അവന്റ റസൂലിലും വിശ്വസിക്കുകയും പിന്നീട് സംശയിക്കാതിരിക്കുകയും, തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളും കൊണ്ട് അല്ലാഹുവിന്റ മാർഗത്തിൽ സമരം നടത്തുകയും ചെയ്തവരാരോ അവർ മാത്രമാകുന്നു സത്യവിശ്വാസികൾ. അവർ തന്നെയാകുന്നു സത്യവാന്മാർ" (49:15).

പ്രവാചകനിൽ വിശ്വസിച്ചത് കൊണ്ട് മാത്രം ഒരാൾ വിശ്വാസിയാവുകയില്ല; പ്രവാചകനെ അനുസരിക്കുക കൂടി ചെയ്യണം:

"...അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും നിങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ നന്നാക്കിത്തീർക്കുകയും ചെയ്യുക. നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവെയും റസൂലിനെയും നിങ്ങൾ അനുസരിക്കുകയും ചെയ്യുക" (8:1).

"പറയുക: നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുവിൻ. ഇനി അവർ പിന്തിരിഞ്ഞു കളയുന്ന പക്ഷം അല്ലാഹു സത്യനിഷേധികളെ സ്നേഹിക്കുന്നതല്ല തീർച്ച" (3:31).

"...വല്ലവനും അല്ലാഹുവെയും അവന്റെ റസൂലിനെയും അനുസരിക്കുന്ന പക്ഷം താഴ്ഭാഗത്ത് കൂടി നദികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അവനെ പ്രവേശിപ്പിക്കുന്നതാണ്. വല്ലവനും പിന്തിരിഞ്ഞു കളയുന്ന പക്ഷം വേദനയേറിയശിക്ഷ അവന്നു നൽകുന്നതാണ്" (48:17).

പ്രവാചകനിൽ വിശ്വസിക്കണമെന്നും പ്രവാചകനെ അനുസരിക്കണമെന്നും പിൻതുടരണമെന്നും മുകളിലെ വചനങ്ങളിലൂടെ നമുക്ക് വ്യക്തമാകുന്നു. സ്വർഗത്തിലേക്കുള്ള യാത്രയിൽ വിശ്വാസിയുടെ കർമഭാണ്ഡങ്ങൾ നിറക്കുന്നവയാണ് സുന്നത്തുകൾ അഥവാ പ്രവാചക ചര്യകൾ. ശ്രദ്ധയില്ലായ്മയും അവഗണനയും മൂലം ഒത്തിരി സുന്നത്തുകൾ നമ്മുടെ ജീവിതത്തിൽ നിന്നും നഷ്ടപ്പെട്ടു പോകുന്നുണ്ട്. അതിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് സുന്നത്ത് നമസ്കാരങ്ങൾ. സുന്നത്ത് നമസ്കാരങ്ങളുടെ കൂട്ടത്തിലെ വളരെ പ്രധാന പെട്ട ചില സുന്നത്തുകളാണ് താഴെ വിവരിക്കുന്നത്. സുന്നത്ത് നമസ്കാരങ്ങൾ ഒഴിവാക്കുന്നയാൾ അതിന്റെ പേരിൽ ശിക്ഷിക്കപ്പെടില്ല. അവ ഐഛികമാണ് എന്നർഥം. എന്നാൽ അവ ജീവിതത്തിൽ പ്രാവർത്തികമാക്കിയാൽ ലഭിക്കാനിരിക്കുന്നത് വമ്പിച്ച പ്രതിഫലമാണ്.

ത്വൽഹത്ത്ﷺ ഉദ്ധരിക്കുന്ന ഒരു ഹദീഥ് ബുഖാരിയിലും മുസ്‌ലിമിലും കാണാവുന്നതാണ്. നജ്ദ് നിവാസികളിൽപ്പെട്ട ഒരു വ്യക്തി നബിﷺയുടെ അടുത്ത് വന്നു ഇസ്‌ലാമിനെക്കുറിച്ച് ചോദിക്കുന്നു. അപ്പോൾ നബിﷺ പറഞ്ഞു: 'ഒരു രാവും പകലും കൂടി അഞ്ച് തവണ നമസ്കരിക്കണം.' അപ്പോൾ അദ്ദേഹം ചോദിച്ചു: 'ഇതല്ലാതെ മറ്റു വല്ലതുമുണ്ടോ?' നബിﷺ പറഞ്ഞു: 'നീ സുന്നത്ത് നമസ്കരിച്ചാൽ ഒഴികെ."

നിർബന്ധ നമസ്കാരങ്ങൾക്ക് പുറമെ പ്രവാചകൻﷺ പഠിപ്പിച്ച നമസ്കാരങ്ങളാണ് സുന്നത്ത് നമസ്കാരങ്ങൾ.

റബീഅത്തുബ്നു മാലികിൽ അസ്‌ലമിﷺ പറയുന്നു. നബിﷺ പറഞ്ഞു: 'ആവശ്യമുള്ളത് ചോദിച്ച് കൊള്ളുക.' ഞാൻ പറഞ്ഞു: 'സ്വർഗത്തിൽ താങ്കളോടൊപ്പമുള്ള സഹവാസമാണ് എനിക്ക് താങ്കളോട് ചോദിക്കുവാനുള്ളത്.' നബിﷺ ചോദിച്ചു: 'മറ്റു വല്ലതുമുണ്ടോ?' ഞാൻ പറഞ്ഞ: 'അതു തന്നെയാണുള്ളത്.' അപ്പോൾ നബിﷺ പറഞ്ഞു: 'എന്നാൽ സുജൂദ് (നമസ്ക്കാരം) വർധിപ്പിക്കുക വഴി നിന്റെകാര്യത്തിൽ നീ എന്നെ സഹായിച്ചു കൊള്ളുക' (മുസ്‌ലിം).

ഐച്ഛികമായ നമസ്കാരങ്ങൾ വർധിപ്പിച്ചാൽ ലഭിക്കുന്ന നേട്ടമാണ് ഈ ഹദീഥിൽനിന്ന് വ്യക്തമാകുന്നത്.

**പദവി ഉയർത്തും**

ഥൗബാൻﷺ പറയുന്നു: "അല്ലാഹുവിന്റ ദൂതനോട് സ്വർഗ പ്രവേശനത്തിനുതകുന്ന പ്രവർത്തന ത്തെ കുറിച്ച് ചോദിച്ചു. അപ്പോൾ നബിﷺ പറഞ്ഞു: 'നീ സുജൂദ് വർധിപ്പിക്കുക. അത് മുഖേന അല്ലാഹു നിന്റ പദവികൾ ഉയർത്തും. അത് വഴി നിന്റ പാപങ്ങൾ അല്ലാഹു മായ്ച്ചുകളയുന്നതാണ്'(മുസ്‌ലിം).

നബിﷺ പറഞ്ഞു: "അന്ത്യനാളിൽ മനഷ്യരുടെ കർമങ്ങളിൽ ആദ്യമായി വിചാണ ചെയ്യുക നമസ്കാരത്തെ കുറിച്ചായിരിക്കും. അല്ലാഹു മലക്കുകളോട് പറയും- അവനാണ് കുടുതൽ അറിയുന്നവൻ-എന്റ അടിമയുടെ നമസ്കാരത്തിൽ കുറവോ ന്യൂനതയോ വന്നിട്ടുണ്ടോ? ഇല്ലെങ്കിൽ അവന്റ കർമങ്ങളെ പൂർണമായി രേഖപ്പെടുത്തുക. കുറവ് വല്ലതും സംഭവിച്ചിട്ടുണ്ടെങ്കിൽ അടിമ ഐഛികമായി വല്ലതും നിർവഹിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക. ഉണ്ടെങ്കിൽ നിർബന്ധ നമസ്കാരത്തിൽ വന്ന ന്യൂനതകൾ ഐഛികമായത് കൊണ്ട് പൂർത്തിയാക്കുവിൻ. അപ്രകാരമായിരിക്കും അവന്റ ഓരോ കർമവും സ്വീകരിക്കുക" (സ്വഹീഹുൽ ജാമിഅ്: 2/355).

**സുന്നത്ത് നമസ്കാരത്തിന്റ ഇനങ്ങൾ**

**1. റവാത്തിബ് സുന്നത്ത്:**

നിർബന്ധ നമസ്കാരത്തോടനുബന്ധിച്ചുള്ള നമസ്കാരങ്ങൾക്കാണ് റവാത്തിബ് നമസ്കാരങ്ങൾ എന്ന് പറയുന്നത്.

ഉമ്മുഹബീബﷺ പറയുന്നു: പ്രവാചകൻﷺ പറയുന്നതായി ഞാൻ കേട്ടു: 'ഒരു ദിവസത്തിൽ ആരെങ്കിലും (ഫർദ് നമസ്ക്കാരത്തിന്പുറമെ) പന്ത്രണ്ട് റക്അത്ത് നമസ്കരിക്കുന്നുവെങ്കിൽ സ്വർഗത്തിൽ അവന് ഒരു ഭവനം അല്ലാഹു ഒരുക്കുന്നതാണ്' (മുസ്‌ലിം).

**സുബ്ഹിയുടെ സുന്നത്ത്:**

നബിﷺ പ്രഭാത നമസ്കാരത്തിന് മുമ്പ് രണ്ട് റക്അത്താണ് നമസ്കരിച്ചിരുന്നത്.

"നബിﷺ പ്രഭാതത്തിലെ രണ്ട് റക്അത്തുകളെക്കാൾ ശക്തമായ നിലയിൽ മറ്റ് ഒരു സുന്നത്ത് നമസ്കാരത്തിന്റ മേലും ശ്രദ്ധ പതിച്ചിരുന്നില്ല" (ബുഖാരി, മുസ്‌ലിം).

ആഇശﷺ പറയുന്നു: "സുബ്ഹി നമസ്കാരത്തിന്റ ബാങ്കിന്റയും ഇഖാമത്തിന്റയും ഇടയിൽ ലഘുവായ രണ്ട് റക്അത്ത് നബിﷺ നമസ്കരിക്കുമായിരുന്നു" (മുസ്‌ലിം).

സുബ്ഹിക്കു മുമ്പുള്ള ആ രണ്ട് റകഅത്തുകളിൽ നബിﷺ സൂറത്തുൽ കാഫിറൂനും സൂറത്തുൽ ഇഖ്ലാസും പാരായണം ചെയ്തിരുതായി ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്യന്ന ഹദീഥിൽ വന്നിട്ടുണ്ട്.

**ദുഹ്റിന്റ സുന്നത്ത്**

നബിﷺ പറയുന്നു: "ഒരു ദിവസത്തിൽ ആരെങ്കിലും (ഫർദ് നമസ്കാരത്തിന് പുറമെ) പന്ത്രണ്ട് റ ക്അത്ത് നമസ്കരിക്കുന്നുവെങ്കിൽ സ്വർഗത്തിൽ അവന് ഒരു ഭവനം അല്ലാഹു നിർമിച്ചുകൊടുക്കുന്നതാണ്. ദുഹ്റിന് മുമ്പ് നാല്, ശേഷം രണ്ട്, മഗ്‌രിബിന് ശേഷം രണ്ട്, ഇശാഇന്ന് ശേഷം രണ്ട്, ഫജ്റിന് മുമ്പ് രണ്ട്." പ്രവാചകൻﷺ ദുഹ്റിന്റ സുന്നത്ത് നമസ്കരിച്ചതിനെ കുറിച്ച് ആഇശﷺ പറയുന്നു: "നബിﷺ ദുഹ്റിന് മുമ്പുള്ള നാല് റക്അത്ത് (സുന്നത്ത്) നമസ്കാരം ഉപേക്ഷിക്കാറേ ഉണ്ടായിരുന്നില്ല" (ബുഖാരി)ഴ

**മഗ്‌രിബിന്റ സുന്നത്ത്**

ഇബ്നു ഉമർﷺ പറയുന്നു: "നബിﷺയിൽ നിന്ന് പത്ത് റക്അത്ത് ഞാൻ മനഃപാഠമാക്കിയിരുന്നു. ദുഹ്റിനു മുമ്പ് രണ്ട് റക്അത്ത്, ശേഷം രണ്ട് റക്അത്ത്, മഗ്‌രിബിന് ശേഷം വീട്ടിൽ വെച്ച് രണ്ട് റക്അത്ത്, ഇശാഇന് ശേഷം വീട്ടിൽ വെച്ച് രണ്ട് റക്അത്ത്, സുബ്ഹിക്ക് മുമ്പ് രണ്ട് റക്അത്ത്. നബിﷺ പറഞ്ഞു: 'മഗ്‌രിബ് നമസ്കാരത്തിന്റ ബാങ്കിന്റെയും ഇക്വാമത്തിന്റയും ഇടയിൽ രണ്ട് റക്അത്ത് സുന്നത്തു നമസ്കാരമുണ്ട്.' അബ്ദുല്ലാഹിബ്നു മുഗ്ഫലുൽമുസ്നിﷺ പറയുന്നു. നബിﷺ പറഞ്ഞു: 'മഗ്‌രിബിന് മുമ്പ് നിങ്ങൾ (രണ്ട് റകാഅത്ത്) നമസ്കരിക്കുവിൻ, മഗ്‌രിബിന് മുമ്പ് നിങ്ങൾ നമസ്കരിക്കുവിൻ, പിന്നെ മൂന്നമത്തെ പ്രാവശ്യം പറഞ്ഞു- ഉദ്ദേശിക്കുന്നവർക്കാണത്" (ബുഖാരി).

**ഇശാഇന്റ സുന്നത്ത്**

ഇശാഈന്റ ശേഷം രണ്ട് റക്അത്ത് സുന്നത്ത് നമസ്കാരമുള്ളതായി ഇബ്നു ഉമർﷺവിൽ നിന്നുള്ള ഹദീഥിൽനിന്ന് നാം മനസ്സിലാക്കി.

ഫർദ് നമസ്കാരത്തിൽ മാത്രം അവസാനിപ്പിക്കാതെ ഇത്തരത്തിൽ പ്രമാണങ്ങൾ പഠിപ്പിക്കുന്ന നമസ്കാരങ്ങൾ ജീവിതത്തിൽ പകർത്തി സ്രഷ്ടാവിനോട് കൂടുതൽ അടുക്കുവാൻ നാം ഉത്സാഹം കാണിക്കേണ്ടതുണ്ട്. ●

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com

# മതേതര പാർട്ടികൾ മറന്ന് പോകുന്നത്

മതേതരപാർട്ടികൾ മയക്കം വിട്ടുണരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. രാജ്യം നൂറ്റാണ്ടുകളായി പുലർത്തി പോന്ന ജനാധിപത്യസങ്കൽപം തുടർച്ചയായി പിച്ചിച്ചീന്തി വ്യാവസായികാടിസ്ഥാനത്തിൽ വെറുപ്പുൽപാദനത്തിൽ സകല റെക്കോർഡുകളും ഭേദിച്ച് മോദി ഭരണകൂടം മുന്നേറുമ്പോൾ നമ്മുടെ മതേതര പാർട്ടികളൊക്കെ എന്തെടുക്കുകയാണ്?

എന്തെല്ലാം പോരായ്മകൾ ഉന്നയിക്കുവാൻ സാധിക്കുമെങ്കിലും രാഷ്ട്രം ഉയർത്തിപ്പിടിച്ച ബഹുസ്വരതയുടെയും സഹിഷ്ണുതയുടെയും നല്ല ചിത്രങ്ങൾ ലോക സമൂഹത്തിന്റെ ചുവരിൽ നിന്ന് നീക്കിക്കൊണ്ടാണ് എൻ.ഡി.എ സഖ്യം നിക്ഷിപ്ത അജണ്ടകളുമായി ചുവടുവെക്കുന്നത്.

ഭരണഘടനയെയും ഭരണഘടനാ സ്ഥാപനങ്ങളായ പാർലമെന്റിന്റെ ഇരു സഭകളെയും അവഗണിച്ചു കൊണ്ട് പ്രധാനമന്ത്രിയും പ്രധാന ശിങ്കിടികളും കാട്ടിക്കൂട്ടുന്ന പേക്കൂത്തുകൾക്കെതിരെ ചെറു വിരലനക്കാൻ ആൺകുട്ടികളില്ലേ, പ്രതിപക്ഷനിരയിൽ എന്നതാണ് ഇവിടെ ഉയരുന്ന ഏറ്റവും പ്രസക്തമായ ചോദ്യം!

ഇന്ത്യ നേരിടുന്ന വലിയ വെല്ലുവിളി ഫാഷിസം വിതക്കുന്ന ഭീതിയല്ല, മതേതരചേരി പുലർത്തുന്ന നിസംഗമായ മൗനമാണെന്ന് നാം തിരിച്ചറിയുകയാണ്. വീടിന്റെ ചുമരിൽ കരിക്കട്ട കൊണ്ട് സ്വന്തം പേരെഴുതി വെക്കുന്നതിന് സമാനമായ ബാല്യചാപല്യങ്ങൾ കൊണ്ടു നടക്കുന്ന പ്രധാനമന്ത്രിയെ ശരിയാം വിധം നേരിടുന്നതിൽ പ്രതിപക്ഷം തോറ്റുപോയി എന്ന് പറയേണ്ടി വന്നിരിക്കുന്നു. ശശി തരൂർ, ആനന്ദ് ശർമ, സിതാറാം യെച്ചൂരി, ഇ.ടി, അസദുദ്ദീൻ ഉവൈസി തുടങ്ങിയ ചെറു ശബ്ദങ്ങൾ ഒഴിച്ച് നിർത്തിയാൽ എതിർപക്ഷ നിര ശൂന്യമാണെന്ന് വേണം പറയാൻ.

രാജ്യത്തിന്റെ സാമ്പത്തിക വളർച്ച മുഴുവൻ കൂപ്പുകുത്താൻ നോട്ടുപിൻവലിക്കൽ നടപടി സകല കീഴ്വഴക്കങ്ങളും മറികടന്ന് നടപ്പിലാക്കിയിട്ട് പോലും നോക്കുകുത്തികളായി നോക്കി നിൽക്കാനേ ഇന്ദ്രപ്രസ്ഥത്തിലേക്ക് വണ്ടി കയറിയ കുർത്താധാരികൾക്ക് കഴിഞ്ഞുള്ളൂവെന്ന് തിരിച്ചറിയുമ്പോഴാണ് പ്രതിപക്ഷ നിഷ്ക്രിയതയുടെ ആഴം മനസ്സിലാവുക.

തുച്ഛമായ ഭൗതിക പിൻബലത്തിന്റെയും തകർക്കാനാവാത്ത താത്ത്വിക പശ്ചാത്തലത്തിന്റെയും അടിസ്ഥാനത്തിലല്ല, കേവല ഭൂരിപക്ഷത്തിന്റെ ശതമാനക്കണക്കുകളുടെ ആനുകൂല്യത്തിലാണ് ഇത്തവണ ബി.ജെ.പി ഭരണകൂടത്തിലേറിയതെന്നെല്ലാവർക്കുമറിയാം. ചില കുത്തക കോർപറേറ്റുകളും അന്താരാഷ്ട്ര ഇവന്റ് മാനേജ്മെന്റ് ടീമും മനസ്സുവെച്ചാൽ ഒരു രാജ്യത്തിന്റെ തലവര മാറ്റിയെഴുതാനാവുമെന്ന് വിചാരിക്കുന്നത് വ്യർഥമാണ്. സാഹചര്യങ്ങൾ മനസ്സിലാക്കിയും യാഥാർഥ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ടുമുള്ള പരിഹാരശ്രമങ്ങൾക്ക് മുൻകയ്യെടുക്കാൻ മതേതര പാർട്ടികൾ മറന്നുപോയിരിക്കുന്നു.

ഇരുട്ടിന്റെ തടവറയിൽ ദുരഭിമാനത്തിന്റെ തഴമ്പ് തടവി കാലം കഴിക്കുന്നതിന് പകരം രാജ്യത്തെ ഗ്രസിച്ചു കൊണ്ടിരിക്കുന്ന ഫാഷിസം എന്ന അർബുദം കരിച്ചു കളയാൻ ചെറുതും വലുതുമായ മുഴുവൻ മതേതര പാർട്ടികളും ഒറ്റക്കെട്ടായി രംഗത്തിറങ്ങണം.

രാഷ്ട്രപതി തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഒരുക്കങ്ങൾ അത്തരം വിശാലമായ കൂട്ടായ്മയുടെ രൂപീകരണത്തിന് ഏറ്റവും യോജിച്ച സമയമാണെന്നതിന് സന്ദേഹമില്ല.

കോൺഗ്രസ്സ് മുന്നിൽ നിന്ന് കൊണ്ടു മാത്രമേ ഇത്തരം കൂട്ടായ്മകൾ ഫലപ്രദമാവുകയുള്ളൂവെന്ന് മറ്റു പാർട്ടികൾ തിരിച്ചറിഞ്ഞേ പറ്റൂ. പ്രതാപവും പത്രാസും നഷ്ടപ്പെട്ട പല്ലു കൊഴിഞ്ഞ സിംഹമാണ് തങ്ങളെന്ന കാര്യം കോൺഗ്രസ്സിനും ബോധ്യപ്പെടേണ്ടതുണ്ട്.

കുടുംബരാഷ്ട്രീയത്തിന്റെയും സ്തുതിപാഠകരുടെയും അതിപ്രസരം കൊണ്ടാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് എന്ന വടവൃക്ഷം വെറും പുൽക്കൊടിയായി മാറിയതെന്ന കാര്യം ഹൈക്കമാന്റല്ലാത്ത മുഴുവൻ പേർക്കും ഇതിനകം മനസ്സിലായി കഴിഞ്ഞിട്ടുണ്ട്.

ഫാഷിസ്റ്റ് വിരുദ്ധ ശബ്ദങ്ങൾ ചിതറിപ്പോകാതിരിക്കാൻ അരവിന്ദ് കെജ്രിവാളിന് സാധിക്കും. അസദുദ്ദീൻ ഉവൈസിയെ പോലെയുള്ള തീവ്ര നിലപാടുകൾക്ക് മിതമായ മതേതര ഭാഷ പഠിപ്പിക്കാൻ മുസ്‌ലിം ലീഗിനും പുതിയ തേരാളി കുഞ്ഞാലിക്കുട്ടിക്കും സാധിച്ചേക്കും. തമിഴ് രാഷ്ട്രീയം എത്ര കലങ്ങി മറിഞ്ഞാലും അവർ എന്നും ഫാഷിസ്റ്റ് വിരുദ്ധ ചേരിയിലായിരുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

മമതയും ശരത് പവാറുമടക്കമുള്ള പഴയ കോൺഗ്രസ്സുകാരെയും ബി.എസ്.പിയും എസ്.പിയും ഉൾക്കൊള്ളുന്ന യാദവപ്പടയെയും പൊതു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ഒന്നിച്ച് നിർത്താൻ കഴിയണം. ഫാഷിസത്തെ ബൗദ്ധികമായി നേരിടുന്നതിൽ വിജയിച്ച കക്ഷിയാണ് സി.പി.എം എന്ന കാര്യം വിസ്മരിക്കാൻ കഴിയില്ല. കാക്കിക്കളസമിട്ടവർ കേരളത്തിലടക്കം വളരാതിരിക്കാൻ ഫലപ്രദമായി കരുക്കൾ നീക്കിയതിന്റെ ക്രഡിറ്റ് മാർക്സിസ്റ്റ് പാർട്ടിക്ക് മാത്രം അവകാശപ്പെട്ടതാണ്.

അപ്രായോഗികമായ പ്രത്യയശാസ്ത്ര ശാഠ്യങ്ങളിൽ കിടന്ന് കുരുങ്ങുന്നതിന് പകരം പ്രായോഗികതയിലേക്ക് കണ്ണ് തുറക്കാൻ എല്ലാവരും തയ്യാറാവണം. ഒഴിവ് വരുന്ന രാജ്യസഭാ സീറ്റ് സി.പി.ഐ(എം) സെക്രട്ടറി സിതാറാം യെച്ചൂരിക്ക് നൽകാൻ കോൺഗ്രസ്സ് ഉപാധ്യക്ഷൻ കാണിച്ച മഹാമനസ്കത ഇത്തരം തിരിച്ചറിവിന്റെ ഭാഗമാണ്.

ഫാഷിസം കാട്ടിക്കൂട്ടുന്ന പേക്കൂത്തുകൾ കേവലം സ്വപ്നം മാത്രമായിരുന്നെന്നും മതേതരത്വവും ജനാധിപത്യവും നട്ടെല്ലുയർത്തി നിൽക്കുന്ന നാളുകളാണ് ഇനി വരാനുള്ളതെന്നും ആശ്വസിക്കാനാണ് മനഃസാക്ഷിയുള്ള മുഴുവൻ ഇന്ത്യക്കാരും ആഗ്രഹിക്കുന്നത്. ഈ വഴിയിൽ തിരിച്ചറിവോടെ മുന്നേറാൻ നമ്മുടെ മതേതര രാഷ്ട്രീയകക്ഷികൾ തയ്യാറാകുമെന്ന് പ്രതീക്ഷിക്കാം.

# പീസ് റേഡിയോ രണ്ടാം വർഷത്തിലേക്ക്...




24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

peaceradio
Tune to reality

Scan QR Code

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 29 April 2017

Reg NO: KL/CT/225/2016-18
Price: ₹10/-

ACADEMY OF EXCELLENCE

Let our children learn to live...

**Vision 2025**

# ATTENTION!!

## ASPIRING TO BECOME A GLOBAL LEADER!

# GET-17

Get ready to Conquer, Get ready to Win, Take the GET -2017
(Green Valley- Academy of Excellence Eligibility Test)

Step in to a New World, Learn to Live ...
A Global Eligibility Test for admission to Grade 5 at Academy of Excellence.

5TH MAY 2017 (FRIDAY)
EXAMINATION DATE

Exam Timings:
India: 10 am – 12 pm
GCC Countries: 8 am – 10 am

EXAM CENTRES | Kerala | Dubai | Abu Dhabi | Ajman | Riyadh | Jeddah | Jubail | Dammam | Bahrain | Kuwait | Qatar | Muscat

Registration fee to be paid at the examination centre before appearing the test

## Features:

- Well developed system of learning
- Educational guidance and support
- Life-long learning in focus
- Special focus for islamic studies
- In-service training for teachers
- Exam centres in Kerala and GCC countries
- Residential system
- Learning friendly environment
- Schooling @ premier public school affiliated to CBSE New Delhi
- Self assessment approach of evaluation

For More details and registration,
**greenvalleycampus.org**
greenvalleyaoe@gmail.com
**Call: 9496 60 69 60**



inspire FOUNDATION FOR EDUCATIONAL EXCELLENCE

GREEN VALLEY INSTITUTIONS

Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode
E-mail: greenvalleyinstitutions@gmail.com
www.greenvalleycampus.org